**JEEVA MOZHIKAL** RNI/KERBIL/-2003/21404
**April 2009** www.jeevamozhikal.org

Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

## ഇത്രത്തോളം....

എഫ് ഡബ്ള്യു ബോർഹാം എന്ന ദൈവഭക്തൻ തന്റെ മാതാപിതാക്കൾ ഒരു പ്രതിസന്ധിയെ അഭിമുഖീകരിച്ച സന്ദർഭം തന്റെ ആത്മകഥയിൽ വിവരിക്കുന്നുണ്ട്.

ബോർഹാമിന്റെ മാതാപിതാക്കൾക്ക് ഒരു ദിവസം ഒരു വലിയ പ്രശ്നത്തെ നേരിടേണ്ടി വന്നു. തങ്ങളുടെ ജീവിതം തന്നെ തകർന്നുപോകുമെന്നു തോന്നിയ സമയം. എന്തു ചെയ്യണം? ഒരു രൂപവുമില്ല.

ബോർഹാമിന്റെ അമ്മ ഇളയ കുഞ്ഞിനെ തോളിൽ കിടത്തിക്കൊണ്ട് അസ്വസ്ഥയായി അടുക്കളയിലൂടെ അങ്ങോട്ടും ഇങ്ങോട്ടും നടക്കുകയാണ്. പെട്ടെന്ന് അവരുടെ നോട്ടം ഭിത്തിയിലെ കലണ്ടറിൽ പതിഞ്ഞു. 'ഇത്രത്തോളം ദൈവം സഹായിച്ചു' എന്ന വാക്യം ആ കലണ്ടറിന്റെ ഒരു കോണിൽ അച്ചടിച്ചിരുന്നതിലാണ് അവരുടെ കണ്ണുകൾ പതിഞ്ഞത്.

'ഇത്രത്തോളം ഈ നിമിഷം വരെയും നടത്തിയ ദൈവ'ത്തെക്കുറിച്ചോർത്തപ്പോൾ അവൾ നിറഞ്ഞ കണ്ണുകളോടെ വിങ്ങിപ്പൊട്ടി. ബർഹാമിന്റെ പിതാവു വന്നപ്പോൾ അദ്ദേഹത്തോടും അവർ ഈ കാര്യം പറഞ്ഞു. അദ്ദേഹം ഈ വാക്യം വെട്ടിയെടുത്ത് ഫ്രെയിം ചെയ്ത് ഭിത്തിയിൽ തൂക്കി. അതോടെ അവരുടെ ഭാവിയെക്കുറിച്ചുള്ള ഉത്ക്കണ്ഠ കെട്ടടങ്ങി. ദിവ്യമായ ഒരു സമാധാനം അവരെ ഭരിച്ചു. തുടർന്ന്പ്രതിസന്ധിയെ ശാന്തമായി തരണം ചെയ്യാനും അവർക്കു സാധിച്ചു.(1 ശമു.7:12).


## 'ജീവമൊഴി'യുടെ ആഭിമുഖ്യത്തിൽ

### അർദ്ധദിന സമ്മേളനം എറണാകുളത്ത്

**സ്ഥലം** : **എറണാകുളം ടൗണിൽ ഇടപ്പള്ളി ടോൾ ജംക്ഷനു സമീപം**
(ഇടപ്പള്ളി ബേക്കറിയുടെ മുകളിൽ ഏവീസ് ബിൽഡിങ്ങിന്റെ രണ്ടാം നില)

**സമയം** : **മേയ് 1 വെള്ളി രാവിലെ 10 മുതൽ 1 വരെ**

**ചിന്താവിഷയം** : **ആരാധനയുടെ അർത്ഥതലങ്ങൾ**

ജീവമൊഴി വായനക്കാരും വരിക്കാരും സത്യാന്വേഷികളുമായഏവർക്കും സ്വാഗതം.

**Contact nos** : 09961736969; 0484 2401727


Printed, Published and owned by T. IPe. Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam, Tel: 2569847. Editor-Geoji. T. Samuel.

# ജീവമൊഴികൾ

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

വാല്യം 7 – ലക്കം 4 ഏപ്രിൽ 2009 Rs. 7.00




**ഞാൻ വിശ്വസിക്കുന്നു ഞാൻ സംസാരിക്കുന്നു**
സാക് പുന്നൻ

**താഴ്മ: വിശുദ്ധിയുടെ സൗന്ദര്യം**
ആൻഡ്രൂ മുറേ

**പ്രാർത്ഥനയ്ക്കുള്ള തടസ്സങ്ങൾ**
ആർ ഏ ടോറി

**മാതാപിതാക്കളും മക്കളും**
ജോസ് മാത്യു

# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ 6: 68)*

വാല്യം 7 ഏപ്രിൽ ലക്കം 4



## എഡിറ്റോറിയൽ ബോർഡ്

**ജോജി ടി. സാമുവൽ** (കോട്ടയം)
**ജോസ് മാത്യു** (തിരുവനന്തപുരം)
**മാത്യു ജോർജ്** (തിരുവല്ല)
**ബോബി ചെറിയാൻ** (റാന്നി)
**സാജു ജോസഫ്** (ആലപ്പുഴ)

**മാനേജർ**
**ജേക്കബ് മാത്യു** (കായംകുളം)
ഫോൺ: 0479-2472643 (Res.)


**'മാസിക കിട്ടിയില്ല' തുടങ്ങിയ സർക്കുലേഷൻ സംബന്ധമായ പരാതികൾക്കു താഴെ ചേർക്കുന്ന നമ്പറുകളിൽ ഏതുസമയത്തും ബന്ധപ്പെടാവുന്നതാണ്:**
9495234087/9249516234

## വാർഷികവരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :


**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള-686 016, ഫോൺ: 0481-2392753,
e-mail : jeevamozhikal@gmail.com
www.jeevamozhikal.org


**മൂന്നുവർഷം വരെയുള്ള വരിസംഖ്യ ഒന്നിച്ചടയ്ക്കാവുന്നതാണ്.**

## വിദേശപ്രതിനിധികൾ


**യു. എസ്. എ**
ബിനോയി ജയിംസ്
ഫോൺ : 512990-2808 (R)
512826-5028 (O)
E-mail: benoyjames@hotmail.com

**ദുബായ്**
ഫ്രാൻസിസ് ജോൺ (റജി)
E-mail: **francis.reji@gmail.com**


## മൊഴി മുത്ത്



### നിഗളവും താഴ്മയും.

ധനത്തിലോ ഏറെ സ്വാധീനശക്തിയുള്ള സുഹൃത്തുക്കളിലോ പ്രശംസിക്കരുത്. നിങ്ങൾക്ക് എല്ലാം തരുന്ന, അതിലുപരി തന്നെത്തന്നെ തരുവാൻ ആഗ്രഹിക്കുന്ന ദൈവത്തിലായിരിക്കട്ടെ നിങ്ങളുടെ പ്രശംസ.

സൗന്ദര്യത്തെക്കുറിച്ചു പ്രശംസിക്കരുത്; ചെറിയ ഒരു രോഗത്തിനു നിങ്ങളുടെ സൗന്ദര്യം ഇല്ലാതാക്കുവാൻ കഴിയുമല്ലോ നിങ്ങളുടെ കഴിവിലോ സാമർത്ഥ്യത്തിലോ അഹങ്കരിക്കരുത്. പ്രകൃത്യാ നിങ്ങൾക്കുള്ളതെല്ലാം തന്ന, എല്ലാ നല്ല കാര്യങ്ങളും നൽകിയ, ദൈവത്തിന്റെ മുമ്പാകെ അതു പ്രസാദകരമായിരിക്കുകയില്ല.

മറ്റു പലരെക്കാളും നിങ്ങൾ ഭേദമാണെന്ന ചിന്തയെ നിരാകരിക്കുക. അല്ലാത്ത പക്ഷം അത്തരം നിഗളചിന്തകൾ മൂലം നിങ്ങളെ പൂർണ്ണമായി അറിയുന്ന ദൈവം അവരെക്കാൾ മോശമായി നിങ്ങളെ കണക്കാക്കും.

നമ്മുടെ നന്മപ്രവൃത്തികളെക്കുറിച്ചുള്ള പ്രശംസ നിരർത്ഥകമാണ്. കാരണം നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ കണക്കുകൂട്ടലുകൾ നമ്മുടേതിൽ നിന്നു വ്യത്യസ്തമായിരിക്കും. നിങ്ങളിൽ എന്തെങ്കിലും നന്മയുണ്ടെന്നു കരുതുന്നുവെങ്കിൽ മറ്റുള്ളവരിൽ അതിനെക്കാൾ നന്മയുണ്ടെന്നു വിശ്വസിക്കുക. ഇതു നിങ്ങളെ താഴ്മയിൽ സൂക്ഷിക്കും

-തോമസ് അക്വിനാസ്.

## The Wonders of the Human Body-IV

*"I will praise you, for I am fearfully and WOnderfully made. Marvelous are your works. And that my soul knows very well"* (Psalms. 139:14)

### SMELL

It is estimated that the average person can identify at least 4000 odors.A few people have the capacity to discern 10000! But that's nothing to brag about! A dog can surpass a human being in this skill. A third of it's brain is devoted to scent. That's why certain dogs are used to find lost persons and track down criminals.They have extraordinary power to sense scents.The nose knows fragrances that are indistinguishable in laboratary experiments.

It is truly amazing that we can recognize an odor we may not have smelled since childhood. How can a distinctive odor be stored that long in the brain? Some scents trigger a flow of saliva, others bring forth the single word: "*yuk*"

## പെരുവഴിയിലെ മുന്നറിയിപ്പ്




© 2006 Michael D. Waters
www.joyfultoons.com

ഇടുക്കു വാതിലിലൂടെ അകത്തു കടപ്പീൻ. നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽകൂടി കടക്കുന്നവർ അനേകരും ആകുന്നു. *(മത്തായി.7:13)*

**എഡിറ്റോറിയൽ**

# താഴ്മ

**താ**ഴ്മ ഒരു താഴ്‌വരയാണോ?



ജോൺ ബനിയൻ അങ്ങനെയാണ് ചിത്രീകരിച്ചിരിക്കുന്നത്. 'പരദേശിമോക്ഷയാത്ര'യിൽ സീയോൻസഞ്ചാരികൾ കടന്നുപോകുന്ന അതീവഹൃദ്യമായ ഒരു താഴ്‌വരയാണ് താഴ്മയുടെ താഴ്‌വാരം. ക്രിസ്ത്യാനിയുടെ ഭാര്യ ക്രിസ്തീന കുഞ്ഞുങ്ങളുമൊത്ത് ഇതുവഴി കടന്നു പോകുമ്പോൾ വഴികാട്ടിയായ ധൈര്യഹൃദയൻ ആ സ്ഥലത്തെ ഇങ്ങനെ വിവരിക്കുന്നു: "ഈ താഴ്‌വരയിലായിരുന്നു നമ്മുടെ കർത്താവ് തന്റെ ഭവനം മുമ്പ് പണിതത്. ഇവിടെ താമസിക്കുന്നതിലും ഇവിടുത്തെ കാറ്റ് വളരെ ഹൃദ്യമായിട്ടുള്ളതിനാൽ ഇവിടെ നടന്ന് ആശ്വസിക്കുന്നതിലും അവിടുന്ന് വളരെ സന്തോഷമുള്ളവനായിരുന്നു. വിശേഷിച്ച്, ഒരു മനുഷ്യൻ ഇവിടെ വന്നാൽ അവന് ഈ ലോകത്തിലെ ശബ്ദകോലാഹലങ്ങളിൽ നിന്നും ബഹളങ്ങളിൽ നിന്നും സ്വസ്ഥതയും മനസ്സുഖവും പ്രാപിക്കാൻ കഴിയും. ഈ സ്ഥലം ഒഴിച്ച് മറ്റേതു സ്ഥലത്തും ശബ്ദകോലാഹലങ്ങളും കുഴപ്പങ്ങളും ഉണ്ടാകാതിരിക്കുകയില്ല. സീയോൻപട്ടണത്തിലേക്കുള്ള സഞ്ചാരികൾ അല്ലാതെ ആരും ഈ വഴിയേ പോകാറില്ല."

താഴ്മയെക്കുറിച്ച് എത്ര കൃത്യമായ ഒരു നിരീക്ഷണം! സീയോൻ സഞ്ചാരികളല്ലാതെ ആരും താഴ്മയുടെ വഴിയിലൂടെ പോകാറില്ല എന്നു പറയുമ്പോൾ അത് ഇന്നത്തെ ലോകത്തെക്കുറിച്ചുള്ള വളരെ ശരിയായ ഒരു വിലയിരുത്തലാണെന്ന് സമ്മതിക്കേണ്ടി വരും. താഴ്മ അവശ്യം വേണ്ട ഒരു ഗുണമാണെന്നു കരുതുന്നവർ ഇന്നത്തെ സമൂഹത്തിൽ എത്ര പേരുണ്ട്? താഴ്മയോടെ ഒതുങ്ങി നിൽക്കുന്നവനെ 'ജീവിക്കാനറിഞ്ഞു കൂടാത്തവൻ' എന്നാണ് സമൂഹം മുദ്രകുത്തുന്നത്. മറിച്ച് നിഗളത്തിന്റെ നെഞ്ചു വിരിച്ച് എവിടെയും തള്ളിക്കയറുന്നവൻ ലോകത്തിന്റെ കണ്ണിൽ 'മിടുക്ക'നാണ്! അതുകൊണ്ടു തന്നെ ഇന്നത്തെ സമൂഹത്തിൽ 'ഞാൻ, ഞാൻ മാത്ര,മെന്നു പറഞ്ഞ് അഹന്തയുടെ കുന്നുകൾ ഓടിക്കയറുന്നവരാണേറെയും. താഴ്മയുടെ താഴ്‌വാരങ്ങളിൽ നടക്കാനിറങ്ങുന്നവർ സീയോൻസഞ്ചാരികൾ മാത്രമായിരിക്കും.

സീയോൻസഞ്ചാരികളുടെ നായകനായ കർത്താവ് ഈ ഭൂമിയിലായിരുന്നപ്പോൾ വീടുവച്ചു പാർത്തിരുന്നതും താഴമയുടെ താഴ്‌വരയിലായിരുന്നു എന്നാണ് ബനിയന്റെ ഭാവന. പക്ഷേ അതു ശരിയല്ലേ? യേശുകർത്താവു പറയുന്നതു ശ്രദ്ധിക്കുക: "ഞാൻ സൗമ്യതയും താഴ്മയുമുള്ളവനാകയാൽ........എന്നോടു പഠിപ്പിൻ."(മത്തായി.11:29) ഇവിടെ പാർക്കുന്നവർ ശബ്ദകോലാഹലങ്ങളിൽ നിന്നും ബഹളങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കും എന്ന കണ്ടെത്തലും വചനത്തോടു ചേർന്നു പോകുന്നു. യേശുവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത് "അവൻ കലഹിക്കയില്ല. നിലവിളിക്കയില്ല. ആരുംതെരുക്കളിൽ അവന്റെ ശബ്ദം കേൾക്കുകയുമില്ല"എന്നാണല്ലോ.(മത്തായി.12:18)

താഴ്മയും സൗമ്യതയും—അതു തന്നിൽ നിന്നും പഠിക്കുവാനാണ് യേശു നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നത്. അതുകൊണ്ടു തന്നെ അവ എന്താണെന്നു നാം ജാഗ്രതയോടെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

താഴ്മയും സൗമ്യതയും തമ്മിൽ എന്താണ് വ്യത്യാസം? രണ്ടും ഒന്നു തന്നെയാണെന്നു പലരും കരുതുന്നു. എന്നാൽ രണ്ടും തമ്മിൽ നേരിയ വ്യത്യാസം ഉണ്ട്. താഴ്മ നമ്മുടെ ഉള്ളിൽ ഉള്ളതാണ്. സൗമ്യത നമ്മിൽ നിന്നു പുറത്തേക്ക് വരുന്നതാണ്. താഴ്മ നാമും ദൈവവും തമ്മിലുള്ള ബന്ധത്തിൽ ഉളവാകുന്നതാണെങ്കിൽ സൗമ്യത, നാമും മനുഷ്യരും തമ്മിലുള്ള പെരുമാറ്റത്തിൽ പ്രകടമാകുന്നതാണ്. താഴ്മയും സൗമ്യതയും തമ്മിലുള്ള ബന്ധമോ? നമ്മിലുള്ള താഴ്മയ്ക്ക് ആനുപാതികമായിരിക്കും നമ്മുടെ സൗമ്യത. താഴ്മയുടെ ബഹിർസ്ഫുരണമാണ് സൗമ്യത. സൗമ്യത താഴ്മയുടെ അളവുകോലും.

ഇവ ഒന്നൊന്നായി യേശുവിന്റെ ജീവിതത്തോടുള്ള ബന്ധത്തിൽ നമുക്ക് പരിശോധിക്കാം.

യേശുവിനു പിതാവിനോടുള്ള ബന്ധത്തിൽ ഉണ്ടായിരുന്ന എളിയ ഭാവമായിരുന്നു അവിടുത്തെ താഴ്മ. ഈ താഴ്മയെ പൗലൊസ് ഏഴു പടികളിലൂടെയുള്ള ഒരു അവരോഹണമായി ചിത്രീകരിച്ചിരിക്കുന്നു.(ഫിലി.4:5-8). പിതാവിനോടുള്ള ബന്ധത്തിൽ തന്റെ ഉള്ളിലുണ്ടായിരുന്ന ഈ തികഞ്ഞ താഴ്മ മനുഷ്യരോടുള്ള പെരുമാറ്റത്തിൽ സമ്പൂർണ്ണ സൗമ്യതയായി പ്രതിഫലിച്ചു. തന്റെ അവകാശങ്ങൾ നിഷേധിക്കപ്പെട്ടപ്പോൾ അവിടുന്ന് വിനയത്തോടെ പ്രതികരിച്ച വിധം പത്രോസും യെശയ്യാവും വിവരിക്കുന്നതു കാണുക.(1പത്രോ.2:23; യെശ.53:7)

'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും' എന്ന വചനം അനുസരിച്ച് തന്നെ പീഡിപ്പിച്ച എല്ലാവരിലും യേശു തന്റെ പിതാവിന്റെ കരം ആണ് കണ്ടത്. 'പിതാവ് എനിക്കു തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ?' എന്നുചോദിച്ച അവിടുന്ന് തന്നെ ഞെരുക്കിയ ആരുടെ കയ്യിൽ നിന്നും അതു വാങ്ങി പാനം ചെയ്യാൻ തക്കവണ്ണം തന്നെത്തന്നെ വിനയപ്പെടുത്തുകയും ചെയ്തു. ശിഷ്യന്മാരുടെ കാലുകളെ കഴുകുവാൻ യേശു തുനിഞ്ഞത് 'പിതാവ് സകലവും തന്റെ കയ്യിൽ തന്നിരിക്കുന്നുവെന്നും താൻ ദൈവത്തിന്റെ അടുക്കൽ നിന്നു വന്നു ദൈവത്തിന്റെ അടുക്കൽ പോകുന്നു എന്നും അറിഞ്ഞ, പശ്ചാത്തലത്തിലാണെന്നത് (യോഹ.13:3-5) ആ സൗമ്യതയുടെ ആഴമല്ലേ വെളിവാക്കുന്നത്?

ഈ സൗമ്യതയുടെ തന്നെ ജ്വലിക്കുന്ന മറ്റൊരു മുഖമാണ് യേശു ചമ്മട്ടിയുമായി ആലയത്തെ ശുദ്ധീകരിച്ചപ്പോഴും തന്റെ ശിഷ്യന്മാരെ തുറന്നു ശാസിച്ചപ്പോഴും പ്രകടമായത്.(യോഹ.2:13-16; മത്താ.20:23; ലൂക്കോ.9:55; മത്താ.16:23)

യേശുവിന്റെ ഈ താഴ്മയും സൗമ്യതയും തന്നിൽനിന്നു തന്നെ പഠിക്കുവാൻ ഒരു ഒഴികഴിവിനും ഇടമില്ലാതെ അവിടുന്നു വ്യക്തമായി കൽപിച്ചിരിക്കുകയാണ്.(മത്താ.11:29) ഈ കാര്യത്തിലും നമുക്കു പിൻതുടരുവാൻ അവിടുന്ന് ഒരു മാതൃക വച്ചേച്ചു പോയിരിക്കുന്നു.(1പത്രോ.2:21)

എന്തിനാണ് തന്റെ താഴ്മയുടെയും സൗമ്യതയുടെയും ചുവടുകൾ പിന്തുടരുവാനും അവ തന്നിൽ നിന്നു പഠിക്കുവാനും യേശു നമ്മോടു പറഞ്ഞിരിക്കുന്നത്? അതു നമ്മുടെ തന്നെ നന്മയ്ക്കുവേണ്ടിയാണ്. രണ്ടു വചനങ്ങൾ ശ്രദ്ധിക്കുക: 'ദൈവം താഴ്മയുള്ളവർക്ക് കൃപ നൽകുന്നു'. (1പത്രോ.5:5; യാക്കോ.4:6) 'സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ അവർ ഭൂമിയെ കൈവശമാക്കും' (മത്താ.5:5) താഴ്മയുള്ളവർ കൃപയുള്ളവരാണ്! സൗമ്യതയുള്ളവർ ഭാഗ്യമുള്ളവരാണ്!!

**(ശേഷം പേജ് 13 ൽ)**

സന്ദേശം

# താഴ്മ:വിശുദ്ധിയുടെ സൗന്ദര്യം

ആൻഡ്രു മുറേ

**മൂ**ന്നു വസ്തുതകളാണ് നമുക്ക് താഴ്മയ്ക്കുള്ള പ്രേരണ തരുന്നത്. ഒന്ന്: നാം സൃഷ്ടികളാണെന്ന സത്യം. രണ്ട്: നമ്മൾ പാപികളാണെന്ന ബോധ്യം. മൂന്ന്: നാം വിശുദ്ധന്മാരാണെന്ന യാഥാർത്ഥ്യം. ഈ വിഷയത്തെക്കുറിച്ചുള്ള മിക്ക പഠിപ്പിക്കലുകളും ഇതിൽ നാം പാപികളാണെന്ന സത്യത്തിനാണ് കൂടുതൽ ഊന്നൽ നൽകുന്നത്. ഫലം, നാം താഴ്മയിൽ തുടരണമെങ്കിൽ നാം പാപം ചെയ്തുകൊണ്ടേയിരിക്കണമെന്നുപോലും പലരും ചിന്തിച്ചു പോകുന്നു. മറ്റു ചിലർ ചിന്തിക്കുന്നത് നിരന്തരം സ്വയം വിധിക്കുന്നതാണ് താഴ്മയുടെ രഹസ്യം എന്നാണ്. പക്ഷേ പാപമല്ല നമ്മെ കൂടുതൽ വിനയപ്പെടുത്തുന്നത്; മറിച്ച് കൃപയാണ്. തന്റെ പാപപ്രകൃതിയെക്കുറിച്ചുള്ള ചിന്തയിൽ വ്യാപൃതനായിരിക്കുന്നവനല്ല, മറിച്ച് ദൈവത്തെയും അവന്റെ മഹത്വത്തെയും കുറിച്ചുള്ള ചിന്തയിൽ മുഴുകിയവനാണ് ദൈവമുമ്പാകെ ഏറ്റവും എളിയ സ്ഥാനം എടുക്കുന്നത്.

"ഞാൻ ഹൃദയത്തിൽ താഴ്മയുള്ളവനാകയാൽ എന്നിൽ നിന്നു പഠിപ്പീൻ" എന്നാണ് യേശു പറഞ്ഞ



**താഴ്മയുടെ അഭാവം അഥവാ നിഗളം— അതാണ് എല്ലാ പാപത്തിന്റെയും തിന്മയുടെയും തായ്‌വേര്.**

ത്.(മത്തായി.11:29) താഴ്മയിൽ അവിടുന്ന് നമുക്കു മാതൃകയാണെങ്കിൽ അവിടുത്തെ വിനയം എന്തിൽ അധിഷ്ഠിതമായിരിക്കുന്നു എന്ന് മനസ്സിലാക്കിയിരിക്കണം. ഒരു ദാസന്റെ വേഷമെടുത്താണ് യേശു തന്റെ മഹത്വം കണ്ടെത്തിയത്.അങ്ങനെ എല്ലാവരുടെയും ദാസനായിരിക്കുന്നതാണ് ദൈവികവും സ്വർഗ്ഗീയവും എന്ന് അവിടുന്ന് തെളിയിച്ചു.

പാപങ്ങൾ നിമിത്തം തകരുന്നതിന് അപ്പുറത്തുള്ള ഒരു കാര്യമാണ് താഴ്മ. യേശുവിന്റെ ജീവനിൽ പങ്കാളിയാകുന്നതാണത്. വിശുദ്ധി അന്വേഷിക്കുന്ന പലരിലും താഴ്മ കാണുന്നില്ലെന്നതു നിർഭാഗ്യകരമാണ്. യഥാർത്ഥമായ ആത്മാവിന്റെ ഫലം പുറപ്പെടുന്നത് താഴ്മ എന്ന വേരിൽ നിന്നാണ്. യേശുവുമായുള്ള യഥാർത്ഥകൂട്ടായ്മയ്ക്കു വേണ്ട അത്യന്താപേക്ഷിതമായ കാര്യവും ഇതുതന്നെ.

താഴ്മയുടെ അഭാവം അഥവാ നിഗളം--അതാണ് എല്ലാ പാപത്തിന്റെയും തിന്മയുടെയും തായ്‌വേര്. നിഗളം ഏറ്റവും വലിയ മാലാഖയെ പിശാച് ആക്കി മാറ്റി. മറുവശത്ത് താഴ്മ വീണുപോയ മനുഷ്യനെ ഉയർത്തി ദൂതന്മാരുടെ സിംഹാസനത്തിൽ ഇരുത്തി. എല്ലാ തിന്മയും ആരംഭിക്കുന്നത് നിഗളത്തിൽ നിന്നും എല്ലാ നന്മയും ആരംഭിക്കുന്നതു താഴ്മയിൽ നിന്നുമാണെന്ന വലിയ സത്യം നിത്യത മുഴുവൻ കാട്ടിക്കൊടുക്കുന്നതിനു വേണ്ടിയാണ് ദൈവം ഭൂമിയിൽ ഒരു പുതിയ വർഗ്ഗത്തെ സൃഷ്ടിച്ചത്. ദൈവകുഞ്ഞാടിന്റെ താഴ്മ നമ്മിൽ രൂഢമൂലമായില്ലെങ്കിൽ നമ്മുടെ ജഡത്തിലെ തിന്മകളെ നമുക്കൊരിക്കലും ജയിക്കാൻ സാധ്യമല്ല.

നമ്മിലെ നിഗളം മരിച്ചേ മതിയാകൂ; അല്ലെങ്കിൽ സ്വർഗ്ഗീയമായ യാതൊന്നിനും നമ്മിൽ ജീവിക്കുവാൻ കഴിയുകയില്ല. നിഗളത്തെ ഒരു തെറ്റായ സ്വഭാവം, താഴ്മയെ അന്തസ്സുള്ള ഒരു ഗുണം എന്നീ മട്ടിലല്ല നോക്കിക്കാണേണ്ടത്. ഒന്ന് മുഴുവൻ നരകവും മറ്റേത് പൂർണ്ണമായും സ്വർഗ്ഗവുമാണ്. നിങ്ങളിൽ നിഗളം ഉണ്ടെങ്കിൽ ലൂസിഫർ നിങ്ങളിൽ സജീവമായി വ്യാപരിക്കുന്നു. യഥാർത്ഥതാഴ്മ നിങ്ങളിൽ ഉണ്ടോ? എങ്കിൽ നിങ്ങളിൽ ക്രിസ്തു ഉണ്ട്. നിഗളം ആത്മാവിനു വരുത്തിവയ്ക്കുന്ന നിത്യമായ നാശം നിങ്ങൾ കണ്ടിരുന്നെങ്കിൽ ആ വിഷപ്പാമ്പിനെ നിങ്ങളിൽ നിന്നു പറിച്ചു നീക്കുവാൻ നിങ്ങൾ കണ്ണീരോടെ ദൈവത്തോടപേക്ഷിക്കുമായിരുന്നു-ഒരുപക്ഷേ ആ പ്രക്രിയ നിങ്ങളുടെ കണ്ണോ കൈയോ നഷ്ടപ്പെടുത്തുമെങ്കിൽ പോലും. ദൈവാത്മാവിനു നിങ്ങളിൽ വസിപ്പാൻ ഇടമൊരുക്കുവാൻ താഴ്മയ്ക്കു മാത്രമേ കഴിയുകയുള്ളു എന്നു കണ്ടിരുന്നെങ്കിൽ ഈ ലോകത്തിന്റെ നേരിയ മഹത്വമെങ്കിലും നേടുന്നതിനേക്കാൾ അതിന്റെ ചവിട്ടുമെത്തയാകുവാൻ നിങ്ങൾ വാഞ്ഛിക്കുമായിരുന്നു.

നമ്മിലെ നിഗളം മരിച്ചേ മതിയാകൂ; അല്ലെങ്കിൽ സ്വർഗ്ഗീയമായ യാതൊന്നിനും നമ്മിൽ ജീവിക്കുവാൻ കഴിയുകയില്ല. നിഗളത്തെ ഒരു തെറ്റായ സ്വഭാവം, താഴ്മയെ അന്തസ്സുള്ള ഒരു ഗുണം എന്നീ മട്ടിലല്ല നോക്കിക്കാണേണ്ടത്. ഒന്ന് മുഴുവൻ നരകവും മറ്റേത് പൂർണ്ണമായും സ്വർഗ്ഗവുമാണ്. നിങ്ങളിൽ നിഗളം ഉണ്ടെങ്കിൽ ലൂസിഫർ നിങ്ങളിൽ സജീവമായി വ്യാപരിക്കുന്നു. യഥാർത്ഥതാഴ്മ നിങ്ങളിൽ ഉണ്ടോ നിങ്ങളിൽ ക്രിസ്തു ഉണ്ട്.

നിഗളവും സ്വയപ്രശംസയും നര





കത്തിന്റെ പടിവാതിൽ തന്നെയാണ്. അതുകൊണ്ട് യഥാർത്ഥതാഴ്മയിലേക്ക് വരുന്നതു മാത്രമാണ് രക്ഷ. യേശു സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്ക് താഴ്മയെ കൊണ്ടുവന്നത് നമ്മെ അതിന്റെ പങ്കാളികളാക്കുവാനും രക്ഷിക്കുവാനും വേണ്ടിയാണ്. ക്രിസ്തുവിന്റെ ഗുണങ്ങൾക്ക് തഴച്ചു വളരുവാൻ കഴിയുന്ന വളക്കൂറുള്ള മണ്ണ് താഴ്മ മാത്രമാണ്.

നമ്മുടെ ഓരോ തോൽവിയും താഴ്മയുടെ അഭാവം കൊണ്ടുണ്ടാകുന്നതാണ്. മറ്റു നന്മകളോ കൃപയോ പോലുള്ള കേവലം ഒരു നന്മയോ കൃപയോ അല്ല താഴ്മ. എല്ലാ നന്മയുടെയും കൃപയുടെയും തായ്‌വേര് തന്നെയാണത്.

എല്ലാ പൂർണ്ണമനസ്കരായ ക്രിസ്ത്യാനികളുടെയും പ്രകടവും അറിയപ്പെടുന്നതുമായ സ്വഭാവത്തിലെ പ്രത്യേകത താഴ്മയായിരിക്കും. അതു സ്വയമേ ഉണ്ടാകുന്നതല്ല. വളരെ പ്രാർത്ഥനയുടെയും സഹിഷ്ണുതയോടെ ദൈവത്തെ അന്വേഷിച്ചതിന്റെയും ഫലമാണത്.

ക്രിസ്തുവിന്റെ താഴ്മ എത്രത്തോളം നമ്മുടെജീവിതത്തിലില്ല എന്നു കണ്ടെത്തുകയാണ് നമ്മുടെ ഏറ്റവും വലിയ ആവശ്യം.നാമതു കണ്ടെത്തിയാൽ ആ താഴ്മ പ്രാപിക്കുവാൻ സ്വയമേ നാം എത്രയോ അപ്രാപ്തരും കഴിവില്ലാത്തവരുമാണെന്നു ബോധ്യപ്പെടും.

സ്നേഹമില്ലായ്മ, മറ്റുള്ളവരുടെ വികാരങ്ങളോടും ബലഹീനതകളോടുമുള്ള അവഗണന,മൂർച്ചയുള്ള വാക്കുകൾ, തിടുക്കത്തിലുള്ള വിധിപ്രസ്താവനകൾ, അസഹിഷ്ണുത, ഈർഷ്യ, കൈപ്പ്, വിദ്വേഷം- ഇവയുടെ എല്ലാം വേര് ഒന്നിൽ തന്നെയാണ്-മറ്റുള്ളവരുടെ മാനം തേടുകയും സ്വന്തനേട്ടം അന്വേഷിക്കുകയും ചെയ്യുന്ന നിഗളത്തിൽ.

കിസ്ത്യാനികളുടെ പ്രകടവും അറിയപ്പെടുന്നതുമായ സ്വഭാവത്തിലെ പ്രത്യേകത താഴ്മയായിരിക്കും. അതു സ്വയമേ ഉണ്ടാകുന്നതല്ല. വളരെ പ്രാർത്ഥനയുടെയും സഹിഷ്ണുതയോടെ ദൈവത്തെ അന്വേഷിച്ചതിന്റെയും ഫലമാണത്. ക്രിസ്തുവിന്റെ താഴ്മ എത്രത്തോളം നമ്മുടെജീവിതത്തില്ലില്ല എന്നു കണ്ടെത്തുകയാണ് നമ്മുടെ ഏറ്റവും വലിയ ആവശ്യം.

ഭൂമിയിലെ ജീവിതത്തിൽ യേശു നിരന്തരം ഒന്നുമല്ലാതാകാൻ ശ്രമിച്ചു. ദൈവം തന്റെ എല്ലാമാകാൻ വേണ്ടിയായിരുന്നു അത്. തന്റെ ഇച്ഛയും കഴിവുകളും പൂർണ്ണമായും പിതാവിനു സമർപ്പിച്ചു. അതുകൊണ്ട് പിതാവിനു യേശുവിലൂടെ പ്രവർത്തിക്കുവാൻ കഴിഞ്ഞു. പൂർണ്ണസന്തോഷവും സമാധാനവും നൽകുന്ന ജീവിതം ഇതാണെന്ന് യേശു കണ്ടെത്തി.. തന്റെ എല്ലാം പിതാവിനു സമർപിച്ചതുകൊണ്ട് സത്യത്തിൽ അവിടുത്തേക്ക് ഒന്നും നഷ്ടപ്പെട്ടില്ല. പിതാവു പുത്രനെ ആദരിക്കുകയും അവിടുത്തേക്കു വേണ്ടതെല്ലാം ചെയ്തുകൊടുക്കുകയും ഉണ്ടായി. യേശുവിനും അവിടുന്ന് ആദ്യം ദൈവമുമ്പാകെ വിനയപ്പെടുത്തിയതുകൊണ്ട് മനുഷ്യരുടെ മുമ്പാകെ സ്വയം താഴ്ത്തുവാനും അവരുടെ ദാസനാകുവാനും എളുപ്പമായിരുന്നു.

സ്വയം നിഷേധിക്കുകയെന്നു പറഞ്ഞാൽ നമ്മിൽ ഒരു നന്മയും ഇല്ലെന്ന് അംഗീകരിക്കയും അതുകൊണ്ട് മനുഷ്യരുടെയും ദൈവത്തിന്റെയും മുമ്പാകെ ഒന്നുമല്ലാതാകുകയും ചെയ്യു

ന്നതാണ്. അപ്പോൾ എല്ലാം ദൈവം മാത്രമായിത്തീർന്നു. യഥാർത്ഥ താഴ്മയുടെ വേരും സ്വഭാവവും നാം ഇവിടെയാണ് കണ്ടെത്തുന്നത്. ഇതു മനസ്സിലാക്കുകയോ അന്വേഷിക്കുകയോ ചെയ്യാത്തതു കൊണ്ടാണ് നമ്മുടെ താഴ്മ കേവലം ഉപരിപ്ളവമായിരിക്കുന്നത്. യേശുവിൽ താഴ്മ ഇടയ്ക്കിടെ പ്രകടമാകുന്ന താത്ക്കാലികമായ ഒരു മനോഭാവമായിരുന്നില്ല. മറിച്ച് അത് ജീവിതത്തിലുടനീളം ഉണ്ടായിരുന്ന സ്ഥിരമായ ഒരാത്മാവായിരുന്നു. അതുകൊണ്ട് ദൈവത്തിനു മുമ്പാകെ എന്നപോലെ മനുഷ്യരുടെ മുമ്പാകെയും കീഴടങ്ങാൻ അവിടുന്ന് സദാ തയ്യാറായിരുന്നു. ദൈവം അവർക്കായി അയച്ച ദാസനെപ്പോലെ ശുശ്രൂഷിപ്പാനും യേശു ഒരുക്കമായിരുന്നു. ഒരു നിമിഷം പോലും സ്വന്തമാനം തേടാനോ സ്വയം പ്രദർശിപ്പിക്കാനായി കഴിവുകൾ ഉപയോഗിക്കാനോ അവിടുന്ന് തയ്യാറായില്ല.

അതേ സമയം യേശുവിന്റെ അപ്പോസ്തലന്മാരുടെ(സുവിശേഷങ്ങളിൽ കാണുന്ന) അനുഭവത്തിൽ നിന്ന്, മതപരമായ കാര്യങ്ങളിൽ എത്ര ആത്മാർത്ഥതയും തീക്ഷ്ണതയും ഉണ്ടായാൽ പോലും ഒട്ടും താഴ്മയില്ലാതിരിപ്പാൻ കഴിയും എന്ന ദുഃഖകരമായ സത്യം നമുക്ക് കണ്ടെത്താം. ശിഷ്യന്മാർ യേശുവിനെ പിൻപറ്റാൻ എല്ലാം ഉപേക്ഷിച്ചവരും അവിടുത്തേക്കു വേണ്ടി മരിക്കാൻ പോലും സന്നദ്ധരും ആയിരുന്നു. പക്ഷേ തങ്ങളിൽ ഉണ്ടായിരുന്ന പൈശാചികമായ നിഗളത്തെക്കുറിച്ച്ബോധവാന്മാരായിരുന്നില്ല. നമുക്കും ഇത് സംഭവിക്കാം.

മറ്റൊരു ശ്രദ്ധേയമായ കാര്യം, മൂന്നു കൊല്ലത്തെ യേശുവിന്റെ ഉപദേശങ്ങൾക്കുപോലും അവരിലുണ്ടായിരുന്ന പൈശാചികമായ നിഗളത്തെ പുറത്താക്കുവാൻ കഴിഞ്ഞില്ല എന്നതാണ്. താഴ്മയെ സംബന്ധിച്ച ഉപദേശ

**നാം മറ്റൊരാളിൽ നിന്നാണ് നിഗളം സ്വീകരിച്ചിട്ടുള്ളത്-ആദമിൽ നിന്ന്. നാം നമ്മുടെ താഴ്മയും വേറൊരാളിൽ നിന്നും കൈക്കൊള്ളണം - ക്രിസ്തുവിൽ നിന്ന്. നിഗളം നമ്മിൽ വാണതുപോലെ താഴ്മയും നമ്മിൽ വാഴേണ്ടിയിരിക്കുന്നു. നമ്മുടെ സ്വഭാവത്തിന്റെ ഭാഗമായി മാറേണ്ടിയിരിക്കുന്നു. പണ്ട് നിഗളിച്ചു പോകുന്നത് എത്രയോ സ്വാഭാവികവും എളുപ്പവുമായിരുന്നോ അതുപോലെ സ്വയം താഴ്ത്തുന്നതും നമുക്കു സ്വാഭാവികവും എളുപ്പവുമായി മാറേണ്ടതുണ്ട്.**

ങ്ങൾ(വായനയും) ഒന്നും നമ്മെയും താഴ്മയുള്ളവരാക്കി മാറ്റുകയില്ല.

നാം മറ്റൊരാളിൽ നിന്നാണ് നിഗളം സ്വീകരിച്ചിട്ടുള്ളത്-ആദമിൽ നിന്ന്. നാം നമ്മുടെ താഴ്മയും വേറൊരാളിൽ നിന്നും കൈക്കൊള്ളണം-ക്രിസ്തുവിൽ നിന്ന്. നമ്മുടെ സ്വഭാവത്തിന്റെയും ജീവിതത്തിന്റെയും ഭാഗമായി നിഗളം നമ്മിൽ വാണതുപോലെ താഴ്മയും നമ്മിൽ വാഴേണ്ടിയിരിക്കുന്നു. നമ്മുടെ സ്വഭാവത്തിന്റെയും ജീവന്റെയും ഭാഗമായി മാറേണ്ടിയിരിക്കുന്നു. പണ്ട് നിഗളിച്ചു പോകുന്നത് എത്രയോ സ്വാഭാവികവും എളുപ്പവുമായിരുന്നോ അതുപോലെ സ്വയം താഴ്ത്തുന്നതും നമുക്കു സ്വാഭാവികവും എളുപ്പവുമായി മാറേണ്ടതുണ്ട്. പാപം പെരുകുന്നിടത്ത് കൃപയും അത്യന്തം വർദ്ധിക്കുമെന്നാണല്ലോ വാഗ്ദാനം(റോമർ.5:20). നമ്മുടെ ഹൃദയങ്ങളിൽ കർത്താവായി വാഴുന്ന ക്രിസ്തു അവിടുത്തെ സ്വഭാവത്തിന്റെ ഭാഗമായ യഥാർത്ഥതാഴ്മ നമ്മിൽ പകരുക തന്നെ ചെയ്യും.





സഹവിശ്വാസികളോടുള്ള സ്നേഹത്തിൽ നിന്നു ദൈവത്തോടുള്ള നമ്മുടെ സ്നേഹം മനസ്സിലാക്കാം. യോഹന്നാൻ പറയുന്നു"ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും തന്റെ സഹോദരനെ പകയ്ക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന് കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല.''(1യോഹ.4:20) താഴ്മയുടെ കാര്യവും ഇങ്ങനെ തന്നെയാണ്.

ദൈവമുമ്പാകെ നാം നമ്മെത്തന്നെ താഴ്ത്തി എന്നു ചിന്തിക്കുക എളുപ്പമാണ്. പക്ഷേ മനുഷ്യരുടെ മുമ്പാകെയുള്ള നമ്മുടെ താഴ്മയാണതിനുള്ള തെളിവ്. പ്രാർത്ഥിക്കുമ്പോൾ നാം ദൈവമുമ്പാകെ പ്രകടിപ്പിക്കുന്ന എളിമയല്ല മറിച്ച് മറ്റു മനുഷ്യരോടുള്ള പെരുമാറ്റത്തിൽ നാം ദൈനംദിനം വെളിപ്പെടുത്തുന്ന വിനയമാണ് നമുക്കുള്ള യഥാർത്ഥ താഴ്മ.. ഒട്ടും കരുതലില്ലാതിരിക്കുന്ന സമയത്ത് പൊടുന്നനെ സംജാതമാകുന്ന സാഹചര്യത്തോട് നാം എങ്ങനെ പ്രതികരിക്കുമോ അതാണ് യഥാർത്ഥത്തിലുള്ള നമ്മൾ. താൻ വാസ്തവത്തിൽ എങ്ങനെയുള്ളവനാണെന്നു ആ സന്ദർഭത്തിലാണ് സത്യസന്ധനായ ഒരുവൻ കണ്ടെത്തുന്നത്.

ദൈവികവെളിച്ചത്തിൽ നമ്മെത്തന്നെ ഒന്നുമല്ലെന്നു കണ്ട് ദൈവം എല്ലാമെല്ലാമായി മാറുവാൻ വേണ്ടി സ്വയത്തെ പുറത്താക്കാൻ തീരുമാനിക്കുമ്പോഴാണ് യഥാർത്ഥതാഴ്മ നമുക്കു ലഭ്യമാകുന്നത്. അത്തരമൊരുവൻ തന്നെ മറ്റുള്ളവരോടു താരതമ്യപ്പെടുത്തുകയില്ല. ദൈവത്തിന്റെയും മറ്റു മനുഷ്യരുടെയും ദാസനെന്ന നിലപാടിൽ നിന്നുകൊണ്ടാണ് അവൻ സഹജീവികളെ അഭിമുഖീകരിക്കുന്നത്. മറ്റുള്ളവരോട് പകയോ അസൂയയോ അവനില്ല. മറ്റുള്ളവർ തന്നെക്കാളേറെ

**ദൈവികവെളിച്ചത്തിൽ നമ്മെത്തന്നെ ഒന്നുമില്ലെന്നു കണ്ട് ദൈവം എല്ലാമെല്ലാമായി മാറുവാൻ വേണ്ടി സ്വയത്തെ പുറത്താക്കാൻ തീരുമാനിക്കുമ്പോഴാണ് യഥാർത്ഥതാഴ്മ നമുക്കു ലഭ്യമാകുന്നത്. അത്തരമൊരുവൻ തന്നെ മറ്റുള്ളവരോടു താരതമ്യപ്പെടുത്തുകയില്ല. ദൈവത്തിന്റെയും മറ്റു മനുഷ്യരുടെയും ദാസനെന്ന നിലപാടിൽ നിന്നുകൊണ്ടാണ് അവൻ സഹജീവികളെ അഭിമുഖീകരിക്കുന്നത്. മറ്റുള്ളവരോട് പകയോ അസൂയയോ അവനില്ല.**

പരിഗണിക്കപ്പെടുമ്പോൾ അവനു ദൈവത്തെ സ്തുതിപ്പാൻ കഴിയും. തന്നെ മറക്കുകയും മറ്റുള്ളവരെ പ്രശംസിക്കുകയും ചെയ്യുന്നത് അവന് അസഹ്യമാകുകയില്ല. തന്നെക്കുറിച്ച് സ്വയം പറയുന്ന എളിമയുടെ വാക്കുകളിലല്ല അവന്റെ താഴ്മ സ്ഥിതി ചെയ്യുന്നത്;മറിച്ച് കരുണയും ആർദ്രതയും സഹനവും കൊണ്ട് നിറഞ്ഞ എളിമയുള്ള ഹൃദയത്തിലാണ്.

ക്രിസ്തുവിനു വേണ്ടി തങ്ങളെത്തന്നെ സന്തോഷത്തോടെ കൊടുത്തുവെന്ന് അവകാശപ്പെടുന്ന പലർക്കും സഹോദരന്മാർക്കുവേണ്ടി തങ്ങളെത്തന്നെ ഏൽപിച്ചു കൊടുക്കുന്നതിൽ പ്രയാസമനുഭവപ്പെടുന്നതെന്തുകൊണ്ടാണ്? ക്രിസ്തുവിന്റെ താഴ്മ മനസ്സിലാക്കുകയും വിലമതിക്കുകയും ചെയ്യാത്തതു കൊണ്ടല്ലേ? ദൈവത്തെ പുതുതായി അന്വേഷിക്കുവാൻ ഈ വസ്തുത നമ്മെ പ്രചോദിപ്പിക്കട്ടെ. നമ്മെ ബുദ്ധിമുട്ടിക്കുന്ന സഹോദരനെ കൃപയുടെ പാത്രമായും നമ്മെ ശുദ്ധീകരിക്കാനുള്ള ദൈവിക ഉപകരണമായും കാണുകയും

അങ്ങനെ യേശുവിന്റെ താഴ്മയുടെ പങ്കാളികളായി നമുക്ക് മാറുകയും ചെയ്യാം.

നാം അവകാശപ്പെടുന്ന നമ്മുടെ വിശുദ്ധി യഥാർത്ഥമാണോ എന്നറിയാനുള്ള മാർഗ്ഗമെന്താണ്? നമ്മുടെ മനോഭാവത്തിൽ കൂടുതൽ താഴ്മ വെളിപ്പെടുന്നുണ്ടോ എന്നതാണതിന്റെ ഉരകല്ല്. ദൈവികവിശുദ്ധി നമ്മിൽ വസിക്കുകയും വിളങ്ങുകയും ചെയ്യാൻ താഴ്മ ഒന്നു മാത്രമാണ് നമുക്കാവശ്യം.

വ്യാജമായ വിശുദ്ധി താഴ്മയുടെ അഭാവം കൊണ്ട് തിരിച്ചറിയാം.

വിശുദ്ധിയെ അന്വേഷിക്കുന്നുവെങ്കിൽ നീ നിരന്തരം സ്വയം സൂക്ഷിക്കേണ്ടതുണ്ട്. കാരണം ഒട്ടും പ്രതീക്ഷിക്കാത്തസാഹചര്യത്തിൽ നിഗളം തല ഉയർത്തിയേക്കാം.ദൈവാലയത്തിൽ പോലും പെട്ടെന്ന് അതു കടന്നുവരാം. പരീശനും ചുങ്കക്കാരനും ദൈവാലയത്തിൽ പ്രാർത്ഥിച്ചതു സംബന്ധിച്ച ഉപമ നമുക്ക് പരിചിതമാണല്ലോ.

ദൈവത്തെ സ്തുതിക്കുമ്പോൾ പോലും നമുക്ക് സ്വയം ഉയർത്താൻ കഴിയും .പഴയകാലത്തെ പരീശനെ ക്രിസ്തു തന്റെ ഉപമയിൽ തുറന്നുകാട്ടിയിട്ടുള്ളതിനാൽ ഇന്നു പുതിയ തലമുറയിലെ പരീശൻ ചുങ്കക്കാരന്റെ വേഷം ധരിച്ച് ദേവാലയത്തിൽ തന്റെ ഘോരമായ പാപങ്ങളെ അഭിമാനത്തോടെ ഏറ്റു പറയുന്നു! ദൈവകൃപയുടെ പ്രവൃത്തിയെ വർണ്ണിക്കുകയും സ്തുതിക്കുകയും ചെയ്തുകൊണ്ട് ആധുനിക പരീശൻ സ്വയം അഭിനന്ദിക്കുകയാണ്! നിഗളത്തിന് സ്തുതിയുടെയും തകർച്ചയുടെയും വേഷം ധരിക്കുവാനും കഴിയും!

വിശുദ്ധി അവകാശപ്പെടുന്ന മറ്റു ചിലർ തങ്ങളുടെ അസഹിഷ്ണുത, നിർദ്ദയമായ വാക്കുകൾ, വിധിപ്രസ്താവനകൾ, ചെറുത്തുനിൽപ്പ് തുടങ്ങിയവകൊണ്ട് ക്രിസ്തുവിന്റെ സൗമ്യതയിൽനിന്നു തങ്ങൾ ബഹുകാതം അകലെയാണെന്നു സ്വയം വെളിപ്പെടുത്തുന്നു! സ്വയം തകരുന്ന സന്ദർഭങ്ങൾ നമുക്ക് ഇടയ്ക്കൊക്കെ ഉണ്ടായേക്കാം. പക്ഷേ സ്ഥിരമായി താഴ്മ ധരിച്ച് ക്രിസ്തുവിന്റെ മനസ്സും മനോഭാവവും നിരന്തരം വെളിപ്പെടുത്തുന്നത് എത്രയോ വ്യത്യസ്തമാണ്.

യേശു-വിശുദ്ധനായ അവിടുന്ന്-താഴ്മയുള്ളവനുമായിരുന്നു. ഏറ്റവും താഴ്മയുള്ളവനാണ് ഏറ്റവും വിശുദ്ധൻ. സ്വന്ത കണ്ണിൽ സത്യമായും നാം ഒന്നുമില്ലെന്നു ദൈവമുമ്പാകെ കാണുമ്പോൾ മറ്റുള്ളവരോട് നമുക്ക് താഴ്മയോടെ മാത്രമേ പെരുമാറാൻ കഴിയൂ. അപ്പോൾ ദൈവസാന്നിദ്ധ്യം ഇടയ്ക്കൊക്കെ അനുഭവപ്പെടുന്ന ഒരു കാര്യമായല്ല സ്ഥിരമായ ഒരു സംരക്ഷണമായി നമുക്കനുഭവവേദ്യമാകും.

സ്വന്ത വിശുദ്ധിയിലുള്ള അഭിമാനത്തോളം അപകടകരമായ നിഗളം വേറെയില്ല. കാരണം അത് അതീവ സൂക്ഷ്മമാണ്."ഞാൻ നിന്നെക്കാൾ വിശുദ്ധനാണ് എന്ന് ആരും ഒരിക്കലും പറയുകയോ ചിന്തിക്കുകയോ ഇല്ല. അതേ അത്തരം ചില ചിന്തകളെപ്പോലും നാം അകറ്റി നിർത്തും. എന്നാൽ ക്രമേണ തന്റെ നേട്ടത്തെ, ബോധപൂർവ്വമല്ലാതെ, അഭിനന്ദനപൂർവ്വം നോക്കിക്കാണാൻ തുടങ്ങും. അപ്പോൾ മറ്റു പലരെക്കാളും താൻ എത്രയോ മുമ്പിലാണെന്നു കാണാതിരിക്കാനാവില്ല. ഇത്തരം ഒരാത്മാവിനെ തിരിച്ചറിയാൻ കഴിയുന്നത്, ആത്മിക നിഗളം കൊണ്ടോ സ്വയം ഉയർത്തിപ്പിടിക്കുന്ന സ്വഭാവം കൊണ്ടോ അല്ല മറിച്ച് സ്വയം താഴ്ത്തുന്ന ആഴമായ അനുഭവത്തിന്റെ അഭാവം കൊണ്ടാണ്. ദൈവമഹത്വം കണ്ട ഒരു ആത്മാവിന്റെ തെറ്റിക്കൂടാത്ത തെളിവ് സ്വയം താഴ്ത്തുന്ന സ്വഭാവമാണല്ലോ.

(തുടരും)





മൂകസന്ദേശം-16

# സിംഹവും കുഞ്ഞാടും

സന്ദീപ് പുന്നൻ

**ഈ** മാസവും അടുത്ത മാസവും എന്റെ പിതാവിൽ നിന്നു ഞാൻ പഠിച്ച ജന്തുജീവിതപാഠങ്ങളെ ആസ്പദമാക്കി എഴുതാൻ ആഗ്രഹിക്കുന്നു. ഈ പാഠങ്ങൾ എന്നെ പഠിപ്പിച്ച അദ്ദേഹത്തോടുള്ള കടപ്പാട് ആദ്യം രേഖപ്പെടുത്തുന്നു.

ശക്തിശാലിയായ പുള്ളിപ്പുലിയേയും ബലഹീനനായ ആട്ടിൻകുട്ടിയെയുംകുറിച്ചു മുമ്പു ഞാൻ പറഞ്ഞതു ഓർക്കുമല്ലോ? ശക്തിയെ ബലഹീനതയുമായി താരതമ്യം ചെയ്യാൻ മിക്കപ്പോഴും സിംഹത്തിന്റെയും കുഞ്ഞാടിന്റെയും ചിത്രമാണ് ഉപയോഗിക്കാറുള്ളത്. വനരാജാവായ സിംഹത്തിന്റെ നേരെ വിപരീതമായ ചിത്രമാണ് ഒരു കുഞ്ഞാട് നമുക്കു നൽകുന്നത്. മലയാളഭാഷയിൽ പാവം എന്ന പദം ഏറ്റവും അനുയോജ്യമാകുന്നത് ആടുകൾക്കാണെന്ന് എനിക്കു തോന്നുന്നു.

വെളിപ്പാടുപുസ്തകം അഞ്ചാം അദ്ധ്യായത്തിന്റെ നാലു മുതൽ ആറു വരെയുള്ള വചനങ്ങളിൽ ഈ രണ്ടു മൃഗങ്ങളും ഒന്നായിത്തീരുന്ന അദ്ഭുതകരമായ ദൃശ്യം നമുക്കു കാണാം.

"പുസ്തകം തുറന്നു വായിപ്പാനെങ്കിലും അതു നോക്കുവാനെങ്കിലും യോഗ്യനായി ആരെയും കാണായ്കകൊണ്ട് ഞാൻ ഏറ്റവും കരഞ്ഞു. അപ്പോൾ മൂപ്പന്മാരിൽ ഒരുത്തൻ എന്നോട്: കരയേണ്ട, യഹൂദാഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവൻ പുസ്തകവും അതിന്റെ ഏഴു മുദ്രകളും തുറപ്പാൻ തക്കവണ്ണം ജയം പ്രാപിച്ചിരിക്കുന്നു എന്നു പറഞ്ഞു. ഞാൻ സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാട് അറുക്കപ്പെട്ടതുപോലെ നിൽക്കുനന്നതു കണ്ടു......"

ഈ വേദഭാഗത്തിന്റെ സന്ദർഭം ശ്രദ്ധിക്കുക. എഴുത്തുകാരനായ യോഹന്നാൻ അപ്പൊസ്തലൻ സ്വർഗ്ഗത്തിൽ താൻ കണ്ട കാര്യം വിവരിക്കുന്നു. മുദ്രയിട്ടതും എഴുത്തുള്ളതുമായ ഒരു പുസ്തകം യോഹന്നാൻ കാണുന്നു. സകല മനുഷ്യരുടെയും ജീവിതകഥ എഴുതപ്പെട്ട ഒന്നായി മുദ്രയിടപ്പെട്ട ഈ പുസ്തകത്തെ ഞാൻ മനസ്സിലാക്കുന്നു. ദൈവമഹത്വം വെളിപ്പെടുത്തുവാൻ സൃഷ്ടിക്കപ്പെട്ട മാനവവർഗ്ഗത്തിന്റെ കഥ പറയുന്ന പുസ്തകം. ആദാം പാപം ചെയ്ത് പിശാചിന്റെ ചിന്തയ്ക്കു കീഴടങ്ങിയ നിമിഷം മുതൽ ഈ പുസ്തകം മുദ്രയിടപ്പെട്ടുപോയി.ദൈവത്തിനു മഹത്വം കൊടുക്കുന്ന ഒരു ജീവിതകഥയുള്ള പുസ്തകം അന്നു മുതൽ മുദ്രയിടപ്പെട്ടു തന്നെയിരുന്നത് ഒരു മനുഷ്യനും

പൂർണ്ണമായി ഇവ്വണ്ണം ജീവിക്കാൻ കഴിയാഞ്ഞതു മൂലമത്രേ. എല്ലാവരും പാപം ചെയ്ത് അതിപരിശുദ്ധമായ പൂർണ്ണതയുള്ള ദൈവമഹത്വത്തിൽ കുറവുള്ളവരായിത്തീർന്നു എന്ന് തിരുവചനം പറയുന്നു.

ഇതൊരു വലിയ ദുരന്തമായിരുന്നു. ദൈവത്തിനു പൂർണ്ണമഹത്വം നൽകുന്ന ഒരു ജീവിതമായിരുന്നു മനുഷ്യസൃഷ്ടിയിൽ ഉദ്ദേശിക്കപ്പെട്ടിരുന്നതെങ്കിലും ഒരു വ്യക്തിക്കും അത് സാദ്ധ്യമായില്ല. ഈ വസ്തുത അപ്പൊസ്തലനായ യോഹന്നാനെ കരയിച്ചതിൽ അത്ഭുതമില്ല. ആദാം മുതൽ യോഹന്നാൻ വരെയുള്ള 4000 വർഷങ്ങളുടെ ചരിത്രത്തിൽ ഈ മുദ്ര പൊട്ടിക്കാൻ ഒരു മനുഷ്യനും കഴിഞ്ഞില്ല എന്നതാണ് ദുഃഖസത്യം. എന്നാൽ അങ്ങനെ പറഞ്ഞാൽ അതു പൂർണ്ണസത്യം ആകയില്ല. ഒരുവൻ യോഗ്യനായി കാണപ്പെട്ടു എന്നുള്ളതിനാൽ മൂപ്പന്മാരിൽ ഒരുവൻ യോഹന്നാനോടു കരയേണ്ട എന്നു പറയുന്നു. യഹൂദാഗോത്രത്തിലെ സിംഹരാജൻ യോഗ്യനായിരിക്കുന്നു. പുസ്തകം തുറക്കാനും മുദ്രകൾ എല്ലാം പൊട്ടിക്കാനും തക്കവണ്ണം അവൻ ജയം പ്രാപിച്ചിരിക്കുന്നു. യിസ്രായേലിലെ ഏറ്റവും ബലശാലിയായ രാജാവായിരുന്ന ദാവീദ് രാജാവിന്റെ കുടുംബവേരിൽ നിന്നുത്ഭവിച്ചവനായിരുന്നു ഈ ശക്തനായ സിംഹം.

യോഹന്നാൻ ശക്തനായ ഈ സിംഹത്തെ കാണാൻ തിരിഞ്ഞപ്പോൾ പ്രതീക്ഷയ്ക്കു നേരേ വിപരീതമായി അറുക്കപ്പെട്ടതുപോലെ നിൽക്കുന്ന ഒരു കുഞ്ഞാടിനെയാണ് കണ്ടത്. ശക്തിയുടെയും ഭീതിയുടെയും ചിത്രങ്ങൾ ഓടിമറഞ്ഞു. തൽസ്ഥാനത്ത് ഒരു പാവം ആട്ടിൻകുട്ടി അറുക്കപ്പെട്ട് രക്തം വാർന്നു നിൽക്കുന്ന കാഴ്ച! ദൈവത്തിന്റെ കുഞ്ഞാടായ യേശു മേലാൽ ഒരു സിംഹം അല്ല എന്നാണോ ഇതിന്റെ അർത്ഥം. അല്ല. അവൻ പൂർണ്ണമായ അർത്ഥത്തിൽ സിംഹവും കുഞ്ഞാടും ആയിരുന്നു.

> പാപത്തോടും പിശാചിനോടുമുള്ള മനോഭാവത്തിൽ യേശു സിംഹം തന്നെയായിരുന്നു. സദാ പാപത്തെ ജയിച്ച യേശു പിശാചിന് അൽപം പോലും ഇടം നൽകിയില്ല. യേശുവിന്റെ ജീവിതത്തിൽ വന്ന ഓരോ പരീക്ഷയും ഉള്ളിലെ ശക്തനായ സിംഹത്തെയാണ് നേരിട്ടത്. ഈ സിംഹം പാപത്തിനെതിരെ നിർദ്ദയമായി പെരുമാറിയിരുന്നു. എന്നാൽ മനുഷ്യരായ നമ്മോട് യേശു എപ്പോഴും ഒരു കുഞ്ഞാടിനെപ്പോലെയായിരുന്നു.

പാപത്തോടും പിശാചിനോടുമുള്ള മനോഭാവത്തിൽ യേശു സിംഹം തന്നെയായിരുന്നു. സദാ പാപത്തെ ജയിച്ച യേശു പിശാചിന് അൽപം പോലും ഇടം നൽകിയില്ല. യേശുവിന്റെ ജീവിതത്തിൽ വന്ന ഓരോ പരീക്ഷയും ഉള്ളിലെ ശക്തനായ സിംഹത്തെയാണ് നേരിട്ടത്. ഈ സിംഹം പാപത്തിനെതിരെ നിർദ്ദയമായി പെരുമാറിയിരുന്നു. പാപത്തിനും പിശാചിനും എതിരെയുള്ള പോരാട്ടത്തിൽ ഒരിക്കൽപോലും യേശു പരാജയപ്പെട്ടില്ല!

എന്നാൽ മനുഷ്യരായ നമ്മോട് യേശു എപ്പോഴും ഒരു കുഞ്ഞാടിനെപ്പോലെയായിരുന്നു. നമ്മുടെ മോശമായ പെരുമാറ്റം അവൻ നിശ്ശബ്ദനായി നേരിട്ടു. അവൻ ഒരു മനുഷ്യനോടും മാനം തേടിയില്ല. കണ്ടാൽ





ആകർഷണീയമായ ഒന്നും അവനിൽ ഇല്ലായിരുന്നു.നാം അവനെതിരേ തിരിഞ്ഞ് അറുപ്പാനുള്ള ആടിനെപ്പോലെ പെരുമാറിയപ്പോഴും അവൻ ഉരിയാടാതെ ഊമനായിരുന്നു. അവൻ മനുഷ്യരോട് ഒരിക്കലും പോരാടിയില്ല. നമ്മുടെ മദ്ധ്യേ ഒരു സിംഹം ആയിരിക്കാൻ അവന് അശേഷം ആഗ്രഹം ഇല്ലായിരുന്നു. നമ്മെ നേടുവാൻ ഏറ്റവും സൗമ്യതയുള്ള മൃഗമായ ആട്ടിൻകുട്ടിയായി വന്ന് അവൻ ജീവനെ തന്നു. പാപത്തിനെതിരേ അവൻ ഗർജ്ജിക്കുന്ന സിംഹം തന്നെയായിരുന്നു. ഇവ്വണ്ണം സിംഹവും കുഞ്ഞാടും ഒരേ സമയത്ത് ആയിരിക്കുന്നയേശുവാണ് പാപത്തെ വെറുക്കുമ്പോൾ തന്നെ നമ്മെ ആഴമായി സ്നേഹിച്ചത്.

ആകയാൽ തല തിരിഞ്ഞ ലോകത്തിന്റെ വ്യവസ്ഥിതിയെ നമുക്കു തള്ളിക്കളയാം. പാപം അത്രയ്ക്ക് പേടിക്കാനുള്ള കാര്യമല്ലെന്നും പാപത്തെ സംബന്ധിച്ചിടത്തോളം കുഞ്ഞാടിനെപ്പോലെ മൃദുസമീപനം മതിയെന്നുമാണ് ലോകവ്യവസ്ഥിതി നമ്മെ പഠിപ്പിക്കുന്നത്. മറ്റു മനുഷ്യരെയാണ് നാം സൂക്ഷിക്കേണ്ടത് എന്നും ഇതേ ലോകം നമ്മോടു പറയും. അതിനാൽ പണസമ്പാദനത്തിനായി നിരന്തരം പോരാടണമെന്നും വാക്കുകൾ കൊണ്ട് നമ്മോടു മൽസരിക്കുന്നവരെ പിച്ചിച്ചീന്തണം എന്നുമത്രേ ലോകത്തിന്റെ ജ്ഞാനം നമ്മോടു പറയുന്നത്.

ദൈവജനമേ! ദുഷിച്ച ലോകവ്യവസ്ഥിതിയല്ല നാം മാതൃകയാക്കേണ്ടത്. നമ്മുടെ മാതൃക മനുഷ്യനായ ദൈവപുത്രനത്രേ. ഒരേ സമയം സിംഹവും കുഞ്ഞാടുമായിരിക്കാൻ കഴിഞ്ഞ യേശു തന്നെ നമ്മുടെ മാതൃക ആയിരിക്കട്ടെ. പാപത്തിനെതിരേ സന്ധിയില്ലാ സമരം ചെയ്യുന്ന സിംഹം ആയിരുന്ന, എന്നാൽ എല്ലാവരോടും സമാധാനം അന്വേഷിച്ചിരുന്ന യേശുവിനെ നമുക്ക് ശ്രദ്ധിച്ചു നോക്കാം ☐

## എഡിറ്റോറിയൽ.....*പേജ് 4-ൽ നിന്ന് തുടർച്ച*

ദൈവത്തിന്റെ കൃപയാണ് ക്രിസ്തീയജീവിതത്തിൽ നമുക്കേറ്റവും ആവശ്യം. അതു നൽകുന്നത് താഴ്മയുള്ളവർക്കാണ്. അർഹതയില്ലാത്തിടത്ത് നൽകുന്ന ദാനമാണ് കൃപ. വാസ്തവത്തിൽ അതു ലഭിക്കാൻ ഒരു അർഹതയും വേണ്ട. എന്നാൽ അതു കിട്ടാനും ഒരു വ്യവസ്ഥയുണ്ട്. അതാണ് താഴ്മ എന്നു പറയുമ്പോൾ താഴ്മ എത്ര പരമപ്രധാനമാണ്!

അതുപോലെ സൗമ്യത നമുക്ക് വലിയ സ്വാതന്ത്ര്യം നൽകുന്നതാണ്. ('ഈ താഴ്വരയിൽ ഒരു മനുഷ്യൻ വന്നാൽ അവന് ഈ ലോകത്തിലെ ശബ്ദകോലാഹലങ്ങളിൽ നിന്നും ബഹളങ്ങളിൽ നിന്നും സ്വസ്ഥതയും മനസ്സുഖവും പ്രാപിക്കാൻ കഴിയും' എന്ന ജോൺ ബനിയന്റെ വാക്കുകൾ ഓർക്കുക) നാം നേരത്തെ ചിന്തിച്ചതുപോലെ സൗമ്യതയുള്ളവർക്ക് മറ്റുള്ളവരോടുള്ള ബന്ധത്തിൽ സ്വന്തം അവകാശത്തിനായുള്ള പോരാട്ടമോ, സ്വയം ന്യായീകരണമോ, പരിഭവമോ, പരാതിയോ ഉണ്ടായിരിക്കുകയില്ല. ആരോടും പരിഭവമില്ലാത്ത ഈ 'സൗമ്യതയുടെ സ്വാതന്ത്ര്യം' ഉള്ളവരെ ഭൂമിയിൽ ആർക്കെങ്കിലും തോൽപിക്കുവാൻ കഴിയുമോ? ഇല്ല അവർ ഭൂമിയെ അവകാശമാക്കും . സൗമ്യതയുള്ളവർ ഭാഗ്യവാന്മാരാണ്!.

ഈ ലോകം ഒരു വിലയും കൽപിക്കാത്ത താഴ്മയുടെയും സൗമ്യതയുടെയും മൂല്യം, സീയോൻ സഞ്ചാരീ, നീ തിരിച്ചറിയുന്നുണ്ടോ?.

# തോമസ് ക്രാൻമർ: ധ്യാനചിന്തയുടെ പിതാവ്




ക്രിസ്തീയ മാർഗ്ഗത്തിൽ നമുക്കു മുമ്പേ നടന്ന വരോടുള്ള നമ്മുടെ കടപ്പാട് നിസ്സീമമാണ്. പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വേദപണ്ഡിതനായിരുന്ന പീറ്റർ ബ്ളോയിസ്സിന്റെ അഭിപ്രായത്തിൽ നാം മല്ലന്മാരുടെ തോളിൽ ഇരിക്കുന്ന കുള്ളന്മാരാണ്; അവർ കണ്ടതിൽ അൽപം കൂടി മുമ്പോട്ടു കാണാൻ നമുക്ക് കഴിയുന്നെങ്കിൽ അതിനു കാരണം അവരുടെ തോളുകളാണ്. ക്രിസ്തീയ ധ്യാനരചനകളിൽ ശ്രദ്ധേയമായ ചില ഗ്രന്ഥങ്ങളിൽ കൂടി കടന്നുപോകുമ്പോൾ നമുക്ക് വ്യക്തമായി ലഭിക്കുന്ന അനുഭൂതി ഇതുതന്നെയാണ്

മിക്ക പ്രസിദ്ധധ്യാനഗ്രന്ഥങ്ങളും യാദൃച്ഛികമായി പിറന്നു വീണവയത്രേ. ഏതെങ്കിലും ഒരു സ്നേഹിതന് ആത്മീയമായ ഉത്സാഹം പകരാൻ വ്യക്തിപരമായി എഴുതിയ കത്തുകളോ കുറിപ്പുകളോ ആയിരുന്നു അവ. ക്രിസ്തീയ വിശ്വാസികൾക്ക് പൊതുവായി ഉപയോഗിക്കാനുള്ള മാർഗ്ഗരേഖകളായി അവ ഉദ്ദേശിക്കപ്പെട്ടിരുന്നില്ല എന്നതാണ് സത്യം. എന്നാൽ ആംഗ്ളിക്കൻ സഭയിലെ പൊതു ആരാധനാക്രമം തുടക്കം മുതലെ ഒരു രാഷ്ട്രത്തിന്റെ ആത്മീയജീവിതത്തിനായി ഉദ്ദേശിക്കപ്പെട്ടതായിരുന്നു. നാലു നൂറ്റാണ്ടുകളിലേറെയായി ചർച്ച് ഓഫ് ഇംഗ്ളണ്ടിലെ മാത്രമല്ല ഇതരസഭകളിലെയും ആയിരക്കണക്കിന് അനുവാചകരുടെ ജീവിതത്തിലും ഇടം കണ്ടിട്ടുള്ളതാണ് ഈ മഹൽഗ്രന്ഥം.

ആദ്യമായി 1549ൽ പ്രസിദ്ധീകരിച്ച 'പൊതു ആരാധനാക്രമം' ആർച്ചുബിഷപ്പ് തോമസ് ക്രാൻമറുടെ അദ്ധ്വാനഫലമായിരുന്നു.ഇംഗ്ളണ്ടിൽ നവീകരണം നടക്കുന്ന കാലം. വിശുദ്ധരെ അംഗീകരിക്കാൻ പൊതുവേ വിമുഖത കാണപ്പെട്ട ആ നാളുകളിൽ ക്രാൻമർ ഒരു വിശുദ്ധൻ എന്നതിനേക്കാൾ ഒരു വേദപണ്ഡിതൻ എന്ന നിലയിലാണ് സഭയിൽ പ്രസിദ്ധനായത്. ആംഗ്ളിക്കൻ സഭയെ സ്വാധീനിക്കാൻ കഴി





യുന്ന ഒരു സ്ഥാനത്ത് എത്തിക്കഴിഞ്ഞപ്പോൾ ബൈബിളിൽ നിന്നും നൂറ്റാണ്ടുകളായി കടഞ്ഞെടുത്ത സമ്പത്ത് ക്രോഡീകരിച്ച് ഇംഗ്ളീഷ്ജനതയ്ക്ക് സമ്മാനിക്കണം എന്ന ക്രാൻമറുടെ ലക്ഷ്യമാണ് ഈ ഗ്രന്ഥത്തിന്റെ പിറവിക്കു കാരണം.

'ഇംഗ്ളണ്ടിലെ രക്തപാതകി' എന്ന നാമധേയത്തിൽ അറിയപ്പെട്ട മേരിരാജ്ഞിയുടെ കാലത്ത് ക്രിസ്തീയ വിശ്വാസത്തിനായി രക്തസാക്ഷിയായ തോമസ് ക്രാൻമർ എക്കാലത്തും പൊതുആരാധനാക്രമത്തിന്റെ പേരിൽ ഓർക്കപ്പെടും. അദ്ദേഹം കൊല്ലപ്പെട്ട ശേഷം ഈ ഗ്രന്ഥത്തിന് പല പരിഷ്ക്കാരങ്ങളും നിർദ്ദേശിക്കപ്പെടുകയും അവസാനം 1662ൽ സർവ്വരാലും അംഗീകരിക്കപ്പെടുകയും ചെയ്തു. ഇന്നുവരെയും ആ പതിപ്പിന് കാര്യമായ ഒരു മാറ്റവും ഉണ്ടായിട്ടില്ല.

പൊതു ആരാധനാക്രമം ആദ്യവായനയിൽ പഴഞ്ചൻ ഭാഷയുടെ നേരിയ വിരസത വായനക്കാർക്ക് നൽകിയാലും കുറെക്കൂടി ശ്രദ്ധാപൂർവ്വം വായിക്കുമ്പോൾ ഈ ഗ്രന്ഥത്തിന്റെ സൗന്ദര്യവും മഹത്വവും വ്യക്തതയും ശ്രദ്ധിക്കപ്പെടാതെ പോകയില്ല.ഇതിലെ ചിന്തകളും ഭാഷയും ബൈബിളിൽ അധിഷ്ഠിതമാണ്. സത്യം പറഞ്ഞാൽ ഈ ഗ്രന്ഥത്തിലെ മൂന്നിൽ രണ്ടു ഭാഗവും ബൈബിൾ ഉദ്ധരണികളാണ്.

മറ്റ് ധ്യാന ഗ്രന്ഥങ്ങളെപ്പോലെ 'പൊതു ആരാധനാക്രമം' വ്യക്തിപരമായ ഭക്തിമാർഗ്ഗത്തെ വളർത്താനല്ല അടിസ്ഥാനപരമായി ലക്ഷ്യം വച്ചിരിക്കുന്നത്. ഇതിലെ ഉള്ളടക്കം സഭാകേന്ദ്രീകൃതമത്രേ. ഒരു ക്രിസ്തുവിശ്വാസി ഒറ്റയാനായിട്ടല്ല മറിച്ച്ദൈവജനത്തിന്റെ മദ്ധ്യത്തിലൂടെയാണ് ദൈവത്തിങ്കലേക്ക് അടുക്കുന്നത് എന്ന അനുമാനത്തിലാണ് ഗ്രന്ഥം രചിക്കപ്പെട്ടിരിക്കുന്നത്. വർഷം മുഴുവൻ സഭാരാധനയിൽ ഉപയോഗിക്കാൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ ഗ്രന്ഥത്തിന്റെ ചില ഭാഗങ്ങളെപ്പറ്റി വ്യക്തിപരമായി ഇഷ്ടാനിഷ്ടങ്ങൾ ഉണ്ടാകാം. എന്നാൽ ഇതിലുള്ള നൂറ് കണക്കിനു പ്രാർത്ഥനകൾ ആയിരങ്ങളുടെ പ്രശംസ പിടിച്ചു പറ്റിയിട്ടുണ്ട്. പൊതു ആരാധനയുടെ വഴികാട്ടിയായ ഈഗ്രന്ഥത്തിൽ നിന്നും താഴെ ഉദ്ധരിച്ചിരിക്കുന്ന ഭാഗങ്ങൾ നമുക്ക് ഒരു മുൻരുചി നൽകാൻ പര്യാപ്തമാണ്:

## നീതിയും സുബോധവുമുള്ള ജീവിതം

**കൃപയ്ക്കു വേണ്ടിയുള്ള പ്രാർത്ഥന:**

കർത്താവേ, സ്വർഗ്ഗീയപിതാവേ, സർവ്വശക്തനും നിത്യനുമായ ദൈവമേ അവിടുന്ന് ഞങ്ങളെ സുരക്ഷിതരായി ഈ ദിനത്തിന്റെ തുടക്കത്തിലേക്ക് കൊണ്ടുവന്നല്ലോ. ഇന്ന് അവിടുത്തെ സർവ്വശക്തിയാൽ ഞങ്ങളെ സംരക്ഷിക്കേണമേ. ഇന്ന് യാതൊരു പാപത്തിലും വീഴാതെ യാതൊരു അനർത്ഥത്തിലും പെടാതെ ഞങ്ങളുടെ എല്ലാ പ്രവൃത്തികളും അവിടുന്ന് നിയന്ത്രിക്കണമേ. ഞങ്ങളുടെ ജീവിതം അങ്ങയുടെ ദൃഷ്ടിയിൽ നീതിയുള്ളതായിരിക്കണമേ. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ തന്നെ. ആമേൻ!

**ക്രിസ്തുവിന്റെ ആഗമന കാലത്തെ ചിന്തകൾ:**

വാഴ്ത്തപ്പെട്ട കർത്താവേ, ഞങ്ങളുടെ നന്മയ്ക്കായി തിരുവെഴുത്തുകൾ എല്ലാം എഴുതപ്പെടാൻ ഇടയാ

ക്കിയല്ലോ. ഞങ്ങൾ തിരുവെഴുത്തുകളെ കേൾക്കുകയും വായിക്കുകയും പഠിക്കുകയും ഉൾക്കൊള്ളുകയും അവിടുത്തെ വിശുദ്ധവചനം നൽകുന്ന ക്ഷമയും ആശ്വാസവും മൂലം ഞങ്ങൾ രക്ഷകനായ യേശുക്രിസ്തുവിലൂടെ അവിടുന്ന് നൽകിയിരിക്കുന്ന നിത്യജീവന്റെ പ്രത്യാശയെ മുറുകെപ്പിടിക്കുകയും ചെയ്യാൻ ഇടയാക്കണമേ. ആമേൻ!

**കർത്താവിന്റെ ജനനം:**

സർവ്വശക്തനായ ദൈവമേ ഞങ്ങളുടെ പ്രകൃതം എടുപ്പാനായി അവിടുത്തെ ഏകജാതനായ പുത്രനെ അയച്ചല്ലോ. കന്യകയിൽ നിന്നും ദൈവപുത്രൻ പിറന്ന സന്ദർഭം ഞങ്ങൾ ഓർക്കുന്നു. വീണ്ടും ജനനത്തിന്റെ അനുഭവത്തിലൂടെ കൃപയാൽ അങ്ങയുടെ ഭവനത്തിലേക്ക് ദത്തെടുക്കപ്പെട്ട ഞങ്ങളെ ദിനം തോറും കർത്താവായ യേശുക്രിസ്തുവിനാൽ പുതുക്കേണമേ. പരിശുദ്ധാത്മാവ് ആപ്രവൃത്തി ചെയ്യട്ടെ. ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തു പരിശുദ്ധാത്മാവോടൊപ്പം സദാകാലവും ജീവിക്കയും വാഴുകയും ചെയ്യുന്നുവല്ലോ അവസാനമില്ലാത്ത ഏകസത്യദൈവമേ ആമേൻ.

**ക്രിസ്തുവിന്റെ പുനരാഗമനപ്രത്യാശ:**

പിശാചിന്റെ പ്രവൃത്തികളെ ഇല്ലാതെയാക്കാൻ, ഞങ്ങളെ ദൈവമക്കൾ ആക്കാൻ, നിത്യജീവന്റെ അവകാശികളാക്കാൻ, വാഴ്ത്തപ്പെട്ട പുത്രനെ നൽകിയ സർവ്വശക്തനായ ദൈവമേ നിത്യജീവന്റെ പ്രത്യാശയാൽ യേശുക്രിസ്തു നിർമ്മലനായിരിക്കുന്നതുപോലെ ഞങ്ങൾ ഞങ്ങളെത്തന്നെ നിർമ്മലീകരിക്കാൻ കൃപ ചെയ്യേണമേ. ശക്തിയോടും മഹത്വത്തോടും അവിടുന്ന് പ്രത്യക്ഷനാകുമ്പോൾ അവിടുത്തെ മഹത്വമുള്ള നിത്യരാജ്യത്തിൽ ഞങ്ങളും അങ്ങയോടു സദൃശരായിത്തീരും എന്ന പ്രത്യാശയ്ക്കായി സ്തോത്രം. അവിടെ ഞങ്ങൾ പിതാവേ അങ്ങയോടും പരിശുദ്ധാത്മാവേ അങ്ങയോടും കൂടെ അവസാനമില്ലാതെ ക്രിസ്തുതുല്യരായി വാഴുമല്ലോ? ആമേൻ!

**പൊതുവായ സ്തോത്രപ്രാർത്ഥന:**

സർവ്വകൃപാലുവായ സർവ്വശക്തനായ ദൈവമേ, അങ്ങയുടെ അപ്രയോജന ദാസന്മാരായ ഞങ്ങൾ ഞങ്ങളോടും സകലമനുഷ്യരോടുമുള്ള അവിടുത്തെ നന്മയ്ക്കും സ്നേഹത്തിനുമായി ഹൃദയപൂർവ്വം താഴ്മയോടെ നന്ദി പറയുന്നു. ഞങ്ങളുടെ സൃഷ്ടിക്കായി, സൂക്ഷിപ്പിനായി ഇഹലോകത്തിലെ എല്ലാ അനുഗ്രഹങ്ങൾക്കുമായി നന്ദി. എല്ലാറ്റിലും ഉപരിയായി ലോകത്തിന്റെ രക്ഷയ്ക്കായി ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിനെ അയച്ച അളവറ്റ സ്നേഹത്തിനായി, കൃപയുടെ വഴിക്കായി, തേജസ്സിന്റെ പ്രത്യാശയ്ക്കായി നന്ദി. അവിടുത്തെ കരുണയ്ക്കായി സുബോധമുള്ള ഹൃദയം നൽകേണമേ.

അങ്ങയുടെ സ്തുതിസ്തോത്രങ്ങൾ ഇടതടവില്ലാതെ ഞങ്ങളിൽ ഉയരുവാൻ കൃപ ചെയ്യേണമേ. അധരങ്ങൾ കൊണ്ടു മാത്രമല്ല, ജീവിതം കൊണ്ടും അങ്ങയെ സ്തുതിപ്പാൻ അവിടുത്തെ ശുശ്രൂഷയ്ക്കായി ഞങ്ങളെ ഏൽപ്പിച്ചുതന്നുകൊണ്ട് വിശുദ്ധിയിലും നീതിയിലും അവിടുത്തെ മുമ്പാകെ നടക്കുവാൻ ജീവിതകാലം മുഴുവൻ തുണയ്ക്കണമേ. കർത്താവായ യേശുക്രിസ്തുവിനും പരിശുദ്ധാത്മാവിനും എല്ലാ മഹത്വവും പുകഴ്ചയും ബഹുമാനവും എന്നെന്നേക്കും ഉണ്ടായിരിക്കുമാറാകട്ടെ. ആമേൻ!

(കടപ്പാട്: All saints adore thee)

**സമ്പാദകൻ: മാത്യു ജോർജ്**





*മാതാപിതാക്കളും മക്കളും 9*

# മക്കളെ നന്നായി അഭ്യസിപ്പിക്കണം

ജോസ് മാത്യു, തിരുവനന്തപുരം

ദൈവഭക്തരായ ക്രിസ്തീയ മാതാപിതാക്കൾ തങ്ങളുടെ മക്കളെ സംബന്ധിച്ച് കനമേറിയ ഉത്തരവാദിത്തം വഹിക്കുന്നവരാകുന്നു എന്നാണല്ലോ നാം ചിന്തിച്ചുവരുന്നത്. മക്കൾക്ക് സ്നേഹം നൽകുക, അവർക്ക് മാതൃക കാട്ടുക എന്നീ രണ്ടുത്തരവാദിത്വങ്ങളെപ്പറ്റിയും നാം പഠിച്ചു കഴിഞ്ഞു.

മക്കളെ പഠിപ്പിക്കുക അഥവാ അഭ്യസിപ്പിക്കുക(Teach, Instruct) എന്നതാണ് മൂന്നാമത്തെ ചുമതല. "ബാലൻ നടക്കേണ്ടുന്ന വഴി അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അത് വിട്ടു മാറുകയില്ല." (സദൃ.22:6) കുഞ്ഞുങ്ങളെ സംബന്ധിച്ചുള്ള തിരുവെഴുത്തിലെ ഈ കൽപ്പന തങ്ങളോടാകുന്നുവെന്നുള്ള തിരിച്ചറിവ് ഇന്ന് എത്ര മാതാപിതാക്കൾക്കുണ്ട്? അഭ്യസിപ്പിക്കാനുള്ള ജോലി മിക്കപേരും സ്കൂൾ, കോളേജ് അദ്ധ്യാപകരെയോ സൺഡേസ്കൂൾ നടത്തിപ്പുകാരേയോ അല്ലെങ്കിൽ സഭാനേതാക്കളെയോ ഭരമേൽപിച്ച മട്ടാണ്. എന്നാൽ മേൽപറഞ്ഞ വ്യക്തികൾ ആരും തന്നെ ദൈവമുമ്പാകെ നിങ്ങളുടെ മക്കളെക്കുറിച്ച് കണക്കുബോധിപ്പിക്കുവാൻ ചുമതലപ്പെട്ടവരല്ല എന്നറിക.

**നിത്യതയ്ക്കായി സജ്ജരാകുക :**

കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കുക അഥവാ പരിശീലിപ്പിക്കുക എന്നു പറഞ്ഞാൽ എന്താണ് നാം അർത്ഥമാക്കുന്നത്? ഭൗതികവും ആത്മീയവുമായ രണ്ടു തലങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ഒരു വിശാലമേഖലയത്രേ അഭ്യസനം.

സ്കൂൾ- കോളജ് തലങ്ങളിൽ കുട്ടികൾക്ക് ഭൗതികവിഷയങ്ങളിലുള്ള വിദ്യാഭ്യാസമാണ് ലഭിക്കുന്നത്. ഈ ഭൂമിയിൽ സുഗമമായും ഭംഗിയായും ജീവിച്ചു പോരുന്നതിന് ആവശ്യമായ വിദ്യയാണിവിടെ നിന്നു ലഭിക്കുക. വിവിധ കലകൾ, സയൻസ്, സാമ്പത്തികം, സേവനങ്ങൾ, തത്ത്വശാസ്ത്രം, സാമൂഹികശാസ്ത്രം, ആരോഗ്യപരിചരണം എന്നിങ്ങനെ എത്രയെത്ര മേഖലകളിലുള്ള പഠനം ഇന്ന് ലഭ്യമാണ്! പൊതുവേ പറഞ്ഞാൽ ഇവയെല്ലാം ഈ ലോകത്തിലെ ജീവിതത്തിന് നമ്മുടെ കുഞ്ഞുങ്ങളെ സജ്ജരാക്കാൻ പോരുന്നവയാണ്. സമൂഹത്തിൽ മറ്റുള്ളവരുമായി രമ്യമായി പെരുമാറുന്നതിനും അന്യോന്യം ഉപകാരികൾ ആയിരിക്കുന്നതിനുമൊക്കെ ആവശ്യമായ ബോധനം ഇന്നത്തെ മതേതരവിദ്യാഭ്യാസക്രമത്തിലുണ്ട്.

എന്നാൽ ഇതിൽ നിന്ന് വിഭിന്നമായി മക്കൾക്ക് ആത്മീയതലത്തിലുള്ള അഭ്യസനം നൽകുക എന്നതാണ് മാതാപിതാക്കളുടെ ഉത്തരവാദിത്വം കുഞ്ഞുങ്ങൾ ഓരോരുത്തരും ദൈവവുമായി സജീവബന്ധം സ്ഥാപിക്കാൻ വേണ്ട കൈത്താങ്ങൽ നൽകുക; അവരെ ദൈവവചനത്തിലും ദൈവികമൂല്യങ്ങളിലും പരിപോഷിപ്പിക്കുക; എവി

ടെയും ക്രിസ്തുവിന്റെ സാക്ഷിക ളായി നേരേ നിൽക്കാൻ പരിശീലിപ്പി ക്കുക-ഇപ്രകാരം അവരെ ദൈവവി ഷയമായി സമ്പന്നരാക്കാൻ നിങ്ങൾക്കാവും. എന്നാൽ ഇതിനു വളരെ സമർപ്പണബോധവും ദർശ നവും പ്രാർത്ഥനയും ആവശ്യമുണ്ട്.

"നിത്യതയ്ക്കുവേണ്ടി അഭ്യസിപ്പിച്ച് സജ്ജരാക്കുക"(Educate and equip for eternity)എന്ന മുദ്രാവാക്യം നിങ്ങൾ കേട്ടിരിക്കും. കുഞ്ഞുങ്ങളെ സംബന്ധിച്ചുള്ള മാതാപിതാക്കളുടെ മൂന്നാമത്തെ ഉത്തരവാദിത്വത്തെ ഈ പ്രയോഗത്തിലൂടെ തികച്ചും സ്പഷ്ട മായി പ്രകടിപ്പിക്കാൻ കഴിയും. നിങ്ങൾ മക്കളെ 'എന്തെങ്കിലുമൊക്കെ' പഠിപ്പി ക്കുകയല്ല വേണ്ടത്; പ്രത്യുത അവർ നിത്യതയിൽ ദൈവമുമ്പാകെ ഉത്തമ പൗരന്മാരും അവിടുത്തെ വൃതന്മാരും വിശുദ്ധരും ആയിരിക്കുമാറ് അവരെ അഭ്യസിപ്പിച്ച് തയ്യാറാക്കുകയാണ് വേണ്ടത്. ഇപ്രകാരം സംഭവിക്കണമെ ങ്കിൽ ആദ്യം നാം തന്നെ നിത്യത യ്ക്കായി സജ്ജരാകേണ്ടതുണ്ട്. അല്ലാ ത്തപക്ഷം നാം എങ്ങനെ നമ്മുടെ മക്കളെ സജ്ജരാക്കും? കുരുടൻ മറ്റൊരു കുരുടനെ വഴി നടത്തിയാൽ ഇരുവരും കുഴിയിൽ വീഴുമല്ലോ.

അതേ, നിശ്ചയമായും ഇതൊരു വലിയ ഉത്തരവാദിത്വം തന്നെയാണ്. ആദ്യം തന്നെ നാം നമ്മുടെ മക്കളുടെ അഭ്യസനം നമ്മുടെ സ്വന്തം ചുമതല യായി തിരിച്ചറിയുകയും ഏറ്റെടുക്കു കയും വേണം. നമ്മിലാരും എല്ലാം തികഞ്ഞ വ്യക്തികളല്ല എങ്കിലും നാമായിരിക്കുന്ന അവസ്ഥയിൽ കരു ണയ്ക്കായി എളിമയോടെ ദൈവ മുഖം അന്വേഷിക്കുക; പരിമിതികളിൽ നിന്നുകൊണ്ടുതന്നെ മക്കളെ പരമാ വധി നന്നായി അഭ്യസിപ്പിക്കുവാൻ അവിടുന്ന് ശക്തി പകരും! സണ്ടേ സ്കൂൾ അദ്ധ്യാപകരെയോ സഭാപാസ്റ്റർ, മൂപ്പൻ എന്നിവരെയോ ഈ ഉത്തരവാദിത്വം ഏൽപിച്ചുകൊടു ക്കുവാൻ ഒരിക്കലും മാതാപിതാ ക്കൾക്കാവില്ല. നിങ്ങൾ തന്നെ സ്വന്ത ഭവനത്തിൽ ചുമതലാബോധത്തോടും ദൈവഭയത്തോടും കൂടെ മക്കളെ നിത്യതയ്ക്കായി പരിശീലിപ്പിക്കണം. അതിനുള്ള വില നൽകാൻ നിങ്ങൾ മനസ്സു വയ്ക്കണം.

ഇവിടെ ഒരു മുന്നറിയിപ്പ് ആവശ്യമാ യിരിക്കുന്നു. മക്കളോടൊപ്പം കുടുംബ ത്തിൽ പാർത്തുകൊണ്ട് അവരെ നിത്യ തയ്ക്കായി അഭ്യസിപ്പിക്കുവാൻ ഇന്നു പല ക്രിസ്തിയമാതാപിതാക്കൾക്കും സാധിക്കുന്നില്ല. കാരണങ്ങൾ പലതു ണ്ടാകാം. സ്വദേശത്ത് തൊഴിൽലഭ്യത യുടെ പരിമിതി നിമിത്തം പലർക്കും ഒറ്റയ്ക്ക് അന്യനാടുകളിൽ തൊഴിൽ തേടി പോകേണ്ടി വരുന്നു. മറ്റു ചില രാകട്ടെ ധനസമൃദ്ധി, ആഡംബര പൂർണ്ണമായ സുഖജീവിതം, സമൂഹ ത്തിന്റെ മാന്യത എന്നിവയെ ലക്ഷ്യമാ ക്കുക വഴി മക്കളെ അവഗണിക്കാനിട വരുന്നു.നിങ്ങളുടെ അവസ്ഥ ഏതുമാ കട്ടെ, ഉദ്ദേശ്യം എന്തുമാകട്ടെ- അവ ദൈവം നന്നായറിയുന്നു. നിങ്ങളെ കുറ്റപ്പെടുത്തുകയല്ല ഈ കുറിപ്പിന്റെ ഉദ്ദേശ്യം. എന്നാൽ നിങ്ങൾ ദൈവത്തെ ഭയപ്പെടുന്ന മാതാവോ പി താവോ ആകുന്നുവെങ്കിൽ മക്കളെ നിത്യതയ്ക്കായി അഭ്യസിപ്പിക്കുക യെന്ന ഉത്തരവാദിത്വം ഉയർന്ന മുൻഗ ണന നൽകി നിറവേറ്റിയേ തീരൂ. അതി നുള്ള വില നൽകാൻ നിങ്ങൾ തയ്യാ റാണോ?

പതിനാറാം നൂറ്റാണ്ടിൽ ഇംഗ്ളണ്ടിൽ ആരംഭിച്ച'പ്യൂരിറ്റൻ' നവീകരണത്തെ പ്പറ്റി നിങ്ങൾ കേട്ടിരിക്കും.ദൈവവചന മായ ബൈബിൾ മാത്രം ജീവിതത്തിന് ആധാരമായി സ്വീകരിച്ച ഒരു കൂട്ടം ലളി തമനസ്ക്കരായ വിശ്വാസികൾ ആയി രുന്നു അവർ. പ്യൂരിറ്റൻ പ്രസംഗകനാ യിരുന്ന ജോൺ ബനിയന്റെ അനുഗൃ ഹീത കൃതിയായിരുന്നല്ലോ 'പരദേശി മോക്ഷയാത്ര' എന്ന വിഖ്യാത ഗ്രന്ഥം

പ്യൂരിറ്റൻ വിശ്വാസസമൂഹ





ത്തിൽപ്പെട്ട ദൈവമക്കൾ ലളിതജീ വിതം നയിച്ചവരും ക്രിസ്തുവിലുള്ള സന്തോഷത്താൽ നിറഞ്ഞവരും ആയി രുന്നു. മക്കളോടു കൂടെ സ്വന്തഭവന ങ്ങളിൽ പാർത്ത് 'സകലവും ദൈവമ ഹിമയ്ക്കായിചെയ്യുന്നതിൽ' അവർ ആനന്ദം കണ്ടെത്തി. സഭകളിൽ മാത്ര മല്ല സ്വന്തഭവനങ്ങളിലും അവർ ദൈ വവചനം വായിക്കുകയും പഠിപ്പിക്കു കയും ചെയ്തു പോന്നു. സത്യസന്ധ മായ കഠിനാദ്ധ്വാനത്തിന്റെ മഹത്വം അവർ കുഞ്ഞുങ്ങളെ പഠിപ്പിച്ചു. അന ന്തര തലമുറയെ നിത്യതയ്ക്കായി അഭ്യ സിപ്പിക്കുന്നതിൽ അവർ വളരെ ജാഗ്രത പുലർത്തി. ഉവ്വ്, ആ പഴയ പ്യൂരിറ്റൻ ക്രിസ്തീയസമൂഹവും നമ്മുടെ മഹത്തായ ഉത്തരവാദിത്വം സംബന്ധിച്ച് നമ്മെ വെല്ലുവിളിക്കു ന്നുണ്ട്!

**എങ്ങനെ അഭ്യസിപ്പിക്കണം:**

മോശെ മുഖാന്തരം ദൈവം യിസ്രാ യേൽ ജനങ്ങളോട് അറിയിക്കുക യാണ്: "ഇന്ന് ഞാൻ നിന്നോടു കൽപ്പി ക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയ ത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ചുകൊടുക്കു കയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കു റിച്ച് സംസാരിക്കുകയും വേണം."(ആവ.6:6,7) ദൈവികമൂല്യ ങ്ങൾ അഥവാ നിലവാരങ്ങൾ മക്കൾക്ക് ഉപദേശിച്ചു തുടങ്ങും മുമ്പ് അവ അമ്മയപ്പന്മാർ സ്വന്തജീവിത ത്തിൽ ഉൾക്കൊള്ളുകയും പ്രായോഗി കജീവിതത്തിൽ അനുഷ്ഠിച്ചു തുടങ്ങു കയും വേണം. അതായത് മക്കളെഅ ഭ്യസിപ്പിക്കുന്ന അഥവാ ഉപദേശി ക്കുന്ന മാതാപിതാക്കൾ വെറും സിദ്ധാ ന്തങ്ങൾ മാത്രം പറയുന്നവരായിരിക്ക രുത്; ജീവിതഗന്ധിയായ ഉപദേശങ്ങൾ നൽകുന്നവരായിരിക്കുക.

ഭവനാന്തരീക്ഷത്തിലെ പ്രായോഗിക ദൈനംദിന സാഹചര്യങ്ങളിലാണ് മാതാപിതാക്കൾ മക്കൾക്ക് അഭ്യസനം നൽകേണ്ടത്. "വീട്ടിൽ ഇരിക്കുമ്പോഴും ,(വെളിയിൽ)വഴിനടക്കുമ്പോഴും കിട ക്കുമ്പോഴും എഴുന്നേൽക്കുമ്പോ ഴും......."എന്ന പ്രയോഗം അതല്ലേ അർത്ഥമാക്കുന്നത്? സ്കൂളിൽ പഠിപ്പി ക്കുന്ന അദ്ധ്യാപകനും വീട്ടിൽ അഭ്യ സിപ്പിക്കുന്ന ഒരു പിതാവും തമ്മിലുള്ള വ്യത്യാസം എന്താണ്? അദ്ധ്യാപകൻ ശമ്പളം വാങ്ങിക്കൊണ്ട് തന്റെ കടമ നിർവഹിക്കുന്നു; പിതാവാകട്ടെ, ഉത്ത രവാദിയായിരുന്ന് നിത്യതയിലേക്ക് അഭ്യസിപ്പിക്കുകയാണ്.

മാത്രമല്ല അമ്മയപ്പന്മാർ മക്കൾക്ക് എല്ലാ കാര്യങ്ങളിലും മാതൃകയായിരു ന്നുകൊണ്ട് അധികാരമുള്ളവരായി അവരെ അഭ്യസിപ്പിക്കണം. ഈകാര്യം നാം കർത്താവായ യേശുവിന്റെ ജീവി തത്തിൽ കാണുന്നുണ്ട്. "അവരുടെ ശാസ്ത്രിമാരെപ്പോലെയല്ല അധികാര മുള്ളവനായിട്ടത്രേ അവൻ അവരെ ഉപദേശിച്ചത്."(മത്തായി7:29) അധികാ രത്തോടെ ഉപദേശിക്കാൻ കഴിഞ്ഞ തിന്റെ കാരണമാകട്ടെ താൻ പ്രവർത്തിച്ചുവന്ന കാര്യങ്ങൾ മാത്രമേ ഉപദേശിച്ചിട്ടുള്ളു എന്നതായിരു ന്നു.(പ്രവ.1:1)

**ബാലൻ നടക്കേണ്ടുന്ന വഴി:**

ബഹുജനം പലവിധം എന്നു പറയാ റുണ്ടല്ലോ. അതേ നിങ്ങളുടെ മക്കൾ ഓരോരുത്തരും വ്യത്യസ്തപ്രകൃതത്തി നുടമകളാണ്. അവരെ ഓരോരുത്ത രെയും പ്രത്യേകമായി മനസ്സിലാക്കി കൈകാര്യം ചെയ്യേണ്ടതുമാണ്.. ഒരു കുടുംബത്തിൽ രണ്ടോ അതിലധി കമോ മക്കളാണുള്ളതെങ്കിൽഅവർ ഓരോരുത്തർക്കും വിഭിന്നങ്ങളായ കഴിവുകളും താലന്തുകളും താത്പര്യ ങ്ങളുമായിരിക്കും ഉണ്ടാവുക. അതു പോലെ വ്യത്യസ്തങ്ങളായ ബലഹീന തകളും അവർക്കുണ്ടാകും. മിക്ക പ്പോഴും കുഞ്ഞുങ്ങൾക്ക് ഈ വക കാര്യങ്ങളും അവയുടെ പ്രസക്തിയും അറിവുണ്ടായിരിക്കില്ല. എന്നാൽ

കുഞ്ഞുങ്ങൾ ഓരോരുത്തരെയും മാതാപിതാക്കൾ വളരെ പ്രാർത്ഥനയോടെ നിരീക്ഷിക്കുകയും അവർ പോകേണ്ട ദിശയിൽ അവരെ തിരിച്ചുവിടുകയുംചെയ്യണം.ഓരോരുത്തരുടെയും ജീവിതത്തിൽ ദൈവത്തിനുള്ള പദ്ധതി കണ്ടെത്താനും അതിൽതന്നെ മുന്നേറാനും നിങ്ങൾ അവരെ സഹായിക്കണം. പരിശുദ്ധാത്മാവിന്റെ നടത്തിപ്പും സഹായവും സ്വീകരിച്ചുകൊണ്ട് കുഞ്ഞുങ്ങളെ അവരവർക്കുള്ള ദൈവികപദ്ധതി പ്രകാരം വളർന്നു വരുവാൻ അഭ്യസിപ്പിക്കുക

കുഞ്ഞുങ്ങൾ ഓരോരുത്തരും 'അടച്ചു മുദ്രവച്ച ഓർഡറുകളു'മായിട്ടാണ് ഈ ലോകത്തിലേക്ക് എത്തിച്ചേരുന്നത് എന്നൊരു ദൈവദാസൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഓരോരുത്തരുടെയും ജീവിതം സംബന്ധിച്ചുള്ള ദൈവത്തിന്റെ അതുല്യമായ പദ്ധതിയത്രേ മുദ്രവെച്ച ഓർഡർ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഒരു മനുഷ്യശരീരത്തിൽ ഓരോ അവയവത്തിനും വ്യത്യസ്തവും അതുല്യവുമായ സ്ഥാനവും പ്രവൃത്തിയുമാണല്ലോ ഉള്ളത്. കണ്ണ്, മൂക്ക്, ചെവി, കൈകാലുകൾ ഇവയെല്ലാം അതതിനു നിശ്ചയിക്കപ്പെട്ട പ്രത്യേക കൃത്യങ്ങൾ നിർവ്വഹിച്ചുകൊണ്ട് ഒരേ ശരീരത്തിന്റെ അവയവങ്ങളായി ചേർന്നിരിക്കുന്നു. നാമോരോരുത്തരും ഈ ലോകത്തിലേക്കോ അല്ലെങ്കിൽ ക്രിസ്തുവിന്റെ ശരീരമായ സഭയിലേക്കോ പ്രവേശിക്കുന്നത് മുദ്രവെച്ച ഓർഡറുകളുമായിട്ടാണ്-അതായത് ഓരോരുത്തർക്കും നിർവ്വഹിക്കുവാനുള്ള ഒരു ദൈവിക പദ്ധതിയുണ്ട്.

ഇനി ഇതോടുള്ള ബന്ധത്തിൽ മാതാപിതാക്കളുടെ കർത്തവ്യം എന്താണെന്ന് നോക്കാം.. കുഞ്ഞുങ്ങൾ ഓരോരുത്തരെ സംബന്ധിച്ചുമുള്ള ദൈവികപദ്ധതി എന്ന മുദ്രവെച്ച ഓർഡർ തുറന്നു പരിശോധിക്കുക;ആ പദ്ധതി വ്യക്തമായി ഗ്രഹിക്കുക; അത് പൂർത്തീകരിക്കുമാറ് അവർക്ക് പരിശീലനവും അഭ്യസനവും നൽകുക-ഇതത്രേ അവരുടെ ഉത്തരവാദത്വം. ആ ദൈവിക പദ്ധതിയാണ് 'ബാലൻ നടക്കേണ്ടുന്ന വഴി.'

എന്നാൽ യഥാസമയം മാതാപിതാക്കൾ ആ വഴി മക്കൾക്ക് ഗ്രഹിപ്പിച്ച് കൊടുക്കാത്ത പക്ഷം അവർ തെറ്റായ മാർഗ്ഗത്തിൽ സഞ്ചരിക്കയും തങ്ങളെക്കുറിച്ചുള്ള അത്യുത്തമമായ ദൈവിക പദ്ധതി താറുമാറാക്കുകയും ചെയ്യും. അപ്രകാരം സംഭവിക്കുന്നതായാൽ മാതാപിതാക്കളോട് തങ്ങളുടെ കൃത്യവിലോപത്തിന് ദൈവം കണക്കു ചോദിക്കുകയില്ലേ? ജാഗ്രതയായിരിക്കാം.

1960കളിൽ അമേരിക്കൻ ഐക്യനാടുകളിൽ വഴിപിഴച്ച കൗമാരക്കാർ പെരുകി വരുന്ന കാലം. ടെക്സാസിലുള്ള ഹൂസ്റ്റണിലെ പോലിസ് ഡിപ്പാർട്ടുമെന്റ് അധികൃതർ മാതാപിതാക്കൾക്കു വേണ്ടി താഴെപ്പറയുന്ന ഒരു നിയമാവലി അച്ചടിച്ചു വിതരണം ചെയ്യുകയുണ്ടായി. ഇവ ഇന്നും മാതാപിതാക്കളുടെ കണ്ണു തുറപ്പിക്കാൻ പോരുന്നവയാണ്.

**തല്ലിപ്പൊളികളും ചുമതലാബോധമില്ലാത്തവരുമായി മക്കളെ വളർത്തിയെടുക്കാനുള്ള 12 നിയമങ്ങൾ**

1.ശൈശവം തൊട്ടേ കുട്ടിക്ക് ഇഷ്ടമുള്ളതെല്ലാം കൊടുത്തു തുടങ്ങുക; അങ്ങനെയായാൽ മുതിർന്നു വരുമ്പോൾ ചുറ്റുമുള്ളവർ അവനു ആവശ്യമുള്ളതെല്ലാം കൊടുക്കാൻ കടപ്പെട്ടവരാണെന്ന് അവൻ വിശ്വസിച്ചുകൊള്ളും.

2. അവൻ തെറ്റായ വാക്കുകൾ പറയുമ്പോൾ അവനെ നോക്കി പുഞ്ചിരി തൂകുക; താൻ മിടുക്കനാണെന്ന ബോധ്യം അവനുണ്ടാകും.(പിന്നീട് നിങ്ങൾക്കും സഹിക്കാനാവാത്ത മോശമായ വാക്കുകൾ ഉപയോഗിക്കാൻ അതവനെ പ്രോത്സാഹിപ്പിക്കും.)





3. ആത്മീയമായ പരിശീലനം ഒന്നും അവനു നൽകരുത്; അവന് 21 വയസ്സാകുന്നതുവരെ കാത്തിരിക്കുക; പിന്നെ അവൻ സ്വയം തീരുമാനം എടുക്കട്ടെ

4. തെറ്റ് എന്ന വാക്കു തന്നെ ഒഴിവാക്കുക;അതവനിൽ കുറ്റബോധം ഉളവാക്കിയേക്കും.; തന്നിമിത്തം ഭാവിയിൽ അവനൊരു ബൈക്കോ കാറോ മോഷ്ടിച്ചു അറസ്റ്റു ചെയ്യപ്പെടുമ്പോൾ സമൂഹം അവനെതിരെ തിരിഞ്ഞ് വെറുതെ ഉപദ്രവിക്കുകയാണെന്ന് കരുതിക്കൊള്ളും.

5. അവൻ വീട്ടിനുള്ളിലും വെളിയിലും വലിച്ചുവാരിയിടുന്നതെല്ലാം നിങ്ങൾ പെറുക്കിയെടുത്ത് അടുക്കിവച്ചുകൊടുക്കുക-പുസ്തകങ്ങൾ, ചെരിപ്പ്,വസ്ത്രങ്ങൾ തുടങ്ങിയവ. അവന് ആവശ്യമുള്ളതെല്ലാം നിങ്ങൾ ചെയ്തുകൊടുക്കണം.-തൽഫലമായി സകല ഉത്തരവാദിത്വങ്ങളും മറ്റുള്ളവരുടെ തലയിൽ കെട്ടി വയ്ക്കാൻ അവൻ പഠിക്കും.

5. കൈയിൽ കിട്ടുന്നതെന്തും അവൻ വായിച്ചു വളരട്ടെ. അവൻ ഭക്ഷണം കഴിക്കുന്ന പാത്രങ്ങളും അവന്റെ വസ്ത്രങ്ങളുമെല്ലാം ശചിയായിരിക്കുവാൻ ശ്രദ്ധിക്കുക; എന്നാലവന്റെ മനസ്സ് വൃത്തികെട്ട ചവറുകൂമ്പാരത്തിൽ മേഞ്ഞു നടക്കട്ടെ.

7. നിങ്ങളിരുവരും മക്കളുടെ മുമ്പിൽ അടിക്കടി ശണ്ഠ കൂടണം; തൽഫലമായി ഭാവിയിൽ അവരുടെ കുടുംബവും അടിച്ചു പിരിയുമ്പോൾ അവർക്കത് സ്വാഭാവികമായി തോന്നും -അവർക്ക് ഞെട്ടലുണ്ടാവില്ല.

8. അവന് ചെലവാക്കാൻ ആവശ്യം പോലെ പണം നൽകുക; അദ്ധ്വാനിച്ച് സമ്പാദിക്കാൻ അവനെ ബുദ്ധി മുട്ടിക്കരുത്. നിങ്ങളനുഭവിച്ച ഞെരുക്കമെല്ലാം അവനെന്തിന് അനുഭവിക്കണം?

9. അവന് കൊതിയുള്ള സകല ഭക്ഷണപാനീയങ്ങളും സുഖസൗകര്യങ്ങളും ധാരാളമായി നൽകി അവനെ തൃപ്തിപ്പെടുത്തുക.അവന്റെ എല്ലാ മോഹങ്ങൾക്കും ആസക്തികൾക്കും .തൃപ്തി വരാൻ ഇടയാക്കുക. തടസ്സപ്പെടുത്തിയാൽ ദോഷകരമായ മാനസിക പിരിമുറുക്കങ്ങൾ ഉണ്ടാകാം.

10. അയൽക്കാർ, അദ്ധ്യാപകർ, പൊലിസ്സുദ്യോഗസ്ഥർ എന്നിവർക്കെല്ലാം എതിരായി അവന്റെ പക്ഷം പിടിച്ച് നിൽക്കുക; അവരെല്ലാം നിങ്ങളുടെ കുട്ടിക്ക് എതിരെ അസൂയ പൂണ്ടിരിക്കുകയാണ്.

11. അവൻ പിന്നീട് വല്ലാത്ത കുഴപ്പങ്ങളിൽ ചെന്നു ചാടുമ്പോൾ സ്വയം സഹതപിച്ചുകൊണ്ട് ഇപ്രകാരം പറയുക: "അവന്റെ കാര്യത്തിൽ എനിക്കൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല."

12. ദുഃഖങ്ങളും ഹൃദയവ്യഥയും നിറഞ്ഞ ഒരു ജീവിതസായാഹ്നത്തിനായി തയ്യാറെടുക്കുക-നിങ്ങൾ വാസ്തവമായി അത് അർഹിക്കുന്നു.

**സംക്ഷേപം:**

മക്കളെ ഭവനത്തിൽ ശരിയായി അഭ്യസിപ്പിച്ച് നിത്യതയ്ക്കായി അവരെ സജ്ജരാക്കുക-ഇത് മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്. ദൈവവചനത്തിലെ കൽപ്പനകളും മൂല്യങ്ങളും സ്വജീവിതാനുഭവങ്ങളിലൂടെ മക്കളെ പഠിപ്പിക്കുകയാണ് വേണ്ടത്.അധികാരമുള്ളവരായി അഭ്യസിപ്പിക്കണമെങ്കിൽ ഉപദേശങ്ങൾ ജീവിതഗന്ധിയായിരിക്കണം. കുഞ്ഞുങ്ങൾ ഓരോരുത്തരും വ്യത്യസ്തരാണ്-അവരെക്കുറിച്ചുള്ള ദൈവികപദ്ധതി തിരിച്ചറിഞ്ഞ് അവരവർക്കുള്ള പാതയിൽ നടത്തുകയാണാവശ്യം. നടക്കേണ്ടുന്ന വഴിയിൽ യഥാസമയം അഭ്യസിപ്പിക്കാതിരുന്നാൽ മക്കൾ വഴിതെറ്റിപ്പോകാൻ സാധ്യത ഏറെയാണ്

*(തുടരും)* □

വഴികാട്ടി

നാം ഈ വർഷത്തിലേക്കു കടന്നപ്പോൾ ഇത് പിന്നിട്ട എല്ലാ വർഷങ്ങളെക്കാളും വളരെ മെച്ചപ്പെട്ട ഒന്നായിത്തീരുവാൻ നാം ആഗ്രഹിച്ചു.പക്ഷേ നാം ദൈവത്തിന്റെ വാഗ്ദാനങ്ങൾ അവകാശപ്പെടുമ്പോൾ മാത്രമേ അത് കഴിഞ്ഞ വർഷത്തെക്കാൾ ഭേദപ്പെട്ടതായിത്തീരുകയുള്ളൂ. നാം വിശ്വസിക്കുന്ന കാര്യങ്ങൾ നമ്മുടെ അധരങ്ങളാൽ ഏറ്റുപറഞ്ഞിരിക്കണം. എന്നാൽ നാം ഏറ്റുപറയുന്ന കാര്യങ്ങൾ ദൈവികവാഗ്ദാനങ്ങളിന്മേൽ അടിസ്ഥാനപ്പെട്ടിരിക്കേണ്ടതുണ്ട്. (റോമ.10:8,9)

ദൈവം അബ്രഹാമിന് ഒരു വാഗ്ദാനം നൽകിയപ്പോൾ- മാനുഷികമായി പറഞ്ഞാൽനിറവേറുക അസാധ്യമാണെന്ന് തോന്നുന്ന ഒരു വാഗ്ദാനം-അബ്രഹാം എന്താണു ചെയ്തത്? “അവൻ ഏകദേശം നറു വയസ്സുള്ളവനാകയാൽ തന്റെ ശരീരം നിർജ്ജീവമായിപ്പോയതും, സാറയുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വവും ഗ്രഹിച്ചിട്ടും വിശ്വാസത്തിൽ ക്ഷീണിച്ചില്ല. ദൈവത്തിന്റെ വാഗ്ദാനത്തിൽ അവിശ്വാസത്തിൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ട് ദൈവത്തിനു മഹത്വം കൊടുത്തു. അവൻ വാഗ്ദാനം ചെയ്തത് പ്രവർത്തിപ്പാനും ശക്തനെന്നു പൂർണ്ണമായി ഉറച്ചു.”(റോമ.4:19-21).

# ഞാൻ വിശ്വസിക്കുന്നു ഞാൻ സംസാരിക്കുന്നു

**സാക് പുന്നൻ**

അതുകൊണ്ട് ദൈവം വാഗ്ദാനം ചെയ്തത് വിശ്വസിച്ചുകൊണ്ട് താഴെപ്പറയുന്ന എട്ടു കാര്യങ്ങൾ ഈ വർഷത്തിൽ ഉടനീളം അനേക പ്രാവശ്യം നാം ഏറ്റു പറയണം. താങ്കളുടെ ഹൃദയത്തിൽ നിന്നു തന്നെ താങ്കളോടും പിശാചിനോടും ഇതു കൂടെക്കൂടെ പറയുക:

**1) പിതാവായ ദൈവം യേശുവിനെ സ്നേഹിച്ചതു പോലെ എന്നെയും സ്നേഹിക്കുന്നു**

*അതു കൊണ്ട് ഞാൻ എല്ലായ്പ്പോഴും സന്തോഷിക്കും.(യോഹ.17: 23)*

**2) ദൈവം എന്റെ സകല പാപങ്ങളെയും എന്നോടു ക്ഷമിച്ചിരിക്കുന്നു.**

*അതുകൊണ്ട് ഞാൻ ഇനി ഒരിക്കലും കുറ്റബോധത്തോടെ ജീവിക്കുകയില്ല.(1.യോഹ1:9; എബ്രാ8:12)*

**3) ദൈവം എന്നെ തന്റെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കും.**

*അതുകൊണ്ട് ഓരോ പ്രവൃത്തിയും ചെയ്യുവാൻ ആവശ്യമായ ശക്തി എനിക്കുണ്ടായിരിക്കും.(ലൂക്കോ.11:13)*

**4)ദൈവം എന്റെ അതിരുകൾ എല്ലാം നിശ്ചയിച്ചിരിക്കുന്നു.**

*അതുകൊണ്ട് ഞാൻ എല്ലായ്പ്പോഴും തൃപ്തനായിരിക്കും.(പ്രവൃത്തി.17:26, എബ്രാ.13:5)*

**5) ദൈവത്തിന്റെ കൽപനകൾ എല്ലാം തന്നെ എന്റെ നന്മയ്ക്കുവേണ്ടിയുള്ളവയാണ്.**





പ്രാർത്ഥനയ്ക്കുള്ള തടസ്സങ്ങൾ II

# ക്ഷമ: പ്രാർത്ഥനയുടെ അടിസ്ഥാനപ്രമാണം

**ആർ എ ടോറി**

ഫലപ്രദമായ പ്രാർത്ഥനയ്ക്ക് തടസ്സം സ്വാർത്ഥത,പാപം,വിഗ്രഹങ്ങൾഎന്നിവയാണെന്ന്നാം കണ്ടു.പ്രാർത്ഥനയെ വിഫലമാക്കുന്ന മറ്റു ചില കാര്യങ്ങളെക്കുറിച്ചുകൂടി നമുക്കു ചിന്തിക്കാം:

**തടസ്സം നാല് : ലുബ്ധ്**

പ്രാർത്ഥനയെ തടസ്സപ്പെടുത്തുന്ന നാലാമത്തെ കാര്യം സദൃ.21:13-ൽ കാണുന്നു.“എളിയവന്റെ നിലവിളിക്കു ചെവി പൊത്തിക്കളയുന്നവൻ താനും വിളിച്ചപേക്ഷിക്കും; ഉത്തരം ലഭിക്കുകയില്ല.”

പ്രാർത്ഥനയ്ക്കു തടസ്സമായിരിക്കുന്ന പ്രധാനമായ മറ്റൊന്നാണ് ലുബ്ധ്. ദൈവത്തിന്റെ വേലയ്ക്കും സാധുക്കൾക്കും നേരെ ഔദാര്യമനോഭാവം ഇല്ലാതിരിക്കുക.മറ്റുള്ളവർക്കു ധാരാളമായി കൊടുക്കുന്നവനാണ് ദൈവത്തിൽ നിന്നു ധാരാളമായി ലഭിക്കുന്നത്.“കൊടുക്കുക, എന്നാൽ നിങ്ങൾക്കു ലഭിക്കും; അമർത്തിക്കുലുക്കി കവിയുന്നൊരു നല്ല അളവു നിങ്ങളുടെ മടിയിൽ തരും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും.”(ലൂക്കോ.6:33) പ്രാർത്ഥനാവീരൻ ഔദാര്യശീലനാണ്. ലുബ്ധനായ മനുഷ്യൻ പ്രാർത്ഥനയിൽ ശക്തിരഹിതനായിരിക്കും.

ഫലകരമായ പ്രാർത്ഥനയെപ്പറ്റിയുള്ള അത്ഭുതകരമായ ഒരു പ്രസ്താവന 1യോഹ.3:22-ൽ രേഖപ്പെടുത്തിയി

---

*അതുകൊണ്ട് ദൈവത്തിന്റെ സകല കൽപ്പനകളും അനുസരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.(1യോഹ.5: 3, ആവ.10: 13)*

**6) ഞാനുമായി ബന്ധപ്പെട്ട സകല വ്യക്തികളെയും സംഭവങ്ങളെയും ദൈവം നിയന്ത്രിക്കുന്നു**

*അതുകൊണ്ട് ഞാൻ എല്ലായിപ്പോഴും നന്ദി കരേറ്റും.(റോമ.8:28)*

**7) യേശു പിശാചിനെ തോൽപ്പിക്കുകയും അവന്റെ അധികാരത്തിൽ നിന്ന് എന്നെ സ്വതന്ത്രനാക്കുകയും ചെയ്തു.**

*അതുകൊണ്ട് ഞാൻ ഒരിക്കലും ഭയപ്പെടുകയില്ല.(എബ്രാ.2:14,15; എബ്രാ13:6)*

**8)ഞനൊരു അനുഗ്രഹമായിത്തീരുവാൻ ദൈവം ആഗ്രഹിക്കുന്നു**

*അതുകൊണ്ട് ഞാൻ മറ്റുള്ളവർക്ക് ഒരു അനുഗ്രഹമായിത്തീരും.(ഉൽപ്പത്തി.12:2, ഗലാ.3:14).*

*“വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല.(എബ്രാ.11:6)*

**മൊഴിമാറ്റം: സുജാ എബ്രഹാം.**

ട്ടുണ്ട്.'അവന്റെ കൽപ്പനകളെ പ്രമാണിച്ച് അവനു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ട് എന്തു യാചിച്ചാലും അവങ്കൽ നിന്നു ലഭിക്കും." ആവശ്യക്കാരന്റെ നേരേ കാണിക്കേണ്ട ഔദാര്യമനോഭാവത്തെയാണ് ഇതു സൂചിപ്പിക്കുന്നത്. ഈ കാര്യത്തിൽ നാം കാണുന്നത് വാക്കിനാലും നാവിനാലും തന്നെ സ്നേഹിക്കേണമെന്നും മറ്റുള്ളവന്റെ നേരേ നമ്മുടെ ഹൃദയം തുറക്കുമ്പോഴാണ് പ്രാർത്ഥനയിൽ ദൈവത്തോടടുത്തു ചെല്ലുവാനുള്ള ഉറപ്പുണ്ടാകുന്നത് എന്നുമാണ്. പ്രാർത്ഥനയിൽ ശക്തിയില്ലാതെ വരുന്നതിന്റെ കാരണം പല സ്ത്രീപുരുഷന്മാരും അന്വേഷിക്കുന്നുണ്ടാവും. അത് ലുബ്ധല്ലാതെ മറ്റൊന്നും ആയിരിക്കുകയില്ല. ജോർജ് മുള്ളർ ഒരു വലിയ പ്രാർത്ഥനാമനുഷ്യൻ ആയിരുന്നു. കാരണം, താൻ ധാരാളമായി കൊടുക്കുന്ന ഒരു മനുഷ്യൻ ആയിരുന്നു.. തനിക്കു ദൈവത്തിൽ നിന്നു ലഭിച്ചതൊന്നും തന്റെ വിരലുകൾക്കിടയിൽ തങ്ങിയിരുന്നില്ല. അപ്പോൾത്തന്നെ അതു മറ്റുള്ളവർക്ക് കൊടുക്കുമായിരുന്നു. തനിക്കു തുടർച്ചയായി ലഭിക്കുമായിരുന്നു. കാരണം താൻ തുടർച്ചയായി കൊടുക്കുമായിരുന്നു എന്നതു തന്നെ.

ഇന്നത്തെ സഭയുടെ സ്വാർത്ഥതയെപ്പറ്റി ചിന്തിച്ചാൽ ഒരു സഭയിൽ നിന്നു ശരാശരി ഒരാൾ ഒരു മാസം ഒരു രൂപ എന്ന കണക്കിനു പോലും സുവിശേഷപ്രവർത്തനങ്ങൾക്കു കൊടുക്കുന്നില്ല. അങ്ങനെയുള്ള ഒരു സഭയിൽ പ്രാർത്ഥനയ്ക്കു വേണ്ട ശക്തി ഇല്ലാതിരിക്കുന്നത് അദ്ഭുതമല്ല. നമുക്ക് ദൈവത്തിൽ നിന്നു ശക്തി ലഭിക്കണമെങ്കിൽ നാം മറ്റുള്ളവർക്കു കൊടുക്കണം. ദൈവം നമ്മുടെ ആവശ്യങ്ങൾ നിർവ്വഹിച്ചു തരുന്നത് സംബന്ധിച്ചുള്ള ദൈവികവാഗ്ദാനം "നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായും തീർത്തുതരും" എന്നാണ്. ഈ മഹത്വകരമായ വാഗ്ദാനം ഫിലിപ്യസഭയോട് അവരുടെ ഔദാര്യമനസ്സിനെക്കുറിച്ചുള്ള ഓർമ്മയിൽ പറഞ്ഞതാണ്.

**തടസ്സം അഞ്ച്: ക്ഷമിക്കാത്ത മനോഭാവം**

പ്രാർത്ഥനയെ തടസ്സപ്പെടുത്തുന്ന അഞ്ചാമത്തെ കാര്യം മർക്കോസ് 11:25 ൽ കാണുന്നു: "നിങ്ങൾ പ്രാർത്ഥിക്കുവാൻ നിൽക്കുമ്പോൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കേണ്ടതിന് നിങ്ങൾക്ക് ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവനോടു ക്ഷമിപ്പിൻ"

ക്ഷമിക്കാത്ത ആത്മാവു പലപ്പോഴും പ്രാർത്ഥനയ്ക്കു തടസ്സമായിരിക്കും. നമ്മുടെ പാപങ്ങൾ ക്ഷമിച്ചു തന്നിരിക്കുന്നു എന്നുള്ള അടിസ്ഥാനത്തിലാണ് പ്രാർത്ഥനയ്ക്കു മറുപടി നൽകുന്നത്. എന്നാൽ നമ്മോടു തെറ്റു ചെയ്തവരോടു നാം ശുദ്ധമനസ്സാക്ഷിയിൽ പെരുമാറാതിരിക്കവേ പാപമോചനത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തിനു നമ്മോട് ഇടപെടുവാൻ സാദ്ധ്യമല്ല..ഒരുവൻ മറ്റൊരുവന്റെ നേരെ പക വച്ചുകൊണ്ടിരിക്കുമ്പോൾ അവന്റെ സ്വന്തം അപേക്ഷകൾക്കെതിരെ ദൈവം തന്റെ ചെവി ബലമായി അടച്ചുകളയും.

ഭർത്താവിന്റെയും കുഞ്ഞുങ്ങളുടെയും സ്നേഹിതരുടെയും മാനസാന്തരത്തിനായി ദൈവത്തോടു നിലവിളിച്ചിട്ട്, അവരുടെ പ്രാർത്ഥനയ്ക്കു മറുപടി കിട്ടാത്തതിൽ ആശ്ചര്യപ്പെട്ടിരിക്കുന്ന എത്രയോ ആളുകൾ ഉണ്ട്! അതിന്റെ രഹസ്യം ചിലപ്പോൾ തങ്ങളെ മുറിപ്പെടുത്തിയ ആരുടെയെങ്കിലും നേരേ പക വച്ചുകൊണ്ടിരിക്കുന്നതായിരിക്കും. മറ്റാരെയെങ്കിലും വെറുക്കുന്നതിലൂടെ എത്രയോ മാതാ





പിതാക്കൾ തങ്ങളുടെ മക്കളെ രക്ഷിക്കപ്പെടാത്തവരായി നിത്യനാശത്തിലേക്കയയ്ക്കുന്നു.

**തടസ്സം ആറ്: തെറ്റായ ബന്ധം**

പ്രാർത്ഥനയെ തടസ്സപ്പെടുത്തുന്ന ആറാമത്തെ കാര്യം 1പത്രോസ്.3:7-ൽ കാണാം. "അങ്ങനെ തന്നെ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർത്ഥനയ്ക്കു മുടക്കം വരാതിരിക്കേണ്ടതിനു ഭാര്യമാരോടു കൂടെ വസിച്ചു സ്ത്രീജനം ബലഹീനപാത്രമെന്നും അവർ ജീവന്റെ കൃപയ്ക്കു കൂട്ടവകാശികൾ എന്നും ഓർത്ത് അവർക്കു ബഹുമാനം കൊടുക്കുവിൻ". ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള തെറ്റായ ബന്ധം പ്രാർത്ഥനയ്ക്കു തടസ്സം ആണെന്ന് ഇവിടെ വ്യക്തമായി പറഞ്ഞിരിക്കുന്നു.

ഭാര്യമാരുടെ നേരെയുള്ള കടപ്പാട് വേണ്ടവണ്ണം നിറവേറ്റാത്തതുകൊണ്ട് പലപ്പോഴും പല ഭർത്താക്കന്മാരുടെയും പ്രാർത്ഥനയ്ക്കു തടസ്സം വരുന്നുണ്ട്. തങ്ങളുടെ പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കാതെ വരുമ്പോൾ ഭാര്യാഭർത്താക്കന്മാർ അതിന്റെ കാരണം ആത്മാർത്ഥമായി അന്വേഷിക്കുമെങ്കിൽ പലപ്പോഴും തങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ തകരാറാണെന്ന് മനസ്സിലാക്കാവുന്നതാണ്.

ക്രിസ്തീയപ്രവർത്തനങ്ങളിൽ താത്പര്യം കാണിക്കയും ഭക്തനാണെന്ന് ഭാവിക്കയും ചെയ്യുന്ന പലരും ഭാര്യമാരോടുള്ള പെരുമാറ്റത്തിൽ വേണ്ട മുൻകരുതലുള്ളവരായിരിക്കയില്ല. പലപ്പോഴും ദയനീയമായും മൃഗീയമായും പെരുമാറുകയും ചെയ്യും. അങ്ങനെയിരിക്കേ പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കാത്തത് എന്താണെന്നു ആശ്ചര്യപ്പെടേണ്ടതുണ്ടോ? മേലുദ്ധരിച്ച വാക്യം കാര്യത്തിന്റെ രഹസ്യം വെളിവാക്കുന്നു. അതുപോലെതന്നെ സഭയിൽ ഭക്തരായി പെരുമാറുകയും എല്ലാ ശുശ്രൂഷകളിലും പതിവായി

**ക്ഷമിക്കാത്ത ആത്മാവു പലപ്പോഴും പ്രാർത്ഥനയ്ക്കു തടസ്സമായിരിക്കും. നമ്മുടെ പാപങ്ങൾ ക്ഷമിച്ചു തന്നിരിക്കുന്നു എന്നുള്ള അടിസ്ഥാനത്തിലാണ് പ്രാർത്ഥനയ്ക്കു മറുപടി നൽകുന്നത്. എന്നാൽ നാം ശുദ്ധമനസ്സാക്ഷിയിൽ പെരുമാറാതിരിക്കവേ പാപമോചനത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തിനു നമ്മോട് ഇടപെടുവാൻ സാദ്ധ്യമല്ല..ഒരുവൻ മറ്റൊരുവന്റെ നേരെ പക വച്ചുകൊണ്ടിരിക്കുമ്പോൾ അവന്റെ അപേക്ഷകൾക്കെതിരെ ദൈവം തന്റെ ചെവി അടച്ചുകളയും.**

പങ്കുകൊള്ളുകയും ചെയ്യുന്ന പല സ്ത്രീകളും ഭർത്താക്കന്മാരുടെ നേരേ അക്ഷന്തവ്യമായ അവഗണന കാണിക്കുകയും വാക്കുകളാൽ മുറിപ്പെടുത്തുകയും അനിയന്ത്രിതമായി കോപിക്കുകയും ചെയ്യുന്നു. എന്നിട്ട് പ്രാർത്ഥനയ്ക്കു വേണ്ട ശക്തിയില്ലാത്തത് എന്തുകൊണ്ടെന്ന് അത്ഭുതപ്പെടുകയാണ്.

പരസ്യമായി പറയാൻ പാടില്ലാത്ത മറ്റു ബന്ധങ്ങളും ഭാര്യാഭർത്താക്കന്മാർ തമ്മിലുണ്ട്. പലപ്പോഴും ദൈവസന്നിധിയിൽ പ്രാർത്ഥനയ്ക്കായി അടുക്കുന്നതിനു തടസ്സമായി അത്തരം കാര്യങ്ങൾ കാരണമായിത്തീരാം. പരിശുദ്ധമായ വിവാഹത്തിൽ, പ്രാർത്ഥനയെ ബലഹീനമാക്കുവാനും, ആത്മീയമന്ദത ഉളവാക്കുവാനും മുഖാന്തരമാകുന്ന പാപം മറഞ്ഞു കിടക്കുന്നുണ്ടാവും. ഏതെങ്കിലും പുരുഷനോ സ്ത്രീക്കോ പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കുന്നില്ല എന്നു തോന്നുന്നെങ്കിൽ അവരുടെ വിവാഹജീവിതം മുഴുവൻ ദൈവമുമ്പാകെ നിരത്തിവെച്ചിട്ട് ദൈവത്തിനു

ചിന്തയ്ക്ക്

# വിശ്വാസവും പ്രവൃത്തിയും

ഒരു വസ്തുവിന് സാക്ഷാൽ ഉടമയായിരിക്കുന്നതും, സങ്കൽപത്തിൽ മാത്രം അതിനുടമയായിരിക്കുന്നതും തമ്മിൽ എത്രയോ അന്തരമുണ്ട്!. ഒരു വസ്തുതയെക്കുറിച്ചുള്ള കേഴ്വികളും, ഊഹാപോഹങ്ങളും, ധാരണകളും വച്ചു പുലർത്തുന്നതിൽ നിന്നെത്രയോ വിഭിന്നമാണ്, ആ വസ്തുതയെ നേരിട്ടറിയുന്നത്! അക്ഷരത്തിന്റെ അറിവിൽ നിന്നും ലഭ്യമായ ആത്മീയവിഷയങ്ങളുടെ ധാരണയിൽ, മനോമണ്ഡലത്തിൽ ആത്മീയനെന്ന ഭാവേന ജീവിക്കുന്നതും യഥാർത്ഥത്തിൽആത്മീയനായിരിക്കുന്നതും തമ്മിൽ എത്ര വ്യത്യസ്തമാണ്!. സത്യമിതാണെങ്കിലും, ആത്മീയതയെ 'അറിവായി'ക്കരുതുകയും അതിന്റെ പാണ്ഡിത്യത്തിനു ക്രിസ്തീയ സമൂഹങ്ങളിൽ വലിയ മാന്യത കൽപിക്കപ്പെടുകയും ചെയ്യുന്നു. ഈ പാണ്ഡിത്യത്തിൽ നിന്നും വാക്ചാതുര്യത്തോടെ ഒരുവൻ ദൈവികവിഷയങ്ങളെക്കുറിച്ച് പ്രസ്താവിക്കുമ്പോൾ, താൻ ദൈവത്തെ അറിയുന്നവനായി താൻ തന്നെയും, മറ്റുള്ളവർ തന്നെക്കുറിച്ചും കരുതുന്നു. "ദൈവത്തെ അറിയുക എന്നത് നിത്യ

പ്രസാദമല്ലാത്തത് എന്തെങ്കിലും അതിൽ ഉണ്ടെങ്കിൽ കാണിച്ചു തരുവാൻ അപേക്ഷിക്കണം.

**തടസ്സം ഏഴ്:അവിശ്വാസം**

പ്രാർത്ഥനയെ തടസ്സപ്പെടുത്തുന്ന അടുത്ത കാര്യം യാക്കോബ് 1:5-7 വാക്യങ്ങളിൽ കാണുന്നു. "നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭൽസിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്ന ദൈവത്തോടു യാചിക്കട്ടെ;അപ്പോൾ അവനു ലഭിക്കും. എന്നാൽ അവൻ ഒന്നും സംശയിക്കാതെ വിശ്വാസത്തോടെ യാചിക്കണം: സംശയിക്കുന്നവൻ കാറ്റടിച്ചലയുന്ന കടൽത്തിരയ്ക്കു സമൻ. ഇങ്ങനെയുള്ള മനുഷ്യൻ കർത്താവിങ്കൽ നിന്നു വല്ലതും ലഭിക്കുമെന്നു നിരൂപിക്കരുത്."

പ്രാർത്ഥന അവിശ്വാസത്താൽ തടസ്സപ്പെടുന്നു. ദൈവവചനം പരിപൂർണ്ണമായി നാം വിശ്വസിക്കുവാൻ ദൈവം ആവശ്യപ്പെടുന്നു. അതിനെ ചോദ്യം ചെയ്യുന്നത് ദൈവത്തെ അസത്യവാദിയാക്കുകയാണ്. അവന്റെ വാഗദാനങ്ങളെ ചോദ്യം ചെയ്യുമ്പോൾ അതാണ് സംഭവിക്കുന്നത്. അപ്രകാരം ചെയ്യുന്നതിനാൽ പ്രാർത്ഥനയ്ക്കു മറുപടി ലഭിച്ചില്ലെങ്കിൽ എന്താണത്ഭുതം? നമ്മുടെ ഭയങ്കരമായ അവിശ്വാസം മൂലം എത്രയോ പ്രാർത്ഥനകളാണ് തടസ്സപ്പെട്ടിട്ടുള്ളത്! ദൈവവചനത്തിൽ നൽകാമെന്നു വാഗ്ദാനം ചെയ്തിട്ടുള്ള കാര്യങ്ങൾ നാം ദൈവത്തോടപേക്ഷിക്കുകയും അതു ലഭിക്കുമെന്നുള്ള പൂർണ്ണപ്രതീക്ഷ ഇല്ലാതിരിക്കയും ചെയ്യാറുണ്ട്. "അങ്ങനെയുള്ളവൻ കർത്താവിൽ നിന്ന് എന്തെങ്കിലും ലഭിക്കുമെന്നു നിരൂപിക്കരുത്'.

(അവസാനിച്ചു)





ജീവൻ തന്നെയാണ്" എന്ന് ദൈവവചനം സുവ്യക്തമാക്കിയിരിക്കെ, പ്രാകൃതമനസ്സിന്റെ ഈ കണ്ടെത്തലുകൾക്കും, അഭിപ്രായങ്ങൾക്കും, അറിവിനും എന്തു പ്രസക്തിയാണുള്ളത്?. ദൈവത്തിന്റെ ശക്തിയുടെയും, ജീവന്റെയും പങ്കാളിത്തത്തിൽ നിന്നും ദിവ്യസ്വഭാവം വെളിപ്പെടുത്തുന്ന ഒരുവനല്ലേ ദൈവത്തെ അറിഞ്ഞിരിക്കുന്നവൻ? അതു തന്നെയല്ലേ നിത്യജീവൻ?.

ഇതുപോലെ തന്നെ ദൈവവചനത്തിന്റെ പഠനത്തിൽ നിന്നും വിശ്വാസം സംബന്ധിച്ച് ഒരു അഭിപ്രായം രൂപീകരിച്ചിട്ട്, താൻ വിശ്വാസത്തിലായിരിക്കുന്നു എന്നു കരുതുന്നവൻ എത്രമാത്രം വഞ്ചിതനാണ്! വിശ്വാസത്തിലായിരിക്കുന്നവൻ ക്രിസ്തുവിനെത്തന്നെ സത്യമായും അറിഞ്ഞിരിക്കുന്നു. ആ അറിവ് ക്രിസ്തുവിന്റെ ജീവന്റെയും കഷ്ടാനുഭവത്തിന്റെയും, പുനരുത്ഥാനത്തിന്റെയും അറിവാണ്. ആശയങ്ങളും അഭിപ്രായങ്ങളും അടങ്ങിയ ഒരു ബാഹ്യമായ അറിവല്ല അത് -ആന്തരിക മനുഷ്യനിൽ ദൈവത്തിന്റെ രക്ഷാപ്രവൃത്തിയുടെ നിരന്തരക്രിയയ്ക്ക് ആധാരമായ അറിവാണത്. ജീവൽശക്തിയായിത്തീരുന്ന ഈ വിശ്വാസം, നീതിയായും സമാധാനമായും, പരിശുദ്ധാത്മാവിലുള്ള സന്തോഷമായും നമ്മിൽ പരിണമിക്കുന്നു. ഇപ്രകാരം ക്രിസ്തു നമ്മിൽ ഉരുവാകാത്ത ഏതൊരു വിശ്വാസവും ചില ആശയങ്ങളോടുള്ള ആഭിമുഖ്യമെന്നല്ലാതെ രക്ഷയ്ക്ക് ആധാരമായ വിശ്വാസമായിരിക്കുന്നില്ല.

വിശ്വാസവും അതിന്റെ പ്രവൃത്തിയും തമ്മിൽ വ്യത്യാസമുണ്ടെന്ന് കരുതുന്നത് എത്ര മിഥ്യയാണ്! ക്രിസ്തു എന്ന രക്ഷകനും, അവന്റെ രക്ഷാപ്രവൃത്തിയും തമ്മിൽ ഭിന്നമായിരിക്കുന്നതെവിടെയാണ്?. രക്ഷിതാവിന്റെ അറിവ്, രക്ഷയുടെ അറിവായിത്തന്നെയല്ലേ നമ്മിൽ പരിണമിക്കുന്നത്? നാം ആരിൽ വിശ്വസിച്ചിരിക്കുന്നുവോ, അവൻ തന്നെ നമ്മിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ട്, വിശ്വാസത്തെയും പ്രവൃത്തിയേയും അവിഭാജ്യമാക്കിത്തീർക്കുന്നു.

ഈ സത്യത്തെ അഭിമുഖീകരിക്കുവാൻ തക്കവണ്ണം നീ സത്യസന്ധനോ? എങ്കിൽ നിന്നോടു തന്നെ ചോദിക്കുക: "ക്രിസ്തുവിലുള്ള എന്റെ വിശ്വാസം എന്നിൽ വെളിപ്പെടുന്ന തന്റെ പ്രവൃത്തിയിൽ കൂടെയല്ലേ പ്രത്യക്ഷമാകുന്നത്?" ഈ പ്രവൃത്തിയുടെ അഭാവം എന്താണ് തെളിയിക്കുന്നത്? 'ക്രിസ്തുവിൽ വിശ്വസിക്കുകയെന്നതും ക്രിസ്തുവിനെ അനുസരിക്കുകയെന്നതും എനിക്കു വ്യത്യസ്തകാര്യങ്ങളായിരിക്കുന്നു. അനുസരണം കൂടാതെ വിശ്വസിക്കാം എന്നു ഞാൻ കരുതുന്നു'. ഈ വൈരുദ്ധ്യത്തിനെന്താണ് കാരണം? നിന്റെ ഉള്ളിൽ ജീവിക്കുന്ന രക്ഷകനായും, നിന്നെ ഭരിക്കുന്ന കർത്താവായും നീ അവനെ അറിഞ്ഞിട്ടില്ല. ഒരു കൽപന അനുസരിപ്പാനുള്ളതല്ല, വിശ്വസിപ്പാൻ മാത്രമുള്ളതാണെന്ന് നീ കരുതുന്നുവെങ്കിൽ, "വൃക്ഷത്തെ അതിന്റെ ഫലം കൊണ്ടറിയുകയില്ല", എന്നു നീ സിദ്ധാന്തിക്കുന്നവനാണ്. "എന്റെ വിശ്വാസത്തെ പ്രവൃത്തികൊണ്ട് കാണിച്ചു തരാം" എന്ന് അപ്പോസ്തോലൻ പറഞ്ഞ വിധം മാത്രമേ വിശ്വാസം തെളിയിക്കപ്പെടുകയുള്ളുവെങ്കിൽ, പ്രവൃത്തിയില്ലാത്ത വിശ്വാസം വിശ്വാസമേയല്ല! അതേ, ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നപോലെ, പ്രവൃത്തിയില്ലാത്ത വിശ്വാസം ചത്തതുതന്നെ. ഫലവും പ്രവൃത്തിയും മുഖാന്തരം മാത്രമേ യഥാർത്ഥ വിശ്വാസം തെളിയിക്കപ്പെടുകയുള്ളു.

എല്ലാറ്റിനും ദൈവത്തെ മാത്രം ലക്ഷ്യം വയ്ക്കുകയും, എല്ലാ കാര്യ

ത്തിലും എല്ലാ സമയത്തും ക്രിസ്തുവിന്റെ ഇഷ്ടം തന്റെ ജീവിതത്തിൽ നിറവേറണമെന്ന പരമ ലക്ഷ്യത്തിൽ എല്ലാം ക്രിസ്തുവിന്റെ നാമത്തിൽ ചെയ്യുകയും ചെയ്യുന്നവനാണ് വിശ്വാസി. എന്നാൽ താരതമ്യേന ഉത്തമന്മാരായി കരുതപ്പെടുന്ന വിശ്വാസികളുടെ ജീവിതം പോലും പ്രാഥമികമായ ക്രിസ്തീയപ്രമാണങ്ങൾക്ക് വിരുദ്ധമായി കാണപ്പെടുന്നു എന്നതല്ലേ സത്യം?

ക്രിസ്തുവിനോടുള്ള ഭക്തിയും , അതേ സമയം തന്റെ വചനത്തോടുള്ള അനുസരണമില്ലായ്മയും കൂടിക്കലർന്ന ഈ വൈരുദ്ധ്യാത്മക ജീവിതത്തിന് ഒഴികഴിവു പറയുക സാദ്ധ്യമോ?. തങ്ങളുടെ പ്രാർത്ഥനയ്ക്കും വിശ്വാസത്തിനും അനുസൃതമായി ജീവിക്കണമെന്ന ആത്മാർത്ഥമായ താത്പര്യത്തിന്റെ അഭാവം നിമിത്തം മാത്രമാണ് നിഗളവും, അത്യാഗ്രഹവും, ലൗകികതയും, അവിശ്വാസികളെക്കാൾ ഒട്ടും കുറയാതെ, വിശ്വാസത്തെ മുറുകെ പിടിക്കുന്നവർ എന്നു ഭാവിക്കുന്ന ഇവരിൽ പ്രകടമായിരിക്കുന്നത്.

സത്യസന്ധതയും നിശ്ചയദാർഢ്യവും കൂടാതെ ദാനിയേൽ ഒരു ദൈവപുരുഷൻ ആയിത്തീരുമായിരുന്നില്ല. നാൾതോറും ക്രൂശെടുത്തു സ്വയം നിഷേധിക്കുവാനും ക്രിസ്തുവിനെ പിൻഗമിക്കുവാനും ആത്മാർത്ഥമായ ആഗ്രഹവും ലക്ഷ്യവുമില്ലായിരുന്നെങ്കിൽ ആദിമസഭ വിശുദ്ധന്മാരുടെ കൂട്ടായ്മയായും രക്തസാക്ഷികളുടെ മഹനീയസംഘമായും തീരുമായിരുന്നില്ല. എന്നാൽ തങ്ങളെയും തങ്ങൾക്കുള്ളതിനേയും പൂർണ്ണമായും ക്രിസ്തുവിന് സമർപ്പിക്കാൻ വൈമുഖ്യം കാണിക്കുക നിമിത്തം, സഭ ഇന്ന് "ദിവ്യസ്നേഹത്തിനും" "അതിവിശുദ്ധ വിശ്വാസത്തിനും" അധരസേവ മാത്രം നടത്തിക്കൊണ്ട് പരസ്യമായ ഒരു വ്യാജം (fraud) ആയിരിക്കുന്നു!

**നാൾതോറും ക്രൂശെടുത്തു സ്വയം നിഷേധിക്കുവാനും ക്രിസ്തുവിനെ പിൻഗമിക്കുവാനും ആത്മാർത്ഥമായ ആഗ്രഹവും ലക്ഷ്യവുമില്ലായിരുന്നെങ്കിൽ ആദിമസഭ വിശുദ്ധന്മാരുടെ കൂട്ടായ്മയായും രക്തസാക്ഷികളുടെ മഹനീയ സംഘമായും തീരുമായിരുന്നില്ല. എന്നാൽ തങ്ങളെയും തങ്ങൾക്കുള്ളതിനേയും പൂർണ്ണമായും ക്രിസ്തുവിന് സമർപ്പിക്കാൻ വൈമുഖ്യം കാണിക്കുക നിമിത്തം, സഭ ഇന്ന് പരസ്യമായ ഒരു വ്യാജം ആയിരിക്കുന്നു!**

ആദ്യ ക്രിസ്ത്യാനിത്വത്തിൽ നിന്നും, നിന്റെ ക്രിസ്ത്യാനിത്വം എന്തുകൊണ്ട് വിഭിന്നമായിരിക്കുന്നുവെന്ന് നിന്റെ ഹൃദയത്തോട് ചോദിക്കുക. സത്യസന്ധമായ ഉത്തരം ഇതായിരിക്കും: നീ ഒരിക്കലും അവർ ജീവിച്ചതു പോലെ ജീവിക്കുവാനും, അവർ മരിച്ചതു പോലെ മരിക്കുവാനും തീക്ഷ്ണമായി നിർണ്ണയിച്ചിട്ടില്ല തന്നെ. ആദിമക്രിസ്ത്യാനികളുടെ അതേ വിശ്വാസം കൈക്കൊള്ളുകയും അവരുടെ പ്രവൃത്തി കൂടാതെ ജീവിക്കുകയും ചെയ്യുക സാധ്യമാണെന്ന പിശാചിന്റെ ഭോഷ്ക് നീ വിശ്വസിച്ചിരിക്കുന്നു. നീ സത്യസന്ധനാണെങ്കിൽ യേശു നടന്നവണ്ണം നടക്കുവാൻ നിന്റെ ഹൃദയത്തിൽ യഥാർത്ഥമായ ഒരു താത്പര്യം ഇല്ലായ്ക നിമിത്തമാണ് ഈ ഭോഷ്ക് സന്തോഷപൂർവ്വം സ്വീകരിച്ചത് എന്ന് സമ്മതിക്കും.

യഥാർത്ഥ ക്രിസ്ത്യാനി അന്വേഷിക്കുന്നത് അനുവദിക്കാവുന്ന കാര്യങ്ങൾ ഏതൊക്കെയാണെന്നും, ഏതൊക്കെ ചെയ്താൽ ദൈവം ക്ഷമിക്കുമെന്നുമല്ല, മറിച്ച് ദൈവം മാനിക്കു





ന്നതും വില മതിക്കുന്നതുമായ കാര്യങ്ങൾ എന്തെല്ലാമാണെന്നാണ്. അവന്റെ ഹൃദയത്തിന്റെ തീവ്രമായ ആഗ്രഹവും തിടുക്കവും അവയെ കണ്ടെത്തി ചെയ്യുന്നതിലാണ്. തന്റെ ജീവിതത്തിന്റെ ഭോഷത്തവും, ആസക്തികളുടെ ഭ്രാന്തും, മായയ്ക്കായിട്ടുള്ള പാഴ്ച്ചെലവുകളും, വ്യർത്ഥമാക്കിക്കളയുന്ന സമയവും ദൈവം ക്ഷമിക്കുമോ എന്ന ചോദ്യത്തിനു പകരം, ദൈവപ്രസാദമുള്ള കാര്യങ്ങൾ ഹൃദയപൂർവ്വം അന്വേഷിക്കുകയും അല്ലാത്തതെല്ലാം വിട്ടോടിപ്പോകുകയും ചെയ്യുന്ന മനോഭാവമാണവനുള്ളത്. ചുറ്റുമുള്ള വിശ്വാസികളെ നോക്കി സ്വന്തം അവിശ്വസ്തതയ്ക്ക് ഒഴികഴിവു കണ്ടെത്തുകയോ, തെറ്റായ മാതൃക പിൻപറ്റുകയോ ചെയ്യാതെ വിശ്വസ്തനായ ഒരുവൻ ദൈവവചനത്തിലെ എല്ലാ കൽപനകളെയും ഉപദേശത്തെയും ഉപമകളെയും, ഉറ്റുനോക്കുകയും തനിക്കായതു സ്വീകരിക്കയും ചെയ്യുന്നു. ഇരുട്ടിന്റെ മക്കൾ ഭൗതിക താത്പര്യങ്ങൾക്കായി കാണിക്കുന്ന ജാഗ്രത പോലെ തന്നെ, വെളിച്ചത്തിന്റെ അവകാശങ്ങൾക്കായി അവൻ അത്യന്തം ശുഷ്കാന്തിയുള്ളവനായിരിക്കുന്നു. ഇനിയും ഞാൻ ചോദിക്കട്ടെ: കർത്താവിനെ തന്റെ എല്ലാ വഴികളിലും പിൻപറ്റുവാനുള്ള ആശ പോലും ഇല്ലാത്ത നിനക്ക് ക്രിസ്തുവിന്റെ അനുയായി എന്ന് പേരെടുക്കാൻ എന്താണു യോഗ്യത? താലന്ത് കുഴിച്ചിട്ടിട്ട് അനുസരണക്കേടിനു ന്യായം പറഞ്ഞവനിൽ നിന്നും വ്യത്യസ്തനല്ല, ബലഹീനതയുടെ പേരിൽ അനുസരണക്കേടിനു ന്യായം പറയുന്ന നീയും. ജീവങ്കലേക്കുള്ള പാത ഇടുക്കമുള്ളതെന്നും അതിൽ കൂടി കടക്കുന്നവർ ചുരുക്കമത്രേ എന്നുമുള്ള മുന്നറിയിപ്പോർക്കുക. "ഇടുക്കുവാതിലിലൂടെ കടപ്പാൻ നോക്കുവിൻ" എന്നും "ഭയത്തോടും വിറയലോടും കൂടി നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ" എന്നുമുള്ള പ്രബോധനവും കരുതിക്കൊൾക.

പുതുജനനത്തിലൂടെ പുതിയ സൃഷ്ടിയായിത്തീർന്നിട്ടുള്ളവർക്ക് മാത്രമാണ് ദൈവത്തിന്റെ പുതുവാന ഭൂമിയിൽ പ്രവേശനമുള്ളത്. "നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തിക്കായി ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. നാം അതിൽ നടക്കേണ്ടതിനായി അവ നമുക്കായി മുന്നൊരുക്കിയിരിക്കുന്നു." ഈ ആത്യന്തരക്ഷയിലുള്ള വിശ്വാസം പ്രാപിച്ചവന്, ദൈവവചനം ഇത്ര വ്യക്തമായി ഉദ്ഘോഷിക്കുന്ന പുതിയ സൃഷ്ടിയുടെ 'പ്രവൃത്തികൾ' എങ്ങനെ വെളിപ്പെടുത്താതിരിക്കാൻ കഴിയും? പ്രവൃത്തി കൂടാതെയുള്ള വിശ്വാസം ചത്തതു തന്നെ! വിശ്വാസം കൂടാതെയുള്ള പ്രവൃത്തികളാകട്ടെ, ദൈവത്തിന് അസ്വീകാര്യമായ പാപജഡത്തിന്റെ നിർജ്ജീവമായ യാഗങ്ങളും വഴിപാടുകളുമാണ്. പ്രവൃത്തിയില്ലാത്ത വിശ്വാസം വ്യാജവും ദൈവത്തിന്റെ ജീവനില്ലാത്തതുമാണ്- ആത്മാവിന്റെ ഫലം ഉളവാക്കുവാൻ അതിന് കഴിയുന്നതുമല്ല. നമ്മുടെ വിശ്വാസമെന്ന പാത്രത്തിലേക്ക് പരിശുദ്ധാത്മാവിന്റെ അനുഗ്രഹവും ശക്തിയും ദൈവം പകരുകയും ക്രിസ്തുവിന്റെ ജീവനാൽ നമ്മെ നിറച്ച് ജീവനുള്ള നദികൾ അവിടുന്ന് നമ്മിൽ നിന്ന് പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഈ വാഗ്ദാനത്തെ മുറുകെപ്പിടിക്കുന്നവൻ ദൈവം മുന്നൊരുക്കിയ സൽപ്രവൃത്തികൾ വെളിപ്പെടുത്തും.ഇത് യേശുവിന്റെ വാക്കുകളുടെ നിറവേറൽ തന്നെയാണ്. "എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ ചെയ്തതിലും അധികം പ്രവൃത്തി ചെയ്യും". -(സമാഹൃതം)



# കുരിശും കഠാരയും

ഡേവിഡ് വിൽക്കേഴ്സൺ

## അദ്ധ്യായം-7

**കഴിഞ്ഞലക്കത്തിൽ**

*അമേരിക്കയിൽ ഫിൽസ്ബർഗ്ഗിലെ ചെറിയ ഒരു സഭയുടെ ശുശ്രൂഷകനായിരുന്നു ഡേവിഡ് വിൽക്കേഴ്സൺ. അദ്ദേഹം തന്റെ ടി.വി. വിറ്റ് രാത്രിയിൽ ടി.വി. കാണുന്ന സമയം പ്രാർത്ഥനയ്ക്കായി എടുക്കാൻ തുടങ്ങി. അങ്ങനെ പ്രാർത്ഥിക്കുന്ന ഒരു രാത്രി ലൈഫ് മാസികയിലെ ഒരു ചിത്രം കാണാനിടയായി. ന്യൂയോർക്കിലെ കൗമാരക്കാരുടെ അധോലോകസംഘമായ ഡ്രാഗണിലെ അംഗങ്ങളായ ഏഴുകുട്ടികളുടെ ചിത്രമായിരുന്നു അത്. അവർ മൈക്കൽഫാർമാർ എന്നൊരു കുട്ടിയെ മൃഗീയമായി കൊലപ്പെടുത്തിയതിന് ന്യൂയോർക്കിൽ കൊലക്കേസ് വിചാരണയെ നേരിടുകയാണ്. ഈ കുട്ടികളെ സഹായിക്കാൻ ന്യൂയോർക്കിൽ പോകണമെന്ന ഭാരം വിൽക്കേഴ്സണ് അനുഭവപ്പെട്ടു. അദ്ദേഹം അടുത്ത ദിവസം തന്റെ സഭാജനങ്ങളുമായി തന്റെ ഭാരം പങ്കുവച്ചു. പിറ്റേന്ന് അദ്ദേഹം സഭയിലെ യൂത്ത് ഡയറക്ടർ മിൽസ് ഹോവറുമൊന്നിച്ച് കാറിൽ മുന്നൂറ്റമ്പതുകിലോമീറ്റർ അകലെയുള്ള ന്യൂയോർക്കിലേക്ക് യാത്രയായി. അവിടെ മൈക്കൽ ഫാർമർ കേസ് വിചാരണചെയ്യുന്ന കോടതിയിൽ അവർ കുട്ടികളെ കാണാനെത്തി. കോടതി നടപടികളെക്കുറിച്ച് അറിവില്ലാതിരുന്ന റവ. വിൽക്കേഴ്സൺ കുട്ടികളെ സഹായിക്കാനുള്ള വ്യഗ്രതയിൽ അവിടെ കോടതിനടപടികളിൽ ഇടപെട്ടു. കോടതിയിൽനിന്നു പുറത്താക്കപ്പെട്ടു. പരിഹാസപാത്രമായ വിൽക്കേഴ്സണിന്റെ പടവും വാർത്തയും മാധ്യമങ്ങളിലെല്ലാം വന്നു. എന്നാൽ ഒരാഴ്ചയ്ക്കുശേഷം അദ്ദേഹം വീണ്ടും ന്യൂയോർക്കിലേക്കു പോയി. അവിടെ കൗമാരക്കാരുടെ രണ്ടു തെരുവുസംഘങ്ങളെ പരിചയപ്പെട്ടു. എന്നാൽ ജയിലിലുള്ള കുട്ടികളെ കാണാൻ അനുമതി പൂർണ്ണമായി നിഷേധിക്കപ്പെട്ടു. ജയിലിലുള്ള കുട്ടികളെവിട്ട് തെരുവുകുട്ടികളെശ്രദ്ധിക്കാൻ അദ്ദേഹം തീരുമാനിച്ചു ഡേവിഡിന്റെ മുത്തശ്ശനും അതിനെ പ്രോൽസാഹിപ്പിച്ചു.......തുടർന്നു വായിക്കുക..*

ഒരാഴ്ച കഴിഞ്ഞ് ന്യൂയോർക്കിലേക്കുള്ള എന്റെ യാത്ര ഒരു പ്രത്യേക മാനസികാവസ്ഥയിലായിരുന്നു. പുതിയ സ്വപ്നത്താൽ ഞാൻ ഉത്തേജിതനായിരുന്നു. അതേ സമയം ഞാൻ ആഴമായിത്തന്നെ നിരാശനും പൂർണ്ണമായി കുഴങ്ങിയവനും ആയിരുന്നു. ആ വലിയ പട്ടണത്തിൽ എനിക്കു നേരിടേണ്ടി വരുന്ന ശത്രുവിനെക്കുറിച്ചു ഞാൻ ഏറെ പഠിച്ചപ്പോൾ എന്റെ യോഗ്യതയില്ലായ്മ വളരെ പ്രകടമായിരുന്നു.

ന്യുയോർക്കിൽ ചേരികളുണ്ടാക്കുന്ന സാമൂഹികവ്യവസ്ഥയുടെ





പിന്നിൽ പതുങ്ങിയിരിക്കുന്ന ശത്രു ഒറ്റപ്പെട്ടവരും സ്നേഹത്തിനുവേണ്ടി കൊതിക്കുന്നവരുമായ കുട്ടികളെ പിടികൂടുവാൻ ദത്തശ്രദ്ധനായിരുന്നു. സുരക്ഷിതത്വം, സ്വാതന്ത്ര്യം, സന്തോഷം, പ്രതികാരത്തിന്റെ സുഖം എന്നീ വാഗ്ദാനങ്ങളായിരുന്നു ഈ ശത്രുവിനു കുഞ്ഞുങ്ങളുടെ നേരെ വച്ചുനീട്ടുവാനുണ്ടായിരുന്നത്. അവൻ ഈ വാഗ്ദാനങ്ങൾക്ക് നിഷ്ക്കളങ്കങ്ങളായ പേരുകൾ നൽകി: ക്ളബ്(കൊലപാതകസംഘങ്ങൾ എന്നതിനു പകരം), പുക(ലഹരിമരുന്നിന്റെ അടിമത്തം എന്നല്ല), മീൻചാട്ടം(ലൈംഗികവൈകൃതം എന്നതിനു പകരം), തല്ലിപ്പൊളി(മരണത്തിൽ കലാശിക്കുന്ന കണ്ണും മൂക്കുമില്ലാത്ത പോരാട്ടം എന്നല്ല) എന്നിങ്ങനെയുള്ള ഓമനപ്പേരുകൾക്കു പിന്നിൽ അവയുടെ യഥാർത്ഥ സ്വഭാവം ശത്രു സമർത്ഥമായി ഒളിച്ചുപിടിച്ചു. പോരെങ്കിൽ അവന്റെ ഇരകളുമായി ബന്ധപ്പെടുന്നത് അവൻ ഏറെക്കുറെ അസാദ്ധ്യമാക്കിത്തീർത്തു. ഈ കുട്ടികൾക്കു ചുറ്റും കാഠിന്യത്തിന്റെ കന്മുള്ള സംരക്ഷണഭിത്തികൾ അവൻ തീർത്തു. കഠിനരായിരിക്കുന്നതിൽ അഭിമാനം തോന്നുന്നവരായി അവരെ തീർത്തു.

അവന്റെ ശക്തിക്കെതിരെ ഞാനെന്റെ ബലഹീനത ചേർത്തുവച്ചു. എനിക്ക് അസാധാരണമായ ആയുധങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. അനുഭവജ്ഞാനവും എനിക്കില്ലായിരുന്നു. പണം ഇല്ല. ഒരു സംഘടനയും എന്നെ പിന്തുണയ്ക്കാൻ ഉണ്ടായിരുന്നില്ല. വഴക്കും ഏറ്റുമുട്ടലും എനിക്കു പേടിയായിരുന്നു.

ചെറുപ്പത്തിൽ ഒരിക്കൽ ഒരു ഏറ്റുമുട്ടലിനെ പേടിച്ച് നാളുകൾ കഴിച്ചത് പൊടുന്നനെ ഞാൻ ഓർത്തു. ഞാനന്നു കുട്ടിയായിരുന്നു. പിറ്റ്സ്ബർഗ്ഗിലേക്കു ഞങ്ങൾ മാറിയിട്ടേ ഉണ്ടായിരുന്നുള്ളു. സ്കൂളിൽ ഛക്ക് എന്ന പേരിൽ മുട്ടാളനായ ഒരു കുട്ടിയുണ്ടായിരുന്നു. പിറ്റ്സ്ബർഗ്ഗിൽ വന്നപ്പോൾ തന്നെ ഞാൻ അവനെക്കുറിച്ചു കേട്ടു. പുതുതായി വരുന്ന കുട്ടികളെ അവൻ തല്ലും. പ്രത്യേകിച്ചും ഉപദേശിമാരുടെ മക്കളോട് അവൻ ക്രൂരമായാണ് പെരുമാറിയിരുന്നതത്രേ.

ഛക്കിനെ കാണുന്നതിനു മുമ്പേ ഞാൻ അവനെ പേടിച്ചു. ഞാൻ അവനെ മുഖാമുഖം കാണുമ്പോൾ എന്തു ചെയ്യും? ഞാൻ ഈ ചോദ്യം ദൈവത്തോടുതന്നെ ചോദിച്ചു. ഉത്തരം വളരെ വേഗത്തിൽ വളരെ വ്യക്തതയോടെ ലഭിച്ചു. 'സൈന്യത്താലല്ല ശക്തിയാലുമല്ല, എന്റെ ആത്മാവിനാൽ തന്നെ'. ബൈബിളിൽ നിന്നുള്ള ഒരു ഉദ്ധരണിയാണെന്ന് എനിക്കറിയാമായിരുന്നു. ഞാൻ ബൈബിൾ പരിശോധിച്ച് ആ വാക്യം കണ്ടെത്തി.-സെഖര്യാവ്.4:6. ഞാൻ ഉടനെ തന്നെ അതെന്റെ ആദർശവാക്യമായി സ്വീകരിച്ചു. ഛക്കിനെ കണ്ടുമുട്ടുമ്പോൾ ആ വാഗ്ദാനത്തിൽ ചാരുവാൻ ഞാൻ തീരുമാനിച്ചു. അവന്റെ മുട്ടാളത്തത്തിനു ബദലായി ദൈവം എനിക്കൊരു'വിശുദ്ധധൈര്യം' നൽകുമെന്നു ഞാൻ വിശ്വസിച്ചു.

വേഗത്തിൽ തന്നെ ഇതു പരീക്ഷിച്ചറിയുവാൻ എനിക്കവസരം വന്നു. ഞാൻ സ്കൂളിൽ നിന്നും ഉച്ചയ്ക്കുശേഷം ഒറ്റയ്ക്ക് വീട്ടിലേക്കു മടങ്ങുകയാണ്. പുതിയ ഉടുപ്പാണ് ഞാൻ ധരിച്ചിരിക്കുന്നത്. അതിന്റെ അർത്ഥം ഞാനന്ന് ഒരു വിധത്തിലും ഒരേറ്റുമുട്ടലിൽ പെടരുതെന്നാണ്. കാരണം ഞങ്ങളുടെ വീട്ടിൽ വളരെ കഷ്ടപ്പെട്ടാണ് പുതിയ ഡ്രസ് എടുക്കുന്നത്. അത് തെരുവുവഴക്കിൽ നശിപ്പിക്കാനുള്ളതല്ല.

പെട്ടെന്ന് എന്റെ മുമ്പിൽ ഒരു കുട്ടി പോകുന്നത് കണ്ടു. നിമിഷം കൊണ്ട് അതു ഛക്കാണെന്നു ഞാൻ തീർച്ചപ്പെടുത്തി. തെരുവിന്റെ എതിർവ

ശത്തുകൂടിയാണ് അവൻ നടന്നിരുന്നത്. പെട്ടെന്ന് അവനും എന്നെ കണ്ടു. തെരുവ് കുറുകെക്കടന്ന് അവൻ വെകിളിപിടിച്ച ഒരു കാളക്കൂറ്റനെപ്പോലെ ചീറ്റിക്കൊണ്ട് എന്റെ നേരെ വന്നു. ഷക്ക് ഒരു വലിയ തടിയനായിരുന്നു. എന്നെക്കാൾ 50 പൗണ്ടെങ്കിലും തൂക്കം കാണും. എന്റെ മുമ്പിൽ അവൻ വഴിതടഞ്ഞു നിന്നപ്പോൾ പടുകൂറ്റനായ അവന്റെ മുഖത്തു നോക്കുവാൻ ഞാൻ കഴുത്ത് പുറകോട്ട് തിരിക്കണമായിരുന്നു!

ഷക്ക് കൈകൾ ഇടുപ്പിൽ കുത്തി കാലുകൾ അകറ്റിവച്ച് എന്റെ മുമ്പിൽ നിലയുറപ്പിച്ചു.

“നീയാ ഉപദേശീടെ മോനാ”

അതൊരു ചോദ്യമായിരുന്നില്ല, വെല്ലുവിളിയായിരുന്നു. ഒരു വിശുദ്ധ ധൈര്യത്തെക്കുറിച്ചുള്ള പ്രതീക്ഷയൊക്കെ ആ നിമിഷത്തിൽത്തന്നെ എന്നിൽ ആവിയായിപ്പോയി. ഞാൻ അടിമുടി പേടിച്ചു വിറച്ചുപോയി.

“സൈന്യത്താലല്ല, ശക്തിയാലുമല്ല എന്റെ ആത്മാവിനാൽ തന്നെ; സൈന്യത്താലല്ല, ശക്തിയാലുമല്ല.............” ഞാൻ ആ വാചകം എന്നോടു തന്നെ ആവർത്തിച്ച് ഉരുവിടാൻ തുടങ്ങി. ഈ സമയം അവൻ എന്നെ അടിമുടി വിലയിരുത്തി തന്റെ അഭിപ്രായം പറയാൻ തുടങ്ങി. ഒന്നാമത് പുതിയ വേഷത്തിൽ ഞാൻ ആകെയൊരു ബോറൻ ആണെന്ന് അവൻ പറഞ്ഞു. രണ്ടാമത് ഞാനൊരു കൊതുകുപോലെ ദുർബലനാണെന്ന് അവൻ അഭിപ്രായപ്പെട്ടു. മൂന്നാമത് ഉപദേശിമാരുടെ മക്കളെക്കുറിച്ചുള്ള അവന്റെ പൊതുവായ ചില നിരീക്ഷണങ്ങൾ അവതരിപ്പിച്ചു.

“............ആത്മാവിനാൽ തന്നെ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.” ഞാൻ ഒരക്ഷരം പോലും മിണ്ടാതെ അപ്പോഴും ഉരുക്കഴിക്കുകയായിരുന്നു. അപ്പോൾ പൊടുന്നനെ എന്റെ ഉള്ളിൽ അത്ഭുതകരമായ ഒരു കാര്യം സംഭവിച്ചു. എന്റെ ഭയം അലിഞ്ഞു പോയി. ആ സ്ഥാനത്ത് ആത്മവിശ്വാസവും സന്തോഷവും ഉണ്ടായി. ഞാൻ ഷക്കിനെ നോക്കി ആർദ്രതയോടെ പുഞ്ചിരിച്ചു.

അതു ഷക്കിനെ കൂടുതൽ വെറിപിടിപ്പിച്ചു. ഒരു യുദ്ധത്തിനായി അവൻ എന്നെ വെല്ലുവിളിച്ചപ്പോൾ ആ മുഖം രക്തനിറമായിരുന്നു.

അപ്പോഴും ഞാൻ പുഞ്ചിരിച്ചു.

ഷക്ക് മുഷ്ടി ചുരുട്ടിക്കൊണ്ട് എന്നെ വട്ടമിടാൻ തുടങ്ങി. കൈകളിലേക്ക് കരുത്ത് ആവാഹിച്ച് വായുവിൽ കൊച്ചു താഡനങ്ങൾ ഏൽപിച്ച് അവൻ എന്റെ ചുറ്റും നടക്കുകയാണ്. അവന്റെ മുഖത്ത് ഒരു അമ്പരപ്പ് കാണാമായിരുന്നു-ഈ നരുന്ത് പയ്യന് എന്താ പേടിയില്ലാത്തത്?

ഞാനും വട്ടത്തിൽ നടക്കാൻ തുടങ്ങി. എന്നാൽ ഒരിക്കലും എന്റെ ദൃഷ്ടി അവന്റെ കണ്ണുകളിൽ നിന്നും മാറ്റിയില്ല. മാത്രമല്ല ഉടനീളം ഞാൻ പുഞ്ചിരിക്കുകയായിരുന്നു

ഒടുവിൽ ഷക്ക് എന്നെ ഇടിച്ചു. പക്ഷേ അതു മടിച്ചുള്ള ഒരു കൊച്ചു താഡനമായിരുന്നു. അതെനിക്കു പുഷ്പം പോലെ തോന്നി. എന്റെ നില തെറ്റിക്കാൻ അതു പര്യാപ്തമായിരുന്നില്ല. ഞാൻ താഴ്ന്ന ശബ്ദത്തിൽ രഹസ്യമായി ചിരിച്ചുപോയി.

പൊടുന്നനെ ഷക്ക് വട്ടംചുറ്റൽ നിർത്തി.അവന്റെ മുഷ്ടികൾ താണു അവൻ പുറകോട്ട് മാറി . പെട്ടെന്ന് അവൻ തിരിഞ്ഞുനോക്കാതെ തെരുവിലേക്ക് നടന്നുകളഞ്ഞു.

പിറ്റേന്ന് സ്കൂളിൽ ചെന്നപ്പോൾ പട്ടണത്തിലെ ഏറ്റവും മുറാളനായ ‘ബാശാൻ കൂറ്റനെ’ ഞാൻ തറ പറ്റിച്ചതിന്റെ കഥകളാണെങ്ങും. ഷക്ക് തന്നെയാണ് എല്ലാവരോടും പറഞ്ഞത്. താൻ പൊരുതിയിട്ടുള്ളതിൽ





# ആ ഇഷ്ടിക, ഈ പുസ്തകം

ഒരിക്കൽ സാമുവൽ ബ്രിംഗിൽസ് എന്ന ദൈവഭൃത്യൻ തെരുവിലൂടെ നടന്നു പോകുകയായിരുന്നു. പെട്ടെന്ന് മദ്യപിച്ച് മദോന്മത്തനായ ഒരുവൻ അദ്ദേഹത്തിന്റെ നേരേ ഒരു ഇഷ്ടികക്കഷണം എടുത്തെറിഞ്ഞു. ഏറുകൊണ്ട് പരുക്കേറ്റ ബ്രിംഗിൽസിന് ഒന്നര വർഷത്തോളം പ്രസംഗത്തിനൊന്നും പോകാൻ കഴിയാതെ വീട്ടിൽതന്നെ കിടക്കയിൽ സമയം ചെലവഴിക്കേണ്ടി വന്നു. ഈ സമയം അദ്ദേഹം ഒരു പുസ്തകം എഴുതി--വിശുദ്ധിയിലേക്കുള്ള സഹായം(Help to holiness). പിന്നീട് പ്രസിദ്ധമായ ഈ പുസ്തകം ഒട്ടേറെ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. അനേകർക്ക് ഈ ഗ്രന്ഥം പ്രയോജനമായി. “ആ ഇഷ്ടിക ഇല്ലായിരുന്നെങ്കിൽ ഈ പുസ്തകവും ഉണ്ടാകുകയില്ലായിരുന്നു”ബ്രിംഗിൽസിന്റെ ഭാര്യ ഒരിക്കൽ പറഞ്ഞത് അങ്ങനെയാണ്.

ബ്രിംഗിൽസിന്റെ വീട്ടിൽ ഒരു ഇഷ്ടികയിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: “നിങ്ങൾ എന്റെ നേരേ ദോഷം വിചാരിച്ചു. ദൈവമോ, അതിനെ ഗുണമാക്കിത്തീർത്തു”.(ഉൽപത്തി 50:21)—യോസേഫ് തന്റെ സഹോദരന്മാരോട് പറഞ്ഞ വാക്കുകൾ!

**(1കൊരി.10:13; 1പത്രോ.4:12)**

ഏറ്റവും കരുത്തനായ കുട്ടി ഞാനാണെന്നാണ് അവൻ പറഞ്ഞത്. സ്കൂൾ മുഴുവൻ എന്നെ ആരാധനയോടെ നോക്കി. എനിക്കു കുട്ടികളോട് സത്യം വെളിപ്പെടുത്താമായിരുന്നു. പക്ഷേ ഞാനത് ചെയ്തില്ല. എനിക്കു കിട്ടിയ ബഹുമതിയും അംഗീകാരവും മറ്റാരും എന്നോട് ഏറ്റുമുട്ടാതിരിക്കാനായി എനിക്കു ലഭിച്ച ഒരു ഇൻഷുറൻസ് പോളിസി ആയിരുന്നു. ഏറ്റുമുട്ടലുകളെ ഇഷ്ടപ്പെടാഞ്ഞതുകൊണ്ട് ആ പോളിസി കൈവിട്ടുകളയാൻ ഞാൻ ഒരുക്കമായിരുന്നില്ല.

ഈ പഴയ ഓർമ്മകളിൽ പ്രാധാന്യമുള്ള ചിലതുണ്ടെന്നു ഞാൻ കണ്ടു. ഇവിടെയും ഞാൻ എന്നെക്കാൾ വലിയ,ശക്തനായ, ഒരു ശത്രുവിനെയാണ് നേരിടാൻ പോകുന്നത്. ഇവിടെയും ഞാൻ ദുർബലനാണ്. പക്ഷേ ഈ ബലമില്ലായ്മ മറ്റൊരു വിധത്തിൽ എന്റെ ശക്തിയാണ്.—കാരണം, ഞാൻ എന്നിൽത്തന്നെ ആശ്രയിക്കരുതെന്ന് വ്യക്തമായും എനിക്കറിയാം. പണം, ഉന്നതങ്ങളിലുള്ള പിടിപാടുകൾ, സോഷ്യോളജിയിൽ ബിരുദം ഇതൊക്കെയുണ്ടെങ്കിൽ ഈ ശത്രുവിനെ എതിരിടാൻ കഴിയുമെന്നു ചിന്തിച്ചാൽ ഞാനൊരു മടയനായിരിക്കും. കാരണം, എനിക്കിതൊന്നുമില്ല. ഈ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരു പുതിയ തുടക്കവും അവർക്ക് പുതിയ ഒരന്തരീക്ഷവും ഞാൻ സ്വപ്നം കാണുന്നതു ശരിയാണെങ്കിൽ ഒരു പക്ഷേ തീർത്തും കഴിവില്ലാത്തവനായ എന്നെത്തന്നെയായിരിക്കും ദൈവം അതിനായി തിരഞ്ഞെടുക്കുക. കാരണം അങ്ങനെയെങ്കിൽ തുടക്കം മുതൽ അവിടുത്തെ വേല തന്നിൽ മാത്രം ആശ്രയിച്ചിരിക്കുമല്ലോ. ‘സൈന്യത്താലല്ല ശക്തിയാലുമല്ല എന്റെ ആത്മാവിനാൽ തന്നെ എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.’

എന്റെ സ്വപ്നം പൂവണിയുന്ന

തിനു വേണ്ടി ആദ്യചുവടു വയ്ക്കാൻ ഞാൻ തീരുമാനിച്ചു.ഇത്തരം ദർശനങ്ങൾ കാണാൻ എനിക്കെന്തെങ്കിലും അവകാശമുണ്ടോ എന്നറിയാനാണ് ഞാനാദ്യമായി ആഗ്രഹിച്ചത്. ഞാൻ സ്വപനം കാണുന്ന നിലയിൽ ന്യുയോർക്കിലെ കൗമാരക്കാർക്കും അവരുടെ അധോലോകസംഘങ്ങൾക്കും മയക്കുമരുന്നിന്റെ അടിമകൾക്കും അടിസ്ഥാനപരമായി മാറുവാൻ കഴിയുമോ? സുവിശേഷസന്ദേശത്തിന്റെ ഹൃദയം എന്നു പറയുന്നത് രൂപാന്തരത്തിന്റെ അനുഭവമാണെന്നു മൂത്തശ്ശൻ ആവർത്തിച്ചു പറഞ്ഞത് ഞാനോർത്തു.അദ്ദേഹം പറഞ്ഞ ബൈബിൾ വചനം ഓർമ്മയിൽ നിന്നു ഞാൻ ചികഞ്ഞെടുത്തു.യേശു അവനോട്: "ആമേൻ ആമേൻ ഞാൻ നിന്നോടു പറയുന്നു പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല'' എന്ന് ഉത്തരം പറഞ്ഞു. നിക്കോദെമോസ് അവനോട്: മനുഷ്യൻ വൃദ്ധനായ ശേഷം ജനിക്കുന്നതെങ്ങിനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്നു ജനിക്കാമോ എന്നു ചോദിച്ചു. അതിന് യേശു: "ആമേൻ ആമേൻ ഞാൻ നിന്നോടു പറയുന്നു വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല. ജഡത്താൽജനിച്ചത് ജഡമാകുന്നു, ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു".

അതുകൊണ്ട് ഈ കുട്ടികൾക്ക് നാടകീയമായ ഒരു മാറ്റം ഉണ്ടാകണമെങ്കിൽ അവരുടെ ഹൃദയങ്ങളിൽ രൂപാന്തരം നടക്കണം. എനിക്ക് അത് കൊണ്ടുവരുവാൻ കഴിയുകയില്ല. അത് പരിശുദ്ധാത്മാവിന്റെ ഒരു പ്രവൃത്തിയാണ്. എന്നാല് ഒരു പക്ഷേ പരിശുദ്ധാത്മാവിന് ഈ കുട്ടികളിലേക്ക് എത്തുവാനുള്ള ഒരു കൈവഴിയായിരിക്കുവാൻ എനിക്ക കഴിയും.

ഇതു ശരിയാണോ എന്നു കണ്ടെത്തുവാൻ ഒരു വഴിയുണ്ട്. ഇതുവരെ ഞാൻ നഗരത്തിലൂടെ നടക്കുകയും നഗരത്തെ ശ്രദ്ധിക്കുകയുമാണ് ചെയ്തത്. ഇനിയും ഞാൻ ഒരു നീക്കം നടത്തേണ്ടിയിരിക്കുന്നു. എനിക്കു കഴിയാത്ത മേഖലകളിൽ പരിശുദ്ധാത്മാവ് തന്നെ ഇടപെടും എന്ന് വിശ്വസിച്ചു കൊണ്ട് ഞാൻ ഈ കുട്ടികളോട് സംസാരിക്കേണ്ടതുണ്ട്. ന്യുയോർക്കിനെക്കുറിച്ച് ഞാൻ ചില അന്വേഷണങ്ങൾ നടത്തി. നഗരത്തിൽ എവിടെയാണ് ഏറ്റവും കുഴപ്പക്കാരും പ്രശ്നക്കാരുമായ കൗമാരഅധോലോകസംഘങ്ങൾ ഉള്ളത്? പല സമയത്തും പല ഭാഗങ്ങളിൽ നിന്നു രണ്ടു പേരുകളാണ് ഉയർന്നു വന്നത്: ഒരു സംഘത്തിന്റെ പേര് 'ചാപ്ളയിൻസ്' രണ്ടാമത്തേത് ''മൗ മൗസ്'. രണ്ടു കൂട്ടരും ബ്രൂക്കിലിനിൽ ഗ്രീൻ ഫോർട്ടിലാണുള്ളത്.

ഈ രണ്ടു സംഘക്കാർക്കും അവരുടെ വിളയാട്ടഭൂമി ഉള്ളത് ലോകത്തിലെ ഏറ്റവും വലിയ ഭവനനിർമ്മാണപദ്ധതിയുടെ കേന്ദ്രമായ ഫോർട്ടു ഗ്രീനിലാണ്. മുപ്പതിനായിരത്തിലേറെ ആളുകളാണ് ഈ ഭവനപദ്ധതിയുടെ ഭാഗമായി ഇവിടെ അപ്പാർട്ടുമെന്റുകളിൽ കഴിയുന്നത്. മിക്കവരും നീഗ്രോകളോപ്യൂർട്ടോറിക്കയിൽ നിന്നുള്ളവരോ. പുനരധിവാസത്തിന്റെ പേരിൽ ഇവിടെ എത്തിച്ചേർന്നവരാണ് ഇവരിൽ നല്ല ശതമാനവും.

ഈ ഭാഗത്തെ രണ്ട് അധോലോക സംഘങ്ങളും വംശീയമായചേരിതിരിവുള്ളവരാണ്-നീഗ്രോകുട്ടികളാണ് ചാപ്ളയിൻസിലുള്ളത്. മൗമൗസിലുള്ളത് സ്പാനീഷ് വിഭാഗത്തിൽപ്പെട്ട കുട്ടികളും. ഈ രണ്ടു സംഘങ്ങളും പരസ്പരം പോരാടുകയില്ല. എന്നാൽ അവരുടെ ആവാസഭൂമിയിൽ പുറത്തിനിന്നുള്ള സംഘങ്ങൾ എത്താതെ പ്രതിരോധിക്കുന്നവ





രാണവർ. രണ്ടു സംഘങ്ങളും ഇപ്പോൾ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നത് പോലീസിനോടാണ്

ഈ കുട്ടികളുടെ ആക്രമണരീതി തനതായ ഒന്നാണ്.അവർ ഫ്ളാറ്റിന്റെ മേൽക്കൂരയിൽ മണൽചാക്കുമായി കയറിപ്പറ്റും. എൺപതു കിലോ വരുന്ന മണൽചാക്ക് അവിടെ തട്ടുപടിയിൽ ബാലൻസു ചെയ്തു വയ്ക്കും. ആരെങ്കിലും ഒരു പൊലിസ്ഓഫിസർ താഴെക്കൂടി പോയാൽ പെട്ടെന്ന് അവർ മണൽചാക്ക് അയാളുടെ തലയിൽ ഇടും! സമയം സംബന്ധിച്ച് അവരുടെ കണക്കുകൂട്ടലിന്റെ പിഴകൊണ്ട് ഇതുവരെ പൊലീസ്ഓഫിസർമാർ കഷ്ടിച്ചു രക്ഷപെട്ടു.പക്ഷേ ഓരോ തവണയും അവർ കൂടുതൽ കുറ്റമറ്റ രീതിയിൽ ചെയ്യാൻ പരിശീലിച്ചുവരുന്നു! പൊലീസും വളരെ കർശനമാണ്. ഒരു നേരിയ പ്രകോപനം ഉണ്ടായാലും അവർ വളരെ ശക്തമായി ഇടപെട്ട് അടിച്ചൊതുക്കും. ഒരേ സമയം രണ്ടോ മൂന്നോ കുട്ടികളിലധികം സമ്മേളിക്കുന്നതിനും അവർ കർശനമായ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

പരിശുദ്ധാത്മാവിനു പ്രവർത്തിക്കാൻ ഫോർട്ട്ഗ്രീനിനേക്കാൾ നല്ല ഒരിടമില്ലെന്നു ഞാൻ തീരുമാനിച്ചു. ഒരു വെള്ളിയാഴ്ച രാവിലെ ഞാൻ എന്റെ ഒരു സുഹൃത്തിനെ കൂടെകൂട്ടി. ജിമ്മിസ്താൽ, ട്രംപറ്റ് വായിക്കുന്നതിൽ മിടുക്കനാണ്. ഞങ്ങൾ ഇരുവരും ബ്രൂക്കിലിൻ പാലം പിന്നിട്ട് ഫോർട്ട് ഗ്രീൻ എന്ന കോൺക്രീറ്റ് കെട്ടിടങ്ങളുടെ വനത്തിൽ എത്തി. എഡ്വേർഡ്തെരുവിലെ പബ്ളിക്ക്സ്കൂളിനു സമീപം കാർ പാർക്കു ചെയ്ത ശേഷം ഞങ്ങൾ ഒരു പരീക്ഷണത്തിനു മുതിർന്നു.

ഞാൻ ജിമ്മിയോടു പറഞ്ഞു "ഈ വിളക്കുകാലിന് സമീപം താങ്കൾ നിന്ന് ട്രംപറ്റ് ഉച്ചത്തിൽ ഊതുക; ഒരാൾക്കൂട്ടം രൂപപ്പെട്ടാൽ ഞാൻ ഈ പോസ്റ്റിന്റെ ചുവട്ടിൽ നിന്ന് അവരോട് പ്രസംഗിക്കാം".

"ഏതു പാട്ടാ വായിക്കേണ്ടത്?"

"'ക്രിസ്തുവിൻ പടയാളികളേ മുമ്പോട്ട്' എന്ന പാട്ടായാലോ?"

അങ്ങനെ ജിമ്മി തന്റെ ട്രംപറ്റ് എടുത്ത് 'ക്രിസ്തുവിൻ പടയാളികളേ മുമ്പോട്ട്' എന്നതിന്റെ വരികൾ അതിൽ വായിക്കുവാൻ തുടങ്ങി. ജിമ്മി അത് ആവുന്നത്ര ഉച്ചത്തിൽ ഗംഭീരമായി ചെയ്തു.

ജനാലകൾ പെട്ടെന്നു തുറക്കപ്പെട്ടു. അതിലൂടെ തലകൾ പുറത്തേക്കു നീണ്ടു.കെട്ടിടത്തിൽനിന്നും കൊച്ചു കുട്ടികൾ തേനീച്ചപോലെ ഇരച്ചുവരാൻ തുടങ്ങി. ഡസൻ കണക്കിനു കുഞ്ഞുങ്ങൾ. സംഗീതം അവരെ ഹരം പിടിപ്പിച്ചു. അവർ ചോദിക്കാൻ തുടങ്ങി: "ഒരു സർക്കസ്സു വരാൻ പോകുകയാണോ, മിസ്റ്റർ? ഞങ്ങൾക്ക് ഒരു പരേഡ് കാണാമല്ലോ."

കുഴൽവിളി തുടരുവാൻ ഞാൻ ജിമ്മിയോട് നിർദ്ദേശിച്ചു.

അടുത്തതായി കൗമാരക്കാർ വരാൻ തുടങ്ങി. അവരെല്ലാം യൂണിഫോമിലായിരുന്നു. ചില ആൺകുട്ടികൾ നല്ല ചുവന്ന ജാക്കറ്റും കറുത്ത കൈപ്പട്ടയും ധരിച്ചിരുന്നു. പിന്നിൽ MM എന്ന രണ്ടക്ഷരങ്ങൾ വലുതായി എഴുതിയിരിക്കുന്നു. മറ്റൊരു കൂട്ടർ ഇറക്കമുള്ള പാന്റ്സും കൂർത്ത ഷൂസും ധരിച്ചാണ് എത്തിയത്.കൗമാരക്കാരുടെ എല്ലാം തലയിൽ നേർത്ത അരികുള്ള കൂർത്ത ഹാറ്റുണ്ടായിരുന്നു. ഏറെക്കുറെ എല്ലാവരും തന്നെ കൂളിംഗ് ഗ്ളാസ് അണിഞ്ഞിരുന്നു.

"കർത്താവേ'' ഞാനെന്നോടു തന്നെ പറഞ്ഞു "എന്തോ നല്ലത് തേടിയാണ് അവർ ഇവിടെ വരുന്നത്. അവർ ഇപ്പോൾ ആയിരിക്കുന്നതിനേക്കാൾ വലിയ ഒന്നിന്റെ ഭാഗമായിരിക്കാൻ അവർ ആഗ്രഹിക്കുന്നു.

തനിയെ ആയിരിക്കുവാൻ അവർ ആഗ്രഹിക്കുന്നില്ല."

ജിമ്മി തന്റെ പാട്ട് പതിനഞ്ച് ഇരുപത് വട്ടം പാടിക്കഴിഞ്ഞപ്പോൾ നൂറോളം കുട്ടികളുടെ ഒരു കൂട്ടം രൂപപ്പെട്ടു കഴിഞ്ഞു.അവരെല്ലാം അങ്ങോട്ടുമിങ്ങോട്ടും 'ഞങ്ങളുടെ നേരേയും' വായിൽ തോന്നിയതൊക്കെ വിളിച്ചു പറയുന്നുണ്ടായിരുന്നു. അസഭ്യങ്ങളും പൂച്ചകരച്ചിലും. ഞാൻ വിളക്കുകാലിന്റെ പടിക്കെട്ടിൽ കയറി നിന്ന് സംസാരിക്കാൻ തുടങ്ങി. ബഹളം വർധിക്കുകയാണ് ചെയ്തത്. ഇനി എന്താണ് ചെയ്യേണ്ടതെന്ന് എനിക്കറിഞ്ഞു കൂടായിരുന്നു. ജിമ്മി നിരാശയോടെ തലയാട്ടി."അവർക്ക് പ്രസംഗിക്കുന്നതു കേൾക്കാൻ കഴിയുന്നില്ല."ജിമ്മി ആംഗ്യം കാട്ടി അറിയിച്ചു.

ആ നിമിഷം കാര്യങ്ങൾ എന്റെ കൈവിട്ടുപോയി. കുട്ടികളുടെ ഒച്ച പൊടുന്നനെ നിലച്ചു.ഒരു പൊലിസ്കാർ പാഞ്ഞു വന്ന് ബ്രേക്കിടുന്നത് അവരുടെ തലയ്ക്കു മീതെ കൂടി ഞാൻ കണ്ടു. പൊലീസ് ഓഫീസറന്മാർ ചാടിയിറങ്ങി കൈകളിലെ ചൂരൽ ഭീഷണമായി ചുഴറ്റിക്കൊണ്ട് ആൾക്കൂട്ടത്തിലൂടെ വഴി ഉണ്ടാക്കി മുമ്പോട്ടു വന്നു."ശരി ശരി, വേഗം പിരിഞ്ഞുപോ. എല്ലാം സ്ഥലം വിട്ടോ."

പൊലിസിന് ഞങ്ങളുടെ അടുത്തേക്ക് വരാൻ വഴി കൊടുത്ത കുട്ടികൾ അവർ മുന്നോട്ടു കടന്നപ്പോൾ വീണ്ടും പിന്നിൽ വഴിയടഞ്ഞു കോട്ട പോലെ നിന്നു കാഴ്ചക്കാരായി.

"അവിടെനിന്നു താഴെയിറങ്ങ്" ഓഫീസറന്മാരിലൊരാൾ എന്നോടാജ്ഞാപിച്ചു. ഞാൻ താഴെയിറങ്ങി അദ്ദേഹത്തിനു നേരെ തിരിഞ്ഞു നിന്നപ്പോൾ: ''താൻ എന്തു ചെയ്യാൻ പോകുകാ; ഒരു കലാപം ഉണ്ടാക്കാനോ?"

"ഞാൻ സുവിശേഷപ്രസംഗം നടത്തുകയായിരുന്നു."

"തന്റെ ഉപദേശിപ്രസംഗം ഒന്നും ഇവിടെ വേണ്ട. ഈ ചുറ്റുവട്ടത്ത് അല്ലാതെ തന്നെ ഞങ്ങൾക്ക് ഒത്തിരി പ്രശ്നങ്ങൾ ഉണ്ട്. ആൾക്കൂട്ടം ഉണ്ടാക്കി ഒരു സീൻ ഉണ്ടാക്കിയാൽ കാര്യങ്ങൾ ഞങ്ങളുടെയും കൈവിട്ടു പോകും."

കാണികളായ ആൺകുട്ടികളും പെൺകുട്ടികളും പൊടുന്നനെ ഇടപെട്ടു. എന്നെ പ്രസംഗിക്കുന്നതിൽ നിന്നു തടയാൻ പൊലിസിന് അവകാശമില്ലെന്ന് അവർ വിളിച്ചുകൂകി. അതു ഭരണഘടനയ്ക്ക് എതിരാണെന്ന് അവർ വാദിച്ചു. പൊലിസ് സമ്മതിച്ചില്ല. എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലാകുന്നതിനു മുമ്പ് പൊലിസ് എന്നെയും ജിമ്മിയെയും ഉന്തിത്തള്ളി ആൾക്കൂട്ടത്തിനിടയിലൂടെ പൊലിസ്വാനിലെത്തിച്ചു.

പൊലീസ്സ്റ്റേഷനിൽ എത്തിയപ്പോൾ ഞാൻ കുട്ടികൾ ഉന്നയിച്ച അതേ വാദഗതിയാണ് അവലംബിച്ചത്: ''ഞാനൊരു കാര്യം ചോദിച്ചോട്ടെ. ഈ സ്വതന്ത്രരാജ്യത്തെ ഒരു പൗരനെന്ന നിലയിൽ തെരുവിൽ നിന്നു പരസ്യമായി പ്രസംഗിക്കുക എന്നത് എന്റെ ഒരവകാശമല്ലേ ?"

''നിങ്ങൾക്കാകാം ''പൊലിസ് സമ്മതിച്ചു"പക്ഷേ അത് അമേരിക്കൻ പതാകയുടെ താഴെ നിന്നു പ്രസംഗിക്കുമ്പോൾ മാത്രം."

അങ്ങനെ അര മണിക്കൂർ കഴിഞ്ഞപ്പോൾ തെരുവിൽ ''ക്രിസ്തുവിന്റെ പടയാളികളേ മുന്നോട്ട്" എന്ന തന്റെ ഗാനം ജിമ്മി തന്റെ ട്രംപറ്റിൽ വീണ്ടും വായിക്കുവാൻ തുടങ്ങി. ഈ പ്രാവശ്യം ഒരു ഗംഭീര അമേരിക്കൻ പതാക ഞങ്ങളുടെ പിന്നിലായി ഉയർത്തിയിരുന്നു. സമീപത്തെ സ്കൂളിലെ പ്രിൻസിപ്പലിന്റെ ഔദാര്യം മൂലം സംഘടിപ്പിച്ചതായിരുന്നു അത്.





ഇക്കുറി വിളക്കുകാലിന്റെ പടിയിൽ നിന്നു സംസാരിക്കുന്നതിനു പകരം ഒരു പിയാനോ സ്റ്റൂളും ഞാൻ സംഘടിപ്പിച്ചിരുന്നു.

ജിമ്മി വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും തിരിഞ്ഞു പലവട്ടം തന്റെ കാഹളം ഊതി. വീണ്ടും ജനാലകൾ തുറക്കപ്പെട്ടു. ആദ്യം കൊച്ചു കുട്ടികൾ ഇരച്ചാർത്തു വന്നു.ചില മിനിട്ടുകൾ കഴിഞ്ഞപ്പോഴേക്കും കൂക്കുവിളിയും പൂച്ചകരച്ചിലുമായി ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കൂട്ടം പഴയതുപോലെ ഞങ്ങളെ പൊതിഞ്ഞു. ഒരു വ്യത്യാസം മാത്രം.ഇക്കുറി ഞങ്ങൾ അവരുടെ കണ്ണിൽ വീരനായകന്മാരാണ്. കാരണം വീണ്ടും ഞങ്ങൾ അധികാരത്തിന്റെ കരങ്ങളെ വെല്ലുവിളിച്ച് നിർഭയം പഴയ സ്ഥാനത്ത് വന്നിരിക്കുന്നു!

പക്ഷേ ഞങ്ങൾക്കു ലഭിച്ച ഈ ജനകീയാംഗീകാരം കാണികളുടെ പെരുമാറ്റത്തെ ഒട്ടും മെച്ചപ്പെടുത്തിയില്ല. ഞാൻ സ്റ്റൂളിൽ കയറി നിന്ന് ബഹളത്തിന്റെ മുകളിൽ വീണ്ടും എന്റെ ഒച്ചയെടുത്തു.

"ഞാൻ നാട്ടിൻപുറത്തു നിന്ന് വരുന്ന ഒരു ഉപദേശിയാണ്"ഞാൻ പ്രസംഗം തുടങ്ങി "മുന്നൂറു മൈൽ അകലെ നിന്നാണ് ഞാൻ വരുന്നത്. എനിക്കു നിങ്ങളോടൊരു സന്ദേശമുണ്ട്."

ഒറ്റയാളുപോലും ശ്രദ്ധിക്കുന്നില്ല. പ്രസംഗിക്കുന്നതിന്റെ നേരെ മുമ്പിൽ നിന്ന് ഒരു ആണും പെണ്ണും 'മീൻചാട്ടം' നടത്തുന്നു! അരക്കെട്ടുകൾ ഇളകിയാടുമ്പോൾ കാണികളിൽ നിന്നു കൈയടിയും വിസിലടിയും. മറ്റു ചിലർ അവരെ അനുകരിക്കാൻ തുടങ്ങുന്നു. അവരുടെ ചുണ്ടുകളിൽ നിന്ന് വശങ്ങളിലേക്ക് സിഗരറ്റുകൾ ഞാന്നു കിടക്കുന്നു. ഇളകിയാടുന്ന ശരീരങ്ങൾ. ഒരു സുവിശേഷപ്രസംഗത്തിനുള്ള വേദി തീർച്ചയായും ഇതല്ല.

നിരാശയോടെ ഞാൻ തല താഴ്ത്തി.

"കർത്താവേ" ഞാൻ പറഞ്ഞു "എനിക്കവരുടെ ശ്രദ്ധ പിടിച്ചു പറ്റാൻ പോലും കഴിയുന്നില്ല. അവിടുത്തേക്ക് ഇവിടെ ഒരു വേലയുണ്ടെങ്കിൽ ആ കാര്യത്തിനു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു."

ഞാനങ്ങനെ പ്രാർത്ഥിച്ചുകൊണ്ടു നിന്നപ്പോൾ ഒരു മാറ്റം മെല്ലെ സംഭവിച്ചു.

കൊച്ചു കുട്ടികളാണ് ആദ്യം ശാന്തരായത്. ഞാൻ പതുക്കെ കണ്ണു തുറന്നു നോക്കുമ്പോൾ മുതിർന്ന കുട്ടികളും സ്കൂളിന്റെ വേലിയിൽ ചാരി മെല്ലെ നിവർന്നു നിൽക്കുന്നു. അപ്പോഴും പുക വലിക്കുന്നുണ്ടെങ്കിലും തൊപ്പികൾ തലയിൽ നിന്നെടുത്ത് തല കുനിച്ച് മര്യാദക്കാരായി നിൽക്കുകയാണ്.

പെട്ടെന്നുണ്ടായ ആ ശാന്തത എന്നെയും വല്ലാതൊന്ന് ഉലച്ചു. ഞാൻ വാക്കുകൾക്കായി പരതി.

ഒടുവിൽ പ്രസംഗിച്ചു തുടങ്ങിയപ്പോൾ യോഹ.3:16 ആണ് ഞാൻ കുറിവാക്യമായി എടുത്തത്. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."

അവർ ഇപ്പോൾ എങ്ങനെയായിരിക്കുന്നുവോ അതേ നിലയിൽത്തന്നെ ദൈവം അവരെ സ്നേഹിക്കുന്നുവെന്നാണ് ഞാൻ അവരോടു പറഞ്ഞത്. അവരെന്താണെന്ന് ദൈവത്തിനറിയാം. അവരുടെ വെറുപ്പും ദേഷ്യവും അവിടുന്നറിയുന്നു. അവരിൽ ചിലർ കൊലപാതകം പോലും ചെയ്തിട്ടുണ്ടെന്ന്

അവിടുത്തേക്കറിയാം. പക്ഷേ ഭൂതകാലത്തിൽ അവരെന്താണെന്നു മാത്രമല്ല ദൈവം മനസ്സിലാക്കിയിട്ടുള്ളത്. ഭാവിയിൽ അവരാരായിത്തീരുമെന്നും ദൈവത്തിനു മറഞ്ഞിരിക്കുന്നില്ല.

അത്രമാത്രം. ഞാൻ പറയേണ്ടതു പറഞ്ഞു. പിന്നെ നിർത്തി.

വാചാലമായ ഒരു മൗനത്തിൽ തെരുവ് വീണലിഞ്ഞു. മന്ദമാരുതനിൽ പതാക ഉലയുന്ന ശബ്ദം കേൾക്കാം. അവർക്ക് പ്രത്യേകമായ ഒരു കാര്യം സംഭവിക്കാനായി ഞാൻ ചോദിക്കാൻ പോകുകയാണെന്ന് ആ കുട്ടികളോടു തുടർന്നു ഞാൻ പറഞ്ഞു. അടുത്ത നിമിഷത്തിൽ അവരുടെ ജീവിതം പൂർണ്ണമായി മാറുന്ന ഒരത്ഭുതത്തിനായി ഞാൻ ചോദിക്കാൻ പോകുകയാണ്.

ഞാൻ ശിരസ്സു നമിച്ചു പ്രാർത്ഥിച്ചു - പരിശുദ്ധാത്മാവ് അതിന്റെ പ്രവൃത്തി ചെയ്യണമേ എന്ന്. പ്രാർത്ഥന അവസാനിപ്പിച്ച് ഞാൻ തല ഉയർത്തി. ആരും അനങ്ങിയിട്ടുപോലുമില്ല. മുന്നോട്ടു വരുവാൻ ആഗ്രഹിക്കുന്ന ആരെങ്കിലുമുണ്ടെങ്കിൽ അങ്ങനെ ചെയ്യുവാൻ ഞാനാവശ്യപ്പെട്ടു. മുന്നോട്ടു വന്നാൽ വ്യക്തിപരമായി സംസാരിക്കാമല്ലോ.

പരുങ്ങലുളവാക്കുന്ന ഒരു സാഹചര്യമായിരുന്നു അത്. മുന്നോട്ടു നയിക്കാനായി പരിശുദ്ധാത്മാവിനെ അനുവദിക്കുന്ന ഒരു പരീക്ഷണത്തിനാണ് ഞാൻ മുതിർന്നത്. എന്നാൽ അവിടുന്ന് എങ്ങോട്ടും നയിക്കുന്നതായി തോന്നുന്നില്ല.

പെട്ടെന്ന് അതുവരെ ചിന്തിക്കാത്ത ഒരു കാര്യം ഞാൻ തന്നെ ഉച്ചത്തിൽ പറയുന്നതാണ് ഞാൻ കേട്ടത്.

“ശരി ഇവിടെ ഫോർട്ട് ഗ്രീനിൽ ശക്തരായ രണ്ടു സംഘങ്ങൾ ഉണ്ടെന്നാണ് അവരെന്നോടു പറഞ്ഞത്. ഞാൻ നിങ്ങളുടെ സംഘത്തിന്റെ പ്രസിഡന്റുമാരോടും വൈസ്പ്രസിഡന്റുമാരോടും സംസാരിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങൾ വലിയവരും ശക്തരുമാണെങ്കിൽ എല്ലും തോലുമായ ഈ ഉപദേശിക്ക് ഒന്ന് കൈകൊടുക്കാൻ എന്തിനു മടിക്കണം?”

ഇപ്പോഴും എനിക്കറിഞ്ഞുകൂടാ ഞാനെന്തിനാണങ്ങനെ പറഞ്ഞതെന്ന്. പക്ഷേ ഇന്നു ഞാൻ തിരിഞ്ഞു നോക്കുമ്പോൾ ആ സമയത്ത് എനിക്കു പറയാവുന്ന ഏറ്റവും ഉത്തമമായ കാര്യം അതുതന്നെയായിരുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. ഒരു മിനിട്ടു നേരത്തേക്ക് ആരും അനങ്ങിയില്ല. അപ്പോൾ പുറകിൽ നിന്നാരോ വിളിച്ചുചോദിക്കുന്നു “ബക്ക്ബോർഡ്, നീയെന്താ ചെല്ലാത്തത്? പേടിയാണോ?”

സാവധാനം വലിയ കറുത്ത വർഗ്ഗക്കാരനായ ഒരു കുട്ടി ആൾക്കൂട്ടത്തിനിടയിൽ നിന്നും മുന്നോട്ടു വരാൻ തുടങ്ങി. രണ്ടാമതൊരു കുട്ടി അവനെ പിന്തുടർന്നു. ഇവൻ കൈയിലൊരു ചൂരൽ പിടിച്ചിരുന്നു. ഇരുവരും കൂളിംഗ്ഗ്ളാസ് ധരിച്ചിരുന്നു. ആൾക്കൂട്ടത്തിലൂടെ വരുമ്പോൾ അവർ മറ്റു രണ്ടു കുട്ടികളെ കൂടി ഒപ്പം കൂട്ടി. ആ നാൽവർ സംഘം പിയാനോസ്റ്റൂളിനു മുമ്പിൽ വന്നു നിലയുറപ്പിച്ചു

അതിൽ തടിയനായ കുട്ടി ചില ഇഞ്ചുകൾ കൂടി മുന്നോട്ടു വന്നു.

‘‘ഞാനാണ് ബക്ക്ബോർഡ്, ചാപ്ളയിൻസിന്റെ പ്രസിഡന്റ്’’ അവൻ സ്വയം പരിചയപ്പെടുത്തി. പിന്നെ കൈ നീട്ടി “ഇനി തെന്നിക്കാം ഉപദേശി”

തെന്നിക്കുകയോ? സത്യത്തിൽ ന്യൂയോർക്കിലെ ഇത്തരം ഭാഷാഭേദങ്ങൾ എന്താണെന്ന് എനിക്കറിയുകയില്ലായിരുന്നു. ഞാൻ അവൻ നീട്ടിയ കരംഗ്രഹിക്കാൻ ശ്രമിച്ചു. പക്ഷേ അവൻ പറഞ്ഞു: “കൈ കുലുക്കണ്ട





വെറുതെ തെന്നിച്ചാൽ മതി ഉപദേശി”. അവൻ തന്റെ കൈയുടെ വെള്ള എന്റെ കൈവെള്ളയിൽ ഉരസി, പിന്നെ എന്നെ കൗതുകത്തോടെ നോക്കിക്കൊണ്ട് പറഞ്ഞു: “നിങ്ങൾ ആളു കൊള്ളാം ഉപദേശി ; എനിക്കിഷ്ടപ്പെട്ടു.”

തുടർന്ന് ബക്ക്ബോർഡ് തന്റെ വൈസ്പ്രസിഡന്റ് സ്റ്റേജ്കോച്ചിനെയും തന്റെ രണ്ട് ‘സർവ്വസൈന്യാധിപതി’മാരെയും എന്നെ പരിചയപ്പെടുത്തി.

ഇനി ഞാനെന്താണ് ചെയ്യേണ്ടത്? എന്റെ ഹൃദയം ശക്തിയായി മിടിക്കവേ ഞാൻ ജിമ്മിയുടെ നേരെ തലയാട്ടി സൂചന നൽകി. ഞങ്ങൾ മെല്ലെ നാലു കുട്ടികളെയും കൂട്ടി ആൾക്കൂട്ടത്തിനടുത്തുനിന്നും ചില അടികൾ അകലേക്കു മാറി. ഞങ്ങളുടെ സന്ദേശം ‘അടുത്തു വരുന്നുണ്ടെ’ന്നു സ്റ്റേജ്കോച്ച് ഇതിനിടെ ആവർത്തിച്ചു പറയുന്നുണ്ടായിരുന്നു.

‘‘ഡേവി, നേരത്തെ ഇവിടെ കറുത്ത തൊപ്പിയും ഒരു കൂട നിറയെ മിഠായിയുമായി ഒരു വല്ല്യമ്മ ഇടയ്ക്കിടെ വരുമായിരുന്നു. റോക്ക് നൃത്തം നിർത്തണമെന്നു പറഞ്ഞ് അവരു പിള്ളാരടെ പൊറകെ നടക്കുമായിരുന്നു. അവരു കൊഴപ്പമില്ല. പക്ഷേ നിങ്ങളുടെ അത്രേം ‘ഒത്തുവരുന്നില്ലാ’യിരുന്നു.”

ഞാനല്ല ‘അടുത്തു വരുന്നത്’ മറിച്ച് പരിശുദ്ധാത്മാവാണെന്നു ഞാൻ ആ കുട്ടികളോട് പറഞ്ഞു. പരിശുദ്ധാത്മാവ് അവരുടെ ഉള്ളിൽ,അവരുടെ അഭിമാനത്തിന്റെ ,അഹങ്കാരത്തിന്റെ, അലംഭാവത്തിന്റെ ഉള്ളിൽ വരുവാനാണ് ശ്രമിക്കുന്നത്. “ഈ ധിക്കാരവും വഷളത്തവുമെല്ലാം സത്യത്തിൽ ഒരു പുറന്തോടാണ്. അതിനുള്ളിൽ ഭയപ്പെട്ട ഏകാകിയായ യഥാർത്ഥത്തിലുള്ള നിങ്ങൾ ഒളിച്ചിരിക്കയാണ്.ഈ പുറന്തോടിനുള്ളിൽ കടന്ന് എല്ലാം വീണ്ടും തുടങ്ങാൻ നിങ്ങളെ സഹായിക്കാൻ പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു.”

“ഞങ്ങളെന്താ ചെയ്യേണ്ടത്”?

ഞാൻ ജിമ്മിയുടെ നേരെ പാളി നോക്കി. പക്ഷേ ജിമ്മിയുടെ പ്രതികരണത്തിൽ നിന്ന് സഹായകരമായ ഒരു സൂചനയും കിട്ടിയില്ല. സഭയിലായിരുന്നെങ്കിൽ ഈ കുട്ടികളോടു മുന്നോട്ടു വന്ന് അൾത്താരയുടെ മുമ്പിൽ മുട്ടുകുത്തുവാൻ ഞാൻ പറയുമായിരുന്നു. പക്ഷേ ഇവിടെ ഈ തെരുവിൽ, പ്രത്യേകിച്ച് അവരുടെ കൂട്ടുകാർ നോക്കി നിൽക്കുമ്പോൾ അവർ മുട്ടുകുത്തുമോ?

പക്ഷേ ഇപ്പോൾ അത്തരം ഏതെങ്കിലും ധീരമായ നടപടികൾ വേണ്ടിയിരിക്കുന്നു. അവരുടെ ജീവിതത്തിൽ നിർണ്ണായകമായ രൂപാന്തരത്തിനു വേണ്ടിയാണ് ഞങ്ങൾ ചോദിക്കുന്നത്. അതുകൊണ്ട് ശക്തമായ നിലപാടുകൾ തന്നെ വേണ്ടിയിരിക്കുന്നു.

“നിങ്ങൾ എന്തു ചെയ്യണമെന്നോ? നിങ്ങൾ ഇവിടെ ഈ തെരുവിൽ പരസ്യമായി മുട്ടുകുത്തി പരിശുദ്ധാത്മാവ് നിങ്ങളുടെ ഉള്ളിൽ കടന്നുവന്ന് നിങ്ങളെ പുതിയ മനുഷ്യരാക്കാൻ ആവശ്യപ്പെടണം. ക്രിസ്തുവിൽ ‘പുതിയ സൃഷ്ടികൾ’ എന്നാണ് ബൈബിൾ അതിനെ വിളിക്കുന്നത്. നിങ്ങൾക്കും ഇത് സാധിക്കും.” ഞാൻ തറപ്പിച്ചു പറഞ്ഞു.

നീണ്ട നിശ്ശബ്ദത. അൽപ്പം അകലെ കുട്ടികളുടെ കൂട്ടം എന്താണ് സംഭവിക്കുന്നതെന്ന് ഉറ്റുനോക്കി നിശ്ശബ്ദമായി നിൽക്കുകയാണ്. സമയം കടന്നു പോകുന്നു. ഒടുവിൽ സ്റ്റേജ്കോച്ച് തന്റെ പരുപരുത്ത ശബ്ദത്തിൽ ചോദിക്കുന്നു: “ബക്ക് ബോർഡ് നീ ചെയ്യാൻ ആഗ്രഹിക്കുന്നോ? നീ ചെയ്യാമെങ്കിൽ ഞാനും ചെയ്യാം.”

ഞാൻ അമ്പരപ്പോടെ നോക്കി നിൽക്കവേ ഇതാ ന്യൂയോർക്കിലെ ഏറ്റവും കുപ്രസിദ്ധമായ രണ്ടു ക്രിമിനൽ സംഘങ്ങളിലൊന്നിന്റെ രണ്ടു നേതാക്കന്മാർ സാവധാനം മുട്ടു മടക്കുന്നു.അവരുടെ രണ്ടു 'സർവ്വസൈന്യാധിപന്മാ'രും അവരെ പിന്തുടർന്നു. എല്ലാവരും അവരുടെ തൊപ്പികൾ തലയിൽ നിന്നെടുത്ത് ബഹുമാനപുരസ്സരം മുൻപിൽ പിടിച്ചിരുന്നു. രണ്ടു കുട്ടികൾ സിഗരറ്റ് വലിച്ചു കൊണ്ടിരിക്കയായിരുന്നു. ഇരുവരും വായിൽ നിന്നു സിഗരറ്റ് എടുത്തു വഴിയിലെ ഓടയിലേക്ക് എറിഞ്ഞു. അതവിടെകിടന്ന് എരിഞ്ഞമരുന്നതിനിടയിൽ ഞാൻ ഒരു ചെറിയ പ്രാർത്ഥന നടത്തി.

“കർത്താവായ യേശുവേ, ഇവിടെയിതാ നിന്റെ നാലു കുഞ്ഞുങ്ങൾ അവരുടെ ജീവിതത്തിലെ വളരെ വളരെ പ്രയാസമുള്ള ഒരു കാര്യം ചെയ്യുന്നു . എല്ലാവരുടെയും മുൻപിൽ പരസ്യമായി മുട്ടുകുത്തി അവരുടെ ഹൃദയത്തിലേക്ക് കടന്നു വന്ന് അവരെ പുതുതാക്കണമേ എന്നവർ ആവശ്യപ്പെടുന്നു. അവരുടെ വെറുപ്പും പോരാട്ടവും ഏകാന്തതയും അവിടുന്ന് എടുത്തുമാറ്റണമെന്നാണ് അവരുടെ ആവശ്യം. യഥാർത്ഥത്തിൽ തങ്ങൾ സ്നേഹിക്കപ്പെടുന്നവരാണെന്ന് ആദ്യമായി ജീവിതത്തിൽ അറിയുവാൻ അവർ ആഗ്രഹിക്കുന്നു. കർത്താവേ, അങ്ങയോട് ഈ കാര്യത്തിനു വേണ്ടിയാണ് അവർ ചോദിക്കുന്നത്. നീ അവരെ നിരാശപ്പെടുത്തുകയില്ലല്ലോ. ആമേൻ.”

ബക്ക്ബോർഡും സ്റ്റേജ്കോച്ചും എഴുന്നേറ്റു. രണ്ടു സർവ്വ സൈന്യാധിപന്മാരും അവരെ അനുദഗമിച്ചു.അവർ തല ഉയർത്തിയതേയില്ല. കുറച്ചു നാളേക്ക് തങ്ങളിൽ നിന്നു തന്നെ രക്ഷപെടാൻ ആഗ്രഹം ഉണ്ടായേക്കാമെന്നും ഒരു സഭ എവിടെയെങ്കിലും കണ്ടു പിടിക്കുന്നതു നല്ലതായിരിക്കുമെന്നും ഞാൻ അവരോട് നിർദ്ദേശിച്ചു.

ഒന്നും സംസാരിക്കാതെ അവർ തിരിഞ്ഞ് ആൾക്കൂട്ടത്തിലൂടെ തങ്ങളുടെ വഴി കണ്ടെത്തിയപ്പോൾ ആരോ വിളിച്ചു ചോദിച്ചു.

“ഹേയ് ബക്ക്ബോർഡ്, നിനക്ക് മതം കിട്ടിയപ്പോൾ എന്തു തോന്നുന്നു?”

ബക്ക്ബോർഡ് അവരോട് വഴി മാറാൻ ആവശ്യപ്പെട്ടു. ആരും പന്നീട് അവനെ വാക്കുകൾ കൊണ്ട് തോണ്ടിയില്ല.തെറ്റായ നിലയിൽ ആരെങ്കിലും അവനെ തോണ്ടിയിരുന്നെങ്കിൽ കയ്യാങ്കളി കൂടാതെ അതു സഹിക്കത്തക്കവണ്ണം അപ്പോൾ അവൻ രക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് എനിക്കു തോന്നിയില്ല.

പിന്നീട് ഫോർട്ട് ഗ്രീൻ വിട്ട് ഞങ്ങൾ മടങ്ങിയത് വളരെ സന്തോഷത്തോടെയാണ്. ദൈവം ഞങ്ങളുടെ പ്രാർത്ഥനയ്ക്ക് ഈ നിലയിൽ നാടകീയമായ മറുപടി നൽകുമെന്ന് സത്യത്തിൽ ഞങ്ങൾ പ്രതീക്ഷിച്ചിരുന്നില്ല. ബക്ക്ബോർഡ്, സ്റ്റേജ്കോച്ച്, രണ്ടു സൈന്യാധിപന്മാർ എന്നിവർ തെരുവിന്റെ മൂലയിൽ മുട്ടുകുത്തി പരസ്യമായി പ്രാർത്ഥിച്ചു. അതു വിശ്വസിക്കാവുന്നതിനും അപ്പുറമായിരുന്നു.

പക്ഷേ തുടർന്നു മൗമൗ നേതാക്കളുമായി ഇടപെട്ടപ്പോൾ ഞങ്ങൾ കൂടുതൽ കരുതൽ ഉള്ളവരായിരുന്നു. ബക്ക്ബോർഡിന്റെയും സ്റ്റേജ്കോച്ചിന്റെയും രൂപാന്തരം താത്പര്യത്തോടും അതേസമയം അവജ്ഞയോടും വീക്ഷിച്ചുകൊണ്ട് അവരും ആൾക്കൂട്ടത്തിലുണ്ടായിരുന്നു. ചാപ്ളെയിൻസ് സ്ഥലം വിട്ടു കഴിഞ്ഞപ്പോൾ ആൾക്കൂട്ടം അവരെ വിളിക്കാൻ തുടങ്ങി

“ഇസ്രായേൽ,! നിക്കി! നിങ്ങളാണ് അടുത്തത്.ചെല്ല്. നീഗ്രോകൾക്കു പേടിയില്ലായിരുന്നു. പിന്നെ നിങ്ങളെന്തിനാ കോഴിക്കുഞ്ഞുങ്ങളായി നിൽക്കുന്നത്.?” ഇത്തരം വിളിയും ബഹളവും അവരെയും മുന്നോട്ടു വരുവാൻ പ്രേരിപ്പിച്ചു.





സംഘത്തിന്റെ തലവൻ ഇസ്രായേൽ നല്ല ഒരു കുട്ടിയായിരുന്നു. അവൻ തികച്ചും മാന്യമായ രീതിയിൽ എന്റെ കൈ പിടിച്ചു കുലുക്കി.

നിക്കി തികച്ചും വ്യത്യസ്തനായിരുന്നു. ഞാൻ കണ്ടിട്ടുള്ളതിൽ വച്ചേറ്റവും കഠിനമായ മുഖമാണല്ലോ ഇവന്റേതെന്നാണ് ആ മുഖത്തു നോക്കിയപ്പോൾ ആദ്യമായി എനിക്കു തോന്നിയത്

“ഹലോ നിക്കി എങ്ങനെയുണ്ട്?” ഞാൻ ഷേക്ക്ഹാൻഡിനായി കൈ നീട്ടിക്കൊണ്ട് ചോദിച്ചു.

പക്ഷേ അവൻ കരം ഗ്രഹിച്ചില്ല. അവൻ എന്നെ ഒന്നു നോക്കിയതുപോലുമില്ല.അവൻ ഒരു സിഗരറ്റു വലിച്ചുകൊണ്ട് പുകയുടെ കറുത്ത വലയങ്ങൾ ഊതിപ്പരത്തുന്നതിൽ ബദ്ധശ്രദ്ധനായി നിൽക്കുകയായിരുന്നു.

“നീ പോയി തുലയ് ഉപദേശി” അതായിരുന്നു അവന്റെ പ്രതികരണം. അവന് ഒരു ഞെരിച്ചമർത്തുന്ന കഠോരമായ ശബ്ദമാണുണ്ടായിരുന്നത്.

“നിക്കി, നീയെന്നെ കാര്യമായെടുക്കുന്നില്ലല്ലോ. പക്ഷെ ഞാൻ നേരെ മറിച്ചാണ് നിക്കി . നിന്നെ എനിക്കിഷ്ടമാണ് നിക്കി”. ഞാൻ ഒരു ചുവട് അവന്റെ നേരെ നീങ്ങി.

‘‘ നീ എന്റെ അടുത്തേക്കു വരുന്നോ ഉപദേശി? ഞാൻ നിന്നെ കാച്ചിക്കളയും.”ഭീഷണമായ സ്വരം

‘‘നിനക്കതു ചെയ്യാൻ കഴിഞ്ഞേക്കും” ഞാൻ സമ്മതിച്ചു. “നിനക്കെന്നെ ആയിരം കഷണങ്ങളായി മുറിച്ച് ഈ തെരുവിൽ വിതറാൻ കഴിഞ്ഞേക്കും. പക്ഷേ അതിൽ ഓരോ കഷണവും അപ്പോഴും നിന്നെ സ്നേഹിക്കും.'' ഭൂമിയിലെ ഒരു സ്നേഹത്തിനും നിന്നെ തൊടുവാൻ കഴിയുന്നില്ലെങ്കിൽ നിനക്കതു നന്നല്ലല്ലോ നിക്കി എന്നും ഞാനപ്പോൾ ചിന്തിച്ചു.

ബ്രൂക്കിലിൻ വിട്ടു പോരുന്നതിനു മുമ്പ് ഞങ്ങൾ ബക്ക്ബോർഡിനെയും സ്റ്റേജ്കോച്ചിനെയും സമീപത്തുള്ള ഒരു സഭാശുശ്രൂഷകനുമായി പരിചയപ്പെടുത്തി. ആത്മീയവളർച്ചയുടെ വേദനകൾ അവർക്ക് അദ്ദേഹവുമായി പങ്കുവയ്ക്കാമല്ലോ.“പക്ഷേ നമുക്ക് ഇടക്കിടെ അവരെ കണ്ട് ഫോളോ അപ് പ്രവർത്തനം നടത്തണം.” ഞാൻ ജിമ്മിനോടു പറഞ്ഞു. സത്യം പറഞ്ഞാൽ ആ പിള്ളേർ ഞങ്ങളെ വിഡ്ഢികളാക്കിയതാണോ എന്ന നേരിയ സംശയം അപ്പോഴും ഞങ്ങളുടെ ഉള്ളിന്റെ ഉള്ളിൽ ഉണ്ടായിരുന്നുപക്ഷേ വീട്ടിൽ മടങ്ങിയെത്തിയ ശേഷം ഞാൻ എന്റെ ഈ ആശങ്ക പങ്കുവച്ചപ്പോൾ ജെൻ എന്നെ വഴക്കു പറയുകയാണ് ചെയ്തത്. അവൾ പറഞ്ഞു: ‘‘ഡേവിഡ് വിൽക്കേഴ്സൺ, താങ്കൾ ചോദിച്ചതു തന്നെയാണ് ലഭിച്ചതെന്നു താങ്കൾ മനസ്സിലാക്കാതിരുന്നതെന്തുകൊണ്ടാണ്? നിങ്ങൾ പരിശുദ്ധാത്മാവിനോട് ഒരടയാളം ചോദിച്ചു . നിങ്ങൾക്കതു ലഭിച്ചപ്പോൾ അതങ്ങനെയല്ല എന്നു വാദിച്ച് ഒഴിവാക്കുകയാണോ നിങ്ങൾ ചെയ്യുന്നത്? അത്ഭുതങ്ങളിൽ വിശ്വസിക്കാത്ത ആളുകൾ ദയവായി അതിനു വേണ്ടി പ്രാർത്ഥിക്കരുത്.'

*(തുടരും)*

[THE CROSS AND THE SWITCHBLADE,copyright c 1963. Orginally published in English under the titleTHE CROSS AND THE SWITCHBLADE by David Wilkerson with John and Elizabeth Sherrill, published by Chosen Books LLC,Chappaqua,New York, USA. All rights reserved.]

□

സുവിശേഷം

# കൊടുങ്കാറ്റിനു മദ്ധ്യത്തിലും ശാന്തത

ഒരു ശിശിരകാലം.ഇംഗ്ളണ്ടിൽ നിന്ന് അമേരിക്കയിലെ ജോർജിയായിലേക്ക് പോകുന്ന ആ കപ്പലിൽ ജോൺ വെസ്ലിയും സഹോദരൻ ചാൾസ് വെസ്ലിയും യാത്രക്കാരായിരുന്നു. ആത്മീയകാര്യങ്ങളിൽ തത്പരനായിരുന്ന ജോൺ വെസ്ലി പക്ഷേ സാമൂഹികസേവനങ്ങളിലൂടെ ആത്മീയലക്ഷ്യം കൈവരിക്കാമെന്നാണ് വിശ്വസിച്ചിരുന്നത്. അമേരിക്കയിലെ റെഡ്ഇന്ത്യക്കാരുടെ ഇടയിൽ ഈ നിലയിൽ പ്രവർത്തിക്കാനായാണ് അദ്ദേഹം അമേരിക്കയിലേക്ക് തിരിച്ചത്.

യാത്രയ്ക്കിടയിൽ പെട്ടെന്ന് ഒരു ദിവസം കൊടുങ്കാറ്റ് അടിച്ച് കപ്പൽ ആടിഉലയുവാൻ തുടങ്ങി. എന്തും സംഭവിക്കാമെന്ന അവസ്ഥ. ജോൺ വെസ്ലിയും ആകെ പരിഭ്രമിച്ചു. എന്നാൽ ഇതിനിടയിലും ചഞ്ചലചിത്തരാകാതെ ഒരു ചെറിയ കൂട്ടം മൊറേവിയൻ മിഷനറിമാർ കപ്പലിന്റെ ഡക്കിലിരുന്ന് പാട്ടു പാടിക്കൊണ്ടിരുന്നു. തികഞ്ഞ ശാന്തതയും ദൈവത്തിലുള്ള ആഴമായ വിശ്വാസവും അവരിൽ പ്രകടമായിരുന്നു. ഇതു ജോൺ വെസ്ലിയെ ഹഠാദാകർഷിച്ചു. കാരണം, ഒരു ക്രിസ്തുമതവിശ്വാസി ആയിരുന്നിട്ടും അവരുടെ ശാന്തതയോ ധൈര്യമോ തനിക്ക് ആ സമയത്ത് അനുഭവിക്കാൻ കഴിഞ്ഞിരുന്നില്ലല്ലോ.

അമേരിക്കയിൽ കപ്പലിറങ്ങിയ ഉടനെ ജോൺ വെസ്ലി മൊറേവിയൻ മിഷനറിയായിരുന്ന സ്പെയിൻബർഗ്ഗിനെ സന്ദർശിച്ചു. അദ്ദേഹം മുഖവുര കൂടാതെ ജോണിനോടു ചോദിച്ചു"ആത്മാവ് നിന്നോട് നീ ഒരു ദൈവപൈതലാണെന്ന് സാക്ഷ്യം പറഞ്ഞിട്ടുണ്ടോ? യേശുക്രിസ്തുവിനെ വ്യക്തിപരമായി നീ അറിയുന്നുവോ?""ഞാൻ യേശുവിനെ ലോകരക്ഷിതാവെന്ന നിലയിൽ അറിയുന്നു." വെസ്ലിയുടെ മറുപടി.

"ശരി. പക്ഷേ നിന്റെ രക്ഷിതാവെന്ന നിലയിൽ നീ യേശുവിനെ അറിഞ്ഞിട്ടുണ്ടോ?"സ്പെയിൻബർഗ്ഗ് തുടർന്നു ചോദിച്ചു."എന്നെ രക്ഷിക്കാനും കൂടിയാണ് യേശു മരിച്ചതെന്ന് ഞാൻ കരുതുന്നു."വെസ്ലി ഉരുണ്ടുകളിച്ചു. അദ്ദേഹത്തിന്റെ വാക്കുകളിൽ ഒരു വിശ്വാസക്കുറവ് നിഴലിട്ടിരുന്നു. സത്യത്തിൽ അന്നുവരെ യേശുവുമായി വ്യക്തിപരമായ ഒരു ബന്ധം വെസ്ലിക്കുണ്ടായിരുന്നില്ല.

അമേരിക്കയിലെ റെഡ്ഇന്ത്യക്കാരുടെ ഇടയിലെ വെസ്ലിയുടെ പ്രവർത്തനം പരാജയപ്പെട്ടു. നിരാശനായി അദ്ദേഹം ഇംഗ്ളണ്ടിലേക്ക് മടങ്ങി. ലണ്ടനിൽ വച്ച് പീറ്റർ വോളർ എന്ന മൊറേവിയൻ മിഷനറിയും വെസ്ലിക്ക് യേശുവുമായി വ്യക്തിപരമായ ബന്ധമില്ലെന്ന വസ്തുത സ്നേഹത്തോടെ അദ്ദേഹത്തെ ബോധ്യപ്പെടുത്തി. ഒടുവിൽ 1738 മേയ് 24ന് മനസ്സില്ലാമനസ്സോടെ ഒരു ബൈബിൾക്ലാസ്സിൽ പങ്കെടുക്കവേ വെസ്ലിയുടെ ഹൃദയം അസാധാരണമാംവിധം ചൂടുപിടിച്ചു. അദ്ദേഹം അന്ന് അവിടെവച്ച് യേശുവുമായി വ്യക്തിപരമായ ഒരു ബന്ധത്തിലേക്ക് വന്നു.

തുടർന്ന് വെസ്ലിയുടെ പ്രസംഗങ്ങൾ ജീവനുള്ളതായി ആയിരങ്ങളെ ആകർഷിക്കുവാൻ തുടങ്ങി. പിന്നീട് 50 വർഷങ്ങൾ, 22500 മൈലുകൾ ബ്രിട്ടീഷ്ദ്വീപസമൂഹങ്ങളിൽ കൂടി കുതിരപ്പുറത്ത് സഞ്ചരിച്ച് അദ്ദേഹം നാൽപതിനായിരത്തോളം പ്രസംഗങ്ങൾ നടത്തി. വിശുദ്ധിക്കായി വെല്ലുവിളി ഉയർത്തുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗങ്ങളും ജീവിതവും.വെസ്ലി വ്യക്തിപരമായി യേശുവുമായി ഒരു ബന്ധത്തിലേക്ക് വന്നതാണ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ആകെ വ്യത്യാസപ്പെടുത്തിയത്.

സുഹൃത്തേ, താങ്കളുടെ സ്ഥിതി എന്താണ്? താങ്കൾ ശരിക്കും യേശുക്രിസ്തുവുമായി വ്യക്തിപരമായ ഒരു ബന്ധത്തിൽ വന്നിട്ടുണ്ടോ? ഇല്ലെങ്കിൽ 'ഇപ്പോഴാകുന്നു രക്ഷാദിവസം; ഇപ്പോഴാകുന്നു സുപ്രസാദകാലം'. യേശുവിനെ ഹൃദയത്തിൽ നാഥനും കർത്താവുമായി സ്വീകരിക്കുക. ○